Reg. No. C. 101, M: 2293

ഒററപ്രതിക്ക് 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1125 കുംഭം 1 | ലക്കം 26

## ബാംഗളൂരിലെ സൂനഹദോസിൽ സമ്മേളിച്ച പിതാക്കന്മാരുടെ

# സംയുക്തലേഖനം

സൂനഹദോസിൽ സമ്മേളിച്ച മെത്രാപ്പോലീത്താമാരും മെത്രാന്മാരും പ്രീഫെക്ട് അപ്പസ്തോലിക്കാമാരും മററുവൈദികമേലദ്ധ്യക്ഷന്മാരുമായ ഞങ്ങൾ, മിശിഹായിൽ ഞങ്ങളുടെ സഹോദരന്മാരും മക്കളുമായ ഇടവകപ്പട്ടക്കാർക്കും സന്യാസവൈദികർക്കും മററു സന്യാസാന്തസ്സുകാർക്കും ഞങ്ങളുടെ അധികാരസീമയിലുള്ള വിശ്വാസികൾക്കും സ്വസ്തതയും വാഴ്‌വും.

കുറെനാൾ മുൻപു ഞങ്ങൾ പ്രത്യേകം പ്രത്യേകമായി നിങ്ങളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുകയും ചില ജപങ്ങൾ നിശ്ചയിച്ചു തരികയും ചെയ്തതു് നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ. അടുത്തു തന്നെ കൂടുവാനിരുന്ന സമ്പൂർണ്ണസൂനഹദോസിൻെറമേൽ പരിശുദ്ധാത്മാവിൻെറ സഹായം അപേക്ഷിക്കണമെന്നായിരുന്നു അതിൻെറ ഉദ്ദേശം. ഇൻഡ്യയിലെ തിരുസ്സഭയ്ക്കും വിശ്വാസികൾക്കും ഏററവും പ്രധാനമായ ഒരു സംഭവമാണു് ഈ സൂനഹദോസിൻെറ സമ്മേളനം. അതു വിജയകരമായും സൗഭാഗ്യകരമായും പര്യവസാനിച്ചുവെന്നു് സന്തോഷത്തോടും ദൈവത്തോടുള്ള കൃതജ്ഞതയോടുംകൂടി ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു. ഇനി ഈ സംയുക്ത ഇടയലേഖനം വഴിയായി വൈദികരും വിശ്വാസികളും ഉൾപ്പെട്ട നിങ്ങളുടെ നേർക്കു് ഞങ്ങളുടെ ചിന്തകളെ തിരിക്കട്ടെ.

ക്രിസ്തുമതം ഇൻഡ്യയിൽ അപ്പസ്തോലന്മാരുടെ കാലത്തുതന്നെ ആരംഭിച്ചുവെന്നു് ഇടമുറിയാതുള്ള പാരമ്പര്യം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. കഴിഞ്ഞ രണ്ടായിരം വർഷങ്ങളിൽ ഇൻഡ്യയിലെ തിരുസ്സഭയുടെ ചരിത്രത്തിൽ അനേകം പരിവർത്തനങ്ങളും വൈഷമ്യങ്ങളും ഉണ്ടായിട്ടുണ്ടു്. എന്നാൽ തന്നിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിൻെറ അനുഗ്രഹത്താൽ അവൾ ഒരിക്കലും കൃത്യവിലോപയായിരുന്നിട്ടില്ല. ഏകദേശം അറുപതു കൊല്ലങ്ങൾക്കുമുമ്പു് മഹാനായ 13-ാംലെയോമാർപ്പാപ്പാ ഇൻഡ്യയിൽ വിശുദ്ധ ഹൈരാർക്കി പുനഃസ്ഥാപിച്ചു. കഴിഞ്ഞകാലങ്ങളിൽ ചുരുക്കം ചില പ്രാദേശികസൂനഹദോസുകൾ കൂടിയിട്ടുണ്ടെങ്കിലും ഒരു സമ്പൂർണ്ണസൂനഹദോസ് കൂടിയതു് ഇതാദ്യമായിട്ടാണു്. ഇൻഡ്യയിലെ തിരുസ്സഭയെ നേരിടുന്ന പ്രശ്നങ്ങളെ പഠിക്കുവാൻവേണ്ടി സകല മെത്രാപ്പോലീത്താമാരും മെത്രാന്മാരും പ്രീഫെക്ററ് അപ്പസ്തോലിക്കാമാരും പ്രിലേററുമാരും അതിൽ സമ്മേളിച്ചു. മെത്രാന്മാർ അപ്പസ്തോലന്മാരുടെ നിയമാനുസൃതരായ പിന്തുടർച്ചക്കാരാകുന്നു. തങ്ങളെ ഏല്പിച്ചിട്ടുള്ള വൈദികരേയും വിശ്വാസികളേയും പഠിപ്പിക്കുവാനും ഭരിക്കുവാനും വിശുദ്ധീകരിക്കുവാനുമുള്ള ദൈവദത്തമായ ചുമതല അവർക്കാണുള്ളതു്. ഇന്നു ബാംഗളൂരിൽ നിന്നുള്ള അവരുടെ സ്വരം നമ്മുടെ ഒന്നാമത്തെ അപ്പസ്തോലൻെറതുപോലെതന്നെ നിർവ്യാജവും അധികൃതവുമാകുന്നു.

ഒരു സമ്പൂർണ്ണസൂനഹദോസ് വലിയൊരനുഗ്രഹംതന്നെയാണു്. അതിനു ദൈവം കഴിഞ്ഞാൽ നാം കടപ്പെട്ടിരിക്കുന്നതു് നമ്മുടെ പരിശുദ്ധ പിതാവായ മാർപ്പാപ്പായോടും ഇൻഡ്യയിൽ അവിടത്തെ ഉൽകൃഷ്ടപ്രതിപുരുഷനായിരിക്കുന്ന ഇൻറർനൺഷിയോ തിരുമേനിയോടുമാണു്. ഈ തിരുമേനി ഇത്ര സൗഭാഗ്യകരമായ കാര്യത്തിനുവേണ്ടി ദീർഘകാലമായും ആത്മാർത്ഥമായും പരിശ്രമിച്ചുകൊണ്ടിരുന്നു. പരിശുദ്ധ പിതാവു് ഈ സൂനഹദോസ് സമ്മേളിക്കുവാൻ അധികാരപ്പെടുത്തുക മാത്രമല്ല ചെയ്തതു്, തിരുസ്സഭയിലെ ഒരു കർദ്ദിനാളിനെ, ആസ്ത്രേലിയായിൽ സിഡ്നിയിലെ മെത്രാപ്പോലീത്തയായ അത്യുന്നതകർദ്ദിനാൾ ഗിൽറോയിയെ, തൻെറ പ്രത്യേകപ്രതിനിധിയായി അവിടുന്നു ദയാപുരസ്സരം നിയമിക്കയുമുണ്ടായി. ഈ തിരുമേനി സൂനഹദോസിലെ സകല യോഗങ്ങളിലും അദ്ധ്യക്ഷത വഹിക്കുകയും, മാർപ്പാപ്പായുടെ നാമത്തിൽ സംസാരിക്കുകയും ചെയ്തു.



മാർപ്പാപ്പാ തിരുമേനി ആശീർവ്വാദം നല്കുന്നതിനു മുമ്പായി സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തിയിരിക്കുന്നു.

ഇങ്ങനെ ഞങ്ങളുടെ ജോലി ഇപ്പോൾ പൂർത്തിയായിരിക്കുന്നതുകൊണ്ടു് ഇത്ര വലിയ അനുഗ്രഹത്തിനായി ഞങ്ങൾ ദൈവത്തിനു നന്ദി പറയേണ്ടിയിരിക്കുന്നു. ഈ കൃതജ്ഞതാസ്തോത്രങ്ങളിൽ ഞങ്ങളോടു യോജിക്കുവാൻ നിങ്ങളോടു ഞങ്ങൾ അഭ്യർത്ഥിക്കുന്നു അനേകംദിവസങ്ങൾ പരിശുദ്ധാത്മാവിൻെറ മാർഗ്ഗദർശനത്തോടുകൂടി ഞങ്ങൾ ആലോചനകൾ നടത്തി. നടപടികളുടേയും ചർച്ചകളുടേയും ഓരോ ദശയിലും പരിശുദ്ധാത്മാവിൻെറ സഹായം ഞങ്ങൾ അപേക്ഷിച്ചു. ഒരു ചിന്ത ഞങ്ങളുടെ മനസ്സിൽ പൊന്തിനിന്നിരുന്നു. ദൈവത്തിൻെറ മഹത്വവും തിരുസ്സഭയുടെ ക്ഷേമവും ആത്മാക്കളുടെ രക്ഷയുമായിരുന്നു അതു്.

സൂനഹദോസിലെ തീരുമാനങ്ങളും കല്പനകളും തിരുസിംഹാസനത്തിൽനിന്നു പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതുവരെ ഞങ്ങൾക്കു പരസ്യമാക്കുവാൻ പാടുള്ളതല്ല. അവ യഥാസമയം പരസ്യപ്പെടുത്തിക്കഴിയുമ്പോൾ നിങ്ങൾ, വൈദികരും വിശ്വാസികളും, അവയെ ദൈവഹിതത്തിൻെറ പ്രകാശനമായി സ്വീകരിക്കുമെന്നും, തദനുസരണം നിങ്ങളുടെ ജീവിതത്തെ ക്രമപ്പെടുത്തുമെന്നും ഞങ്ങൾക്കു തീർച്ചയുണ്ടു്.

### വൈദികരോട്

ഇൻഡ്യയിലെ വൈദികർ, സന്യാസവൈദികരും ഇടവകവൈദികരും, ക്രിസ്തുവിൻെറ രാജ്യം വിസ്തൃതമാക്കുവാൻ ചെയ്തിട്ടുള്ള വേലകളെപ്പററി ഞങ്ങൾക്കുള്ള അഭിനന്ദനം ഈ ഇടയലേഖനത്തിൽ പ്രകാശിപ്പിക്കേണ്ടതു് ഞങ്ങളുടെ കർത്തവ്യമായി ഞങ്ങൾ കരുതുന്നു. ഈ രാജ്യത്തിൻെറ പല ഭാഗങ്ങളും നിങ്ങൾ സ്വന്തം വിയർപ്പുകൊണ്ടു നനയ്ക്കുകയും, പ്രാർത്ഥനകളുടേയും പരിത്യാഗങ്ങളുടേയും സുഗന്ധം പൂശി സുരഭിലമാക്കുകയും ചെയ്തിട്ടുണ്ടെന്നു പറയുന്നതിൽ അശേഷം അതിശയോക്തി ഇല്ലതന്നെ. നിങ്ങളുടെ പരിശ്രമങ്ങൾക്കു തക്ക ഫലങ്ങൾ ബാഹ്യമായും ദൃശ്യമായും ഉണ്ടായിട്ടില്ലെങ്കിൽ—ഉണ്ടാകുക അപൂർവ്വമാണു്—ആ പ്രയത്നങ്ങളൊന്നും നഷ്ടപ്പെടുകയോ വിസ്മരിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നു് നിങ്ങൾക്കു ദൃഢമായി വിശ്വസിക്കാം. നിങ്ങൾ പ്രതീക്ഷിക്കുന്ന വിജയം നിങ്ങളുടെ കാലത്തു കൈവരുന്നില്ലായിരിക്കാം; എങ്കിലും ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളെന്നനിലയിൽ നിങ്ങൾ അതിലെ ഉള്ളടക്കവും അതിലെ നിക്ഷേപങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ടു്. നിങ്ങൾ ചെയ്തിട്ടുള്ള ഓരോ പരിശ്രമവും, നിങ്ങൾ സഹിച്ചിട്ടുള്ള ഓരോ പരിത്യാഗവും, നിങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തിയിട്ടുള്ള ഓരോ പ്രാർത്ഥനയും—ഇവ സമസ്തവും ആ മൗതികശരീരത്തിനുള്ളിൽ കുടികൊള്ളുന്നുണ്ടു്; സമസ്തവും

(ശേഷം 12-ാംപേജിൽ)

# മാർത്തോമ്മാശ്ലീഹായും ഫാത്തിമാനാഥയും

(തോമ്മസ് പരുവനാനി, ബി. എ., ബി. ഒ. എൽ.)

സകല നാരകീയ ശക്തികളേയും കീഴടക്കി വിറപ്പിച്ചുകൊണ്ടു തന്റെ വത്സലജനതയായ കേരളീയ ക്രിസ്ത്യാനികളുടെ നാട്ടിൽക്കൂടി സ്വർഗ്ഗീയരാജ്ഞി നടത്തിയ ജൈത്രയാത്ര ഭാരതീയ ക്രൈസ്തവസഭയിലും ഭാരതരാഷ്ട്രത്തിലും ആദ്ധ്യാത്മികപ്രബുദ്ധതയ്ക്കുള്ള ഒരു നവീനാദ്ധ്യായത്തിനു ഉപക്രമമിടുകയാണു ചെയ്തതു്. ഇത്രമാത്രം ഭക്തിസ്നേഹപ്രചുരവും ആഡംബരസമന്വിതവുമായ സ്വീകരണസന്നാഹങ്ങൾ യാതൊരു ശ്രേഷ്ഠസ്ഥാനികളുടേയും ആഗമനവേളകളിൽ കേരളത്തിലൊരിടത്തും ഇതിനു മുൻപെങ്ങും ഉണ്ടായിട്ടില്ലെന്നു ചരിത്രമറിയാവുന്നവരും പഴമപരിചയമുള്ളവരും പറയും. അത്യൗത്സുക്യപൂർവ്വം ഫാത്തിമാനാഥയുടെ ചേതോഹരമായ തിരുസ്വരൂപത്തിനു നല്കപ്പെട്ട രാജകീയസ്വീകരണങ്ങളിൽ ഭാഗഭാക്കാകുവാൻ ഭാഗധേയം സിദ്ധിച്ച കേരളീയ കത്തോലിക്കാ മഹാജനവിഭാഗത്തിലേ ഒരു പിഞ്ചുകുഞ്ഞുപോലും പ്രസ്തുതചടങ്ങുകളുടെ മോടിയും ധാടിയും ഭക്ത്യഭിമാനപുരസ്സരം ഉള്ളോരുകാലമെല്ലാം അനുസ്മരിക്കുകയും ചെയ്യും. അശ്രുതപൂർവ്വങ്ങളായ പ്രസ്തുതസ്വാഗതോത്സവങ്ങളിൽ ശരീരേണ സംബന്ധിക്കുവാൻ സാധിച്ചില്ലെങ്കിലും അനേകം കാതം ദൂരസ്ഥിതരായി വർത്തമാനപ്പത്രങ്ങളും സുഹൃത്സന്ദേശങ്ങളും വഴിമാത്രം അവയുടെ വിവരങ്ങളും വിവരണങ്ങളും ഗ്രഹിക്കുവാൻ സാധിച്ചവരുടെപോലും മതാഭിമാനവും ദിവ്യമാതൃഭക്തിയും എത്രമാത്രം അഗാധസ്പർശിയായി ഉത്തേജിതമായിട്ടില്ല!

തീർത്ഥകകന്യകയ്ക്കു കേരളം നല്കിയ സർവ്വലോകാതിശായി ആയ ബഹുമാനപ്രകടനങ്ങളുടെ സ്മരണ സജീവോജ്ജ്വലമായിരിക്കവേതന്നെ, ഇതാ കഷ്ടിച്ചു മൂന്നാഴ്ച കഴിഞ്ഞപ്പോൾ കന്യാകുമാരിമുതൽ ചിന്നപട്ടണംവരെയുള്ള ഭാരതപൂർവ്വതീരത്തേ ക്രൈസ്തവജനമണ്ഡലങ്ങളിലെല്ലാം ഭൗതികാത്മീയാനുഗ്രഹങ്ങളുടെ നിറകൈ നിവർത്തിയതിനുശേഷം ആ ദിവ്യകന്യക, ഭാരതത്തിന്റെ അപ്പസ്തോലന്റെ രക്തസാക്ഷിത്വത്താൽ വിശേഷോത്തരമായിത്തീർന്നിരിക്കുന്നതും കേരളീയക്രിസ്ത്യാനികളുടെ പുണ്യസ്ഥലവുമായ മൈലാപ്പൂരിൽ മഹാ പ്രതാപവതിയായി എത്തിച്ചേർന്നിരിക്കുന്നു. മാത്രമോ? പത്തൊൻപതു നൂററാണ്ടുകൾക്കുമുൻപു് തക്കതായ ഒരു സംസ്കാരസ്ഥാനത്തിന്റെ അഭാവത്തിൽ പിതൃവിരഹാർത്തരായ മൈലാപ്പൂരിലേ സത്യക്രിസ്ത്യാനികൾ, തങ്ങളുടെ അപ്പസ്തോലൻ വീരചരമം പ്രാപിച്ച "ഋഷിമല"യിൽനിന്നും ഏഴുമൈലകലെയുള്ള സാൻതോം ദേവാലയത്തിൽ അവിടുത്തെ മൃതദേഹം ഭൂവിദാനംചെയ്ത ആ തിരുക്കല്ലറയ്ക്കുള്ളിൽ മാതാവിന്റെ ദൃഷ്ടിമുനകൾ വന്നു പതിയത്തക്കവണ്ണം അതിനു തൊട്ടു മുകളിലായി, ഭദ്രാസനപ്പള്ളിയുടെ "ഹൈക്കലാ"യുടെ നാലുംകൂടിയ സ്ഥാനത്തു് അത്യാകർഷകമാംവണ്ണം സമലംകൃതമായ സ്തംഭവിശേഷത്തിൽ സുശോഭനമായ വൈദ്യുതമേലാപ്പിന്റെ കീഴേ മാതാവു് പ്രതിഷ്ഠിതയാകുന്നു!

ഫാത്തിമാമാതാവു ലോകംമുഴുവൻ ചുററിസ്സഞ്ചരിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കയാണു്. മദ്ധ്യയൂറോപ്പും ആഫ്രിക്കയും കടന്നു് ദിവ്യജനനി ഏഷ്യയിലേ തന്റെ മഹാ പര്യടനം ആരംഭിച്ചിരിക്കുന്നു. പണ്ടു രണ്ടായിരം വർഷം മുൻപു് ഏതൊരു നരകസർപ്പത്തിന്റെ ഉദ്ധതമായ ശിരസ്സിനെ അവിടുന്നു ചവിട്ടിച്ചതച്ചുവോ ആ പാതാളജീവി ഫണമുയർത്തുവാൻ വെമ്പുന്ന രാജ്യങ്ങളിലും—അയോതിരസ്കരണിയുടെ പിന്നിലുള്ള രക്തവിപ്ലവനാടുകളിലും—മാതാവു് തന്റെ ആക്രമപരിപാടിയെ നിർവ്വഹിക്കുമെന്നുവേണം വിചാരിക്കുവാൻ. തന്റെ വത്സലസുതന്റെ "കോമൺവെൽത്തി"ൽ വരേണ്ട സകല "പരമാധികാര" രാഷ്ട്രങ്ങളിലും അവിടുന്നു കയറിയേ അടങ്ങൂ. എന്നാൽ ഈ "കന്യക" ലോകം മുഴുവൻ കൊടിപറപ്പിച്ചുകൊണ്ടു ചുററിയാലും, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളിന്മേൽ അധികാരം നടത്തേണ്ടവരായി തന്റെ ദിവ്യസുതനാൽ പ്രഖ്യാപിതരും സത്യതിരുസ്സഭയുടെ അടിസ്ഥാനസ്തംഭങ്ങളുമായ പന്ത്രണ്ടു ശ്ലീഹന്മാരിൽ എത്രപേരുടെ കബറിടങ്ങൾക്കു മുകളിൽ പാദമൂന്നുവാൻ അവിടുത്തേക്കു സാധിക്കും? ........നിത്യനഗരത്തിലും മൈലാപ്പൂരിലും തീർച്ചയായും. അതേ, തീർത്ഥകകന്യാംബികയ്ക്കു് ഇന്നോളം ലഭിക്കാത്ത ഒരു അപൂർവ്വാവസരമാണു് ഫെബ്രുവരി 11-ാം തീയതി, മാതാവിന്റെ ലൂർദ്ദിലെ പ്രത്യക്ഷീകരണത്തിന്റെ വാർഷികദിനത്തിൽ, സാൻതോം ഭദ്രാസനദേവാലയത്തിൽ സമാഗതമായതു്.

വി. തോമ്മാശ്ലീഹാ ഒരു ദിവസം അന്തർഭാഗം ശൂന്യമായ ഒരു ശവകുടീരത്തിനു മുകളിൽ വിസ്മയസ്തബ്ധനായി നിലകൊള്ളുകയുണ്ടായി. ദൈവമാതാവിന്റെ ചരമോദന്തമറിഞ്ഞു തിടുക്കത്തിൽ സ്വദേശത്തെത്തിയ നമ്മുടെ പിതാവിനു് ദൈവമാതാവിന്റെ ശവകുടീരം തുറന്നു കാണണമെന്നു സ്വതഃസിദ്ധമായ ഒരു ശാഠ്യം. പക്ഷേ, തുറന്നിട്ടെന്തുഫലം? മറിയം സശരീരയായി സ്വർഗ്ഗപ്രവേശംചെയ്തു കഴിഞ്ഞിരുന്നു. എന്നാൽ അന്നത്തെ സന്ദർശനത്തിന്റെ പ്രതിസന്ദർശനമാണിന്നു്—പത്തൊൻപതു നൂററാണ്ടു കഴിഞ്ഞെങ്കിലും, തത്തുല്യമായ സാഹചര്യത്തിൽ. അപ്പസ്തോലന്റെ പൂജ്യാവശിഷ്ടങ്ങൾ ഇപ്പോൾ മൈലാപ്പൂരിലേ തിരുക്കല്ലറയിലില്ല. ഇററലിയിലുള്ള ഫോർട്ടോണാഭദ്രാസനപ്പള്ളിയിലാണു് അവ. (കാർഡിനൽ ഗിൽറോയി തിരുമനസ്സുകൊണ്ടു് അവയ്ക്കു മുകളിൽ ദിവ്യബലിയർപ്പിച്ചിട്ടുണ്ടു്.)

എന്നാൽ, "അവിടുത്തെ അവർ എവിടെയാണു വച്ചിരിക്കുന്നതെ"ന്നു് മഗ്ദലേനായോടൊപ്പം, തോമ്മാശ്ലീഹായുടെ മക്കൾ കബറിടം സന്ദർശിക്കുമ്പോൾ ചോദിച്ചുപോകും! മുകൾഭാഗം തുറസ്സായി അകം വെറുമയായ കല്ലറയാണല്ലോ അതു്. അങ്ങനെ, സെന്തോമസ്സിന്റെ ശൂന്യമായ ശവകുടീരത്തുങ്കൽ, കന്യകാമാതാവിന്റെ സജീവപ്രതിച്ഛായയെന്നോണം ചൈതന്യസൗന്ദര്യപൂർണ്ണമായ ആ തിരുസ്വരൂപം നിർന്നിമേഷമായി നിലകൊള്ളുന്നു!

എന്നാൽ, തിരുക്കബറിടത്തിനു മുകളിൽ പ്രതിഷ്ഠിതയായ മാതാവിനു് ഭാരതശ്ലീഹായുടെ ഭൗതികാവശിഷ്ടങ്ങളുടെ അഭാവം അനിവാര്യമായിരുന്നെങ്കിൽ മറെറാന്നിന്റെ പ്രകടഭാവം തികച്ചും സന്തുഷ്ടിപ്രദമാവാതിരിക്കയില്ല; പള്ളിയകത്തും അങ്കണത്തിലും അന്നു രാത്രി തിങ്ങിക്കൂടിയ മഹാപുരുഷാരത്തിന്റെ പ്രാർത്ഥനാസ്തോത്രങ്ങളുടെ മദ്ധ്യേ ഭദ്രാസനപ്പള്ളിയുടെ ഉന്നതബലിപീഠത്തിൽനിന്നും അവിടുത്തെ ദിവ്യകുമാരന്റെ തിരുശ്ശരീരരക്തങ്ങൾ രാവെളുക്കോളം ഇടവിടാതെ അർപ്പിക്കപ്പെട്ടിരുന്നു. മാതാവിന്റെ ദൃഷ്ടിപഥത്തിലുള്ള തിരുക്കല്ലറയ്ക്കൽതന്നെ സീറോമലബാർ റീത്തിൽ ഒരു പൂജാർപ്പണവും നടന്നു. സ്വർഗ്ഗീയരാജ്ഞിയുടെ തൃക്കൺമുനകൾ മുകളിലും, നാമകാരണനും ശ്ലീഹായുമായ നമ്മുടെ പിതാവിന്റെ പവിത്രപാംസുരേണുക്കൾ താഴെയുമായി അഭൗമികസാഹചര്യങ്ങൾ ഒത്തു സമ്മേളിച്ച ആ മംഗലമുഹൂർത്തത്തിൽ, കാൽവരിയിലേ മഹായജ്ഞം നവീകരിക്കുവാൻ പൗരോഹിത്യത്തിന്റെ അഭഗ്നമുദ്ര പതിഞ്ഞിട്ടു് ഇനിയും തന്നാണ്ടു തികയാത്ത നന്ദിനിർഭരമായ ഹൃദയത്തോടേ പുണ്യസ്ഥാനത്തു നിലകൊള്ളുമ്പോൾ ഒരുവനിലുണ്ടാകുന്ന ചേതോവികാരങ്ങൾ വിവരിക്കേണ്ടതില്ലല്ലോ. ബെല്ലക്കിന്റെ പദപ്രയോഗങ്ങളെ ഉപജീവിച്ചു പറഞ്ഞാൽ, കേരളത്തേയും "നൂററാണ്ടുകളേയും അപ്പോൾ ഞാൻ അനുസ്മരിച്ചു."

ആരോഗ്യപംക്തി

# രോഗനിവാരണം

(എ. വി. തോമസ്, ബോംബെ)

ആരോഗ്യരക്ഷാനിയമങ്ങളെ പാലിക്കാതിരിക്കുകയും ആരോഗ്യശാസ്ത്രവിധികളെ അവഗണിക്കുകയും ചെയ്യുന്നതുകൊണ്ടാണു് നാം രോഗവിധേയരായിത്തീരുന്നതു്. സാധാരണയായി ജനങ്ങൾ രോഗവിമുക്തരായിരിക്കുമ്പോൾ ആരോഗ്യത്തെപ്പററി ചിന്തിക്കുകയോ അതിന്റെ നഷ്ടത്തിൽ വരാവുന്ന വിപത്തിനെ ഭയപ്പെടുകയോ ചെയ്യാറില്ല. രോഗിയായിത്തീരുന്ന ഒരു മനുഷ്യൻ തനിക്കും മററുള്ളവർക്കും ഒരുപോലെ ഭാരമായിത്തീരുന്നു. അവൻ തന്റെ ആവശ്യങ്ങൾ സ്വയം നിറവേററുന്നതിനു് അപ്രാപ്തനായിത്തീരുന്നതിനാൽ അവന്റെ പരിചരണത്തിനു മററുള്ളവരുടെ കഴിവും സമയവും വിനിയോഗിക്കേണ്ടിവരുന്നു. മാത്രമല്ല പല രോഗങ്ങളും പകരുന്നവയാകയാൽ രോഗി വീട്ടുകാർക്കും അയൽക്കാർക്കും ആപത്തിനു കാരണമായും തീരുന്നു. ചികിത്സയ്ക്കു വേണ്ടിവരുന്ന ധനവ്യയത്തെപ്പററി പറയേണ്ടതില്ലല്ലോ. അതിനാൽ രോഗവിമുക്തനായി ജീവിക്കുന്നവൻ നാട്ടിനും വീട്ടിനും ഒരു വലിയ സേവനമാണു ചെയ്യുന്നതെന്നു പറയേണ്ടിയിരിക്കുന്നു.

ശരീരത്തെ ശുചിയായും ബലവത്തായും സൂക്ഷിക്കേണ്ടതും ആരോഗ്യത്തെ സംരക്ഷിക്കേണ്ടതും ഒരു മനുഷ്യന്റെ കർത്തവ്യങ്ങളിൽ പ്രഥമഗണനീയമായ ഒന്നത്രേ. ആരോഗ്യനിയമങ്ങളെ ലംഘിക്കുന്നതിനാൽ രോഗം ബാധിക്കുന്നു. സാധാരണക്കാർ അരോഗികളായിരിക്കുമ്പോൾ ആരോഗ്യത്തെപ്പററി ചിന്തിക്കാറില്ല. രോഗം ബാധിച്ചു ആരോഗ്യം ഇങ്ങിനിവരാതവണ്ണം നഷ്ടപ്പെട്ടശേഷമാണു തങ്ങളുടെ ശരീരത്തെ സൂക്ഷിക്കേണ്ടതെങ്ങനെയെന്നു് അവർ ചിന്തിക്കുവാൻ തുടങ്ങുന്നതു്. ഇതു കതിരിൽ വളംവയ്ക്കുന്നതുപോലെ ഉപയോഗശൂന്യമാണെന്നു പറയേണ്ടല്ലോ.

ഒരുവന്റെ ആരോഗ്യസംരക്ഷണം അവന്റെ ജനനത്തിനു മുമ്പുതന്നെ തുടങ്ങേണ്ടിയിരിക്കുന്നു എന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയായി ചിലർ വിചാരിച്ചേക്കാം. എന്നാൽ അതൊരു പച്ചപ്പരമാർത്ഥം മാത്രമാണു്. ശിശു ജനിക്കുന്നതിനു മുമ്പുതന്നെ അതിന്റെ ആരോഗ്യത്തിനുവേണ്ട മുൻകരുതലുകൾ ചെയ്യേണ്ടിയിരിക്കുന്നു. ദുർബലന്മാരും രോഗികളുമായ മാതാപിതാക്കന്മാരിൽനിന്നും ജനിക്കുന്ന ശിശുക്കൾക്കു് പ്രായേണ ആരോഗ്യം ഉണ്ടായിരിക്കയില്ല. അതിനാൽ നാളത്തെ തലമുറ അരോഗവും ബലവത്തും ആയിരിക്കണമെങ്കിൽ ഇന്നത്തെ മാതാപിതാക്കന്മാർ ആരോഗ്യവാന്മാരും ബലവാന്മാരും ആയിരിക്കണം.

മനുഷ്യശരീരത്തെ ഒരു യന്ത്രത്തോടു് ഉപമിക്കാം. യന്ത്രം ശരിയായി ദീർഘനാൾ പ്രവർത്തിക്കണമെങ്കിൽ അതിനു നിശ്ചിതഘട്ടങ്ങളിൽ എണ്ണ ഇടുകയും ഓരോ ഭാഗവും ശരിയായി പരിശോധിച്ചു് അപ്പഴപ്പോൾ വേണ്ട അററകുററപ്പണികൾ ചെയ്യുകയുംവേണം. ഏതാണ്ടും ചില നിയമങ്ങൾ നിഷ്കർഷമായി പാലിച്ചാൽ നമ്മുടെ ശരീരത്തേയും രോഗവിമുക്തമായി സൂക്ഷിക്കാവുന്നതും ജീവിതദൈർഘ്യം വർദ്ധിപ്പിക്കാവുന്നതും ആണു്.

ഭക്ഷണപാനീയങ്ങളിൽ സൂക്ഷ്മുണ്ടായിരിക്കയെന്നതാണു് ആരോഗ്യപാലനത്തിനു് ആവശ്യമായ ഒരു സംഗതി. ഭക്ഷണസാധനങ്ങൾ ശരീരപോഷണത്തിനു് ഉതകുന്നവയായിരിക്കണം. കേവലം രുചിക്കുമാത്രംവേണ്ടി അമിതമായി ഭക്ഷിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. അമിതാഹാരംകൊണ്ടു് ആരോഗ്യം നഷ്ടപ്പെടുത്തിയിട്ടുള്ളവർ അനേകമാണു്. മദ്യപാനാസക്തിയും മനുഷ്യന്റെ ആരോഗ്യത്തെ നഷ്ടപ്പെടുത്തുന്ന ഒരു വലിയ ശത്രുവാണെന്നു പലരുടേയും അനുഭവം തെളിയിക്കുന്നുണ്ടല്ലോ.

സൂര്യപ്രകാശവും ശുദ്ധവായുവും ആരോഗ്യസംരക്ഷണത്തിനു് അത്യന്താപേക്ഷിതമാണു്. സൂര്യരശ്മിയിൽനിന്നും ലഭ്യമാകുന്ന ചില ജീവകങ്ങൾ മനുഷ്യന്റെ ഓജസ്സും ഉന്മേഷവും വർദ്ധിപ്പിക്കുന്നു. ആഫീസുമുറികളുടെ അന്തർഭാഗത്തു് അധികസമയവും ചിലവഴിക്കുന്നവർ കുറേസമയമെങ്കിലും സൂര്യപ്രകാശവും ശുദ്ധവായുവും ഉള്ള തുറസ്സായ സ്ഥലങ്ങളിൽ ചിലവഴിക്കുവാൻ ശ്രദ്ധിക്കണം. കാലത്തും വൈകുന്നേരവും വീടുകളുടെ വാതിലുകളും ജനലുകളും തുറന്നിട്ടു് സൂര്യരശ്മികളെ അകത്തു കടത്തണം. സൂര്യരശ്മിയേററു് പല രോഗാണുക്കളും നശിച്ചുപോകുമെന്നു് ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. രാത്രി ഉറങ്ങുമ്പോൾ മുറികളിൽ വായുസഞ്ചാരം ശരിക്കുണ്ടാകുന്നതിനുവേണ്ടി ജനലുകൾ നന്നായി തുറന്നിടണം.

ശരീരം എപ്പോഴും ശുചിയായി സൂക്ഷിക്കേണ്ടതും ആരോഗ്യസംരക്ഷണത്തിനു് ആവശ്യമാണു്. ദിവസേന കാലത്തും വൈകുന്നേരവും കുളിക്കുന്നതു് ശരീരത്തിൽ പററുന്ന മലിനസാധനങ്ങളെ ബഹിഷ്കരിക്കുന്നതിനു് ഉപകരിക്കുമെന്നു പറയേണ്ടല്ലോ. മാത്രമല്ല അതു ശരീരത്തിനു കൂടുതൽ സുഖവും ഉന്മേഷവും നല്കുന്നു. വെളിയിൽ സഞ്ചരിച്ചിട്ടുവരുമ്പോൾ മുഖവും കൈകാലുകളും കഴുകുന്ന ഒരു പതിവു് നമ്മുടെ നാട്ടിൻപുറങ്ങളിൽ നടപ്പുണ്ടല്ലോ. ശരീരത്തെ ശുചിയായി സൂക്ഷിക്കുന്നതിനും സഹായിക്കുന്ന ഒന്നാണിതെന്നു പറയേണ്ടതില്ല.

ശരീരത്തിനു ശരിയായ വ്യായാമം നൽകേണ്ടതും ആരോഗ്യപാലനത്തിനു് ഒഴിച്ചുകൂടാത്തതാണു്. ശരിയായി വ്യായാമം ചെയ്യുന്നതിനു ശ്രദ്ധിക്കാത്ത പലരുടേയും ശരീരം ഒരു ഭാരമായിത്തീരുന്നതു നാം പലപ്പോഴും കാണാറുണ്ടു്. ദിവസേന കാലത്തോ വൈകുന്നേരമോ നിശ്ചിതരീതിയിലുള്ള വ്യായാമങ്ങൾ ചെയ്യുന്നതുമൂലം പല രോഗങ്ങളേയും അകററിനിർത്തുവാൻ സാധിക്കും.

വിഷദ്രവ്യങ്ങളും രോഗാണുക്കളും ശരീരത്തിനകത്തു കടക്കാതെ സൂക്ഷിക്കയെന്നതാണു് ആരോഗ്യപാലനത്തിനുവേണ്ടി ചെയ്യേണ്ട മറെറാരു കാര്യം. നാം കഴിക്കുന്ന ഭക്ഷണത്തിലും കുടിക്കുന്ന പാനീയങ്ങളിലും ശ്വസിക്കുന്ന വായുവിലും കൂടിയാണു് ഇവ സാധാരണ നമ്മുടെ ഉള്ളിൽ കടക്കുന്നതു്. ഭക്ഷണസാധനങ്ങൾ തണുത്തുപോകാതെ ചൂടോടെ ഭക്ഷിക്കണം. വെള്ളം തിളപ്പിച്ചു് ആററി കുടിക്കണം. മലിനവസ്തുക്കൾ ഗൃഹപരിസരങ്ങളിൽ കൂടിക്കിടന്നു ചീഞ്ഞു് അന്തരീക്ഷം മലിനമാക്കാതിരിക്കാൻ ശ്രദ്ധിക്കണം.

രോഗനിവാരണത്തിനുവേണ്ട കാര്യങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം:- തുറസ്സായസ്ഥലത്തു ജീവിക്കുക; ശുദ്ധവായു ധാരാളം ശ്വസിക്കുക; ശുദ്ധജലം കുടിക്കുക; നല്ല ആഹാരം മിതമായി ഭക്ഷിക്കുക; ആഹാരസാധനങ്ങളിൽ ഈച്ച കയറാതെ വയ്ക്കുക; ആരോഗ്യകരമായ സ്ഥലത്തു വസിക്കുക; ഗൃഹവും പരിസരങ്ങളും ശുചിയായി സൂക്ഷിക്കുക; വസ്ത്രങ്ങൾ വൃത്തിയായിരിക്കുവാൻ ശ്രദ്ധിക്കുക; ധാരാളം വ്യായാമം ചെയ്യുക.

## തീവണ്ടിയിൽ ബലിയപ്പിക്കാം

തീർത്ഥകസംഘങ്ങളോടുകൂടി യാത്രചെയ്യുന്ന വൈദികർക്കു് തീവണ്ടിയിൽ വി. കുർബാന ചൊല്ലുന്നതിനു് "കൂദാശകളുടെ തിരുസംഘം" അനുമതി നല്കിയിരിക്കുന്നു. പക്ഷെ മുക്കാൽ മണിക്കൂർ നേരമെങ്കിലും തീവണ്ടി നില്ക്കുകയാണെങ്കിൽമാത്രമേ ഈ ആനുകൂല്യം ഉപയോഗപ്പെടുത്തുവാൻ പാടുള്ളുവെന്നു് തിരുസംഘം പ്രത്യേകം പ്രസ്താവിക്കുന്നുണ്ടു്.

## നിര്യാതയായി

### തെരേസാന്യൂമന്റെ മാതാവു്

ബവേറിയായിലെ അത്ഭുതചരിതയായ തെരേസാന്യൂമന്റെ മാതാവു് അന്ന ന്യൂമൻ 77-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

ചെറുകഥ

# പൊരുത്തുകാരൻ

(ജയിംസ് കെ. സി. മണിമല)

1

അന്നുമുതൽ നാട്ടിൻപുറങ്ങളിലെ ചെറുപ്പക്കാരുടെ ഇടയിൽ ഒരു സംസാരം പടന്നു. "പള്ളിയിൽ ഹൾസാരിക്കാരുടെ എണ്ണം ഒന്നുകൂടെയായല്ലോ."

"അതെന്താ അത്ഭുതമാണോ? കോട്ടാചരക്കിൽ വില കുറച്ചുകിട്ടും."

"എന്നാലും അവൾക്കിതിനാവശ്യമില്ലായിരുന്നു."

"പിന്നെ വെറുതെയൊന്നുമല്ല. അതിനൊക്കെക്കാര്യമുണ്ട്."

"അതെന്താ?" "ആ കിണാറുകരെ അങ്ങനെ അവളെ നോക്കി ഒരാൾ നില്ക്കുന്നതു കണ്ടിട്ടില്ലേ? ഇടച്ചാണ്ടിച്ചേട്ടൻറെ കൂടെ." അങ്ങനെ പലതും പലരും. തലയിൽ വെള്ളക്കാലു വീശിത്തുടങ്ങിയ ചില സ്ത്രീകളുടെ അഭിപ്രായഗതിക്കു വ്യത്യാസമുണ്ട്.

"അമ്പ ആ മാത്തൻറെ പെണ്ണ്. അവളുടെ അഹങ്കാരം. പൊന്മനശ്ശേരിലെ പെങ്കുഞ്ഞുങ്ങളെപ്പോലെയല്ല അവളുടെയും ഉടുകെട്ട്."

"നേരാ എൻറെ മാമ്മി. ചുടത്തി; ഒന്നുടെ പറ. മാത്തനു് ഇതിനു തക്കതുപോലെ എന്താണ്ടിരിക്കുന്നോ?"

"അവൾ ഇങ്കിളീഷുമൊക്കെ പഠിച്ചതാ. പെമ്പിള്ളേരെ പഠിപ്പിച്ചാ തറഫാന്തിപ്പോകും."

"കല്യാണമൊക്കെ എങ്ങാണ്ടു പറയുന്നുണ്ടല്ലോ. എടച്ചാണ്ടിച്ചേട്ടൻ എന്നും പോക്കുവരവുണ്ട്." അങ്ങനെ ആ തൊഴിലില്ലാത്ത സമ്മേളനത്തിൽ പ്രമേയങ്ങൾ മാറി മാറി അവതരിക്കും.

ആരു് എന്തും പറഞ്ഞുകൊള്ളട്ടെ. മാത്തനു് അതിൽ പരിഭവമില്ല. തൻറെ മകളുടെ ഭാഗ്യത്തെപ്പററി ചിന്തിക്കുമ്പോൾ അയാൾ മറെറല്ലാം മറക്കും. പോരെങ്കിൽ ഒരിക്കൽ ചാണ്ടിച്ചേട്ടൻ പറഞ്ഞു; കുഞ്ഞമ്മയെ കല്യാണം കഴിക്കാൻ സാധിക്കയില്ലെങ്കിൽ ആ യുവാവു് മിഷനുപോകയാണെന്നു്. ആ പിതാവിൻറെ അഭിമാനം വാത്സല്യത്തിലെ കണ്ണെത്താവളവുകളിലേക്കു പറന്നു. അതിനുശേഷം മകളുടെ സൗന്ദര്യസമ്പത്തിനെ അയാൾ തന്നെത്താൻ സ്തുതിക്കാറുണ്ടു്.

മാത്തൻ ആ പുരയിടത്തിൽ തനിക്കുള്ള അവകാശം എഴുതിക്കൊടുത്തു, 2400 രൂപയ്ക്കു്. 1500 അപ്പഴേ മാററിവച്ചു; സ്ത്രീധനത്തുകയായിട്ട്. ആഭരണങ്ങൾ 640 രൂപയ്ക്കെടുത്തു! ഹൾസാരി രണ്ടുമൂന്നെണ്ണം ഒന്നാംതരത്തിൽ വാങ്ങി. തൻറെ മകൾക്കുവേണ്ടി എത്ര രൂപാ വേണമെങ്കിലും ചിലവാക്കാൻ ആ പിതൃഹൃദയത്തിനുണ്ടോ വൈരസ്യം.

കല്യാണമൊന്നു നടന്നുകഴിഞ്ഞാൽ പിന്നെ സമ്പന്നനായ ജാമാതാവു് തന്നെ സഹായിക്കാതിരിക്കയില്ലെന്നു് അയാൾക്കു് ദൃഢബോധ്യമുണ്ടു്. പോരെങ്കിൽ ചാണ്ടിച്ചേട്ടൻ അക്കാര്യം ആവർത്തിച്ചാവർത്തിച്ചു ഉറപ്പുപറയുകയും ചെയ്യുന്നു. അയാളെ അവിശ്വസിക്കയെന്നതു് അന്നാട്ടിലെ ഭൂരിപക്ഷം ജനങ്ങൾക്കും അനുഭവത്തിനു യോജിച്ചതുമല്ല.

പ്രതീക്ഷകൾ നിറഞ്ഞ ദിവസങ്ങൾ അങ്ങനെ ഇഴഞ്ഞിഴഞ്ഞു മാറി. കല്യാണുറപ്പിക്കൽ! വിവാഹാലോചനാനാടകത്തിൻറെ ഭരതവാക്യമെന്നപോലെ അങ്ങനെ ഒരു ചടങ്ങുണ്ടു്. അതിനുവേണ്ടിയാണു് മാത്തൻ വരൻറെ ഗൃഹം ആദ്യമായി സന്ദർശിക്കുന്നതു്. കുടുംബത്തിലെ കാരണവന്മാർ ആരെങ്കിലുംകൂടിവേണം കല്യാണമുറപ്പിക്കേണ്ടതു് എന്നുള്ളതു് പരമ്പരാഗതമായ ഒരാചാരമാണു്. പക്ഷെ ഈ വിവാഹാലോചന അധികം ആരും അറിയരുതെന്നു് ചാണ്ടിച്ചേട്ടനു് നിർബന്ധമുണ്ടു്. അതിനാൽ അയാളും മാത്തനും മാത്രമായിരുന്നു ഈ ദൗത്യവിവാഹിക സമിതിയിലെ അംഗങ്ങൾ.

അവർ യഥാസമയം ഉദ്ദിഷ്ടഭവനത്തിൽ ചെന്നെത്തി. ഗെയിററു കടന്നപ്പോഴെ മാത്തൻ പറഞ്ഞു: "ഇവർ പൊന്മനശ്ശേരിക്കാരെക്കാൾ സ്വത്തുകാരാണല്ലോ."

"ആവശ്യമില്ലാതെ ഒന്നും സംസാരിക്കണ്ടാ. പറയാനുള്ളതൊക്കെ ഞാൻ പറഞ്ഞുകൊള്ളാം." ചാണ്ടിച്ചേട്ടൻ ചില ശാസനങ്ങൾ നൽകി.

സാധാരണ അപരിചിതരായ അതിഥികൾ എന്ന നിലയിൽ കവിഞ്ഞുള്ള സ്വീകരണമൊന്നും അവർക്കവിടെ ലഭിച്ചില്ല. മാത്തനു് അതിൽ പരിഭവമില്ല. എങ്കിലും ചാണ്ടിച്ചേട്ടനു് അല്പം ഇച്ഛാഭംഗം ഉണ്ടു്.

തങ്ങളുടെ ആഗമനോദ്ദേശം അവർ അറിഞ്ഞുകഴിയുമ്പോൾ ഭാവമൊക്കെ മാറുമെന്നാണു് അയാളുടെ പ്രതീക്ഷ.

"നിങ്ങൾ എവിടെനിന്നു വരുന്നു?" ആ ഗൃഹസ്ഥൻ ചോദിച്ചു.

"ശ്യാമപുരത്തുനിന്നു്." ചാണ്ടിച്ചേട്ടൻ അനുക്ഷണം ഉത്തരം പറഞ്ഞു.

"തൊട്ടപുഴെ നിങ്ങൾക്കു ചാർച്ചക്കാരാരെങ്കിലുമുണ്ടോ?"

"ഹെയ് ഇല്ല." ചാണ്ടിച്ചേട്ടൻ പ്രതിഷേധിച്ചു.

"പിന്നെ വെറുതെയിവിടെ വന്നെന്നേയുള്ളോ?"

"അല്ല, ഒരത്യാവശ്യസംഗതിയെപ്പററി ആലോചിക്കാനുണ്ടായിരുന്നു." കാര്യത്തിൻറെ മുഖവുര.

"ആരോട്, എന്നോടോ?"

"അതെ."

"എന്നാൽ പറയാമല്ലോ. എന്തിനു താമസിക്കുന്നു?"

"അല്പം ആഹാരം വല്ലതും കഴിച്ചിട്ടാവട്ടെ എന്നു കരുതിയാണു്." അയാൾ ആചാരമര്യാദകൾ ഒന്നു് അനുസ്മരിപ്പിച്ചു.

മാത്തൻ ഈ അവസരത്തിൽ അഗാധമൗനം ഭജിക്കുകയാണു്. "ആ മനുഷ്യൻ ഒന്നും സംസാരിക്കാത്തതെന്താണു?" ഗൃഹനാഥൻറെ ചോദ്യം കേട്ടു് അയാൾ ഒന്നു ഞെട്ടി.

"ഓ നിങ്ങളു തമ്മിൽ കാര്യം പറഞ്ഞുതീരണ്ടതു് എന്നാ കേറിപ്പറയാനാന്നു കരുതി ഇരുന്നതാണേ!" അയാൾ സവിനയം പ്രതിവചിച്ചു. ഗൃഹനാഥൻ—അതിഥികൾക്കു ഭക്ഷണം തയാറാക്കുവാൻവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായിരിക്കാം—തൽക്കാലം ആ രംഗത്തുനിന്നു മാറി.

"ഛേ! ബന്ധുക്കാരാകാൻപോകുന്ന ഒരാളോടു് ചത്തമാതിരി പറയുന്നതു് കണിയാൻ പ്രവേശിച്ചതാണോ?" ചാണ്ടിച്ചേട്ടൻ മാത്തൻറെ വിവരക്കേടു് ചൂണ്ടിക്കാണിച്ചു. അയാൾ അപരാധസമ്മതഭാവത്തിൽ നമ്രമുഖനായിരുന്നതേയുള്ളു.

ഭക്ഷണം കഴിഞ്ഞു. പ്രത്യേകവിധമായ വിഭവസമൃദ്ധിയൊന്നും അവർക്ക് അവിടെ അനുഭവപ്പെട്ടില്ല.

"ഇവിടെയൊക്കെ ഇങ്ങനെയായിരിക്കാം." മാത്തൻ സ്നേഹിതൻറെ ചെവിയിൽ പറഞ്ഞു.

"ഇതുവരെ നമ്മളെ അറിഞ്ഞിട്ടില്ല. ചെറുക്കൻ ഇവിടെയുണ്ടായിരുന്നേൽ ഇതൊന്നുമല്ലായിരുന്നു." തികഞ്ഞ മറുപടി.

"ഇനി നിങ്ങൾ പറയാനുള്ളതു് പറയണം. എനിക്കു് ഒരു വഴിക്കു പോകാൻ തിരക്കായിരിക്കുന്നു." ഗൃഹനാഥൻ ഒരു അതിമനിർദ്ദേശമെന്നപോലെ പറഞ്ഞു.

"നമ്മുടെ ചെറുക്കനല്ലേ ഞങ്ങളുടെ നാട്ടിൽ ബാങ്കേഷണ്ടായിരിക്കുന്നതു്." ചാണ്ടിച്ചേട്ടൻ പീഠികയിൽ കടന്നു. "ആ കൊച്ചനു് ഒരു കല്യാണമുറപ്പിക്കാൻ വന്നതാണു് ഞങ്ങൾ. അവനുമായി എല്ലാം പറഞ്ഞു തീരുമാനിച്ചുകഴിഞ്ഞു. ഇനി കാർന്നോരുടെ അനുവാദം കിട്ടിയാൽമതി."

"അങ്ങനെയാണെങ്കിൽ അതിനു് എൻറെയനുമതിയല്ല ആവശ്യമായിരിക്കുന്നതു്?" വികാരരഹിതമെങ്കിലും അനല്പമായ ആശ്ചര്യഭാവത്തിലുള്ള മറുപടി.

"പിന്നെയാരുടെയാണു്?" ഇടക്കാരൻ സഹാസം ചോദിച്ചു. ആയിരം മധുരഭാവനകളെ താലോലിച്ചുകൊണ്ടു് മാത്തൻ അടുത്ത മറുപടി പ്രതീക്ഷിച്ചിരുന്നു. അവിടെ നടക്കുന്ന മായാവിദ്യകളുടെ മർമ്മം ഗ്രഹിക്കാതെ ആ ഗൃഹനാഥൻ കുഴങ്ങി. എങ്കിലും കാര്യത്തിൻറെ സൂക്ഷ്മഗതി ഗ്രഹിക്കാതെ അദ്ദേഹം സംഭ്രാന്തനായില്ല.

"ഇവിടെ ഒരു പെൺകുട്ടിയുണ്ടു്; അവളോടു ചോദിക്കണം".

"അതെന്താ അങ്ങനെ?" അതിഥികൾ രണ്ടും ഒരേസ്വരത്തിൽ ചോദിച്ചു.

"അവൾ അവൻറെ ഭാര്യയായതുകൊണ്ടുതന്നെ."

* * *

അടുത്തദിവസം ദീപികയിലെ ശ്യാമപുരം റിപ്പോർട്ടിൽ ഇങ്ങനെ ഒരു വാർത്ത കണ്ടു:

"വില്ലേജ് ബാങ്കിൻറെ സ്ഥലം ബ്രാഞ്ചിലെ ഏജൻറ് മി. സി. ജെ. മാത്യു, വിവാഹിതനായ അദ്ദേഹം മറെറാരു യുവതിയുമായി പ്രണയബന്ധത്തിലേർപ്പെട്ടിരിക്കുന്നു എന്നും മററും അപവാദം പറഞ്ഞു പരത്തിയതിനു ഇടച്ചാണ്ടിച്ചേട്ടൻ എന്നറിയപ്പെടുന്ന സ്ഥലത്തെ പ്രമുഖനായ ഒരു വിവാഹദല്ലാളിൻറെ പേരിൽ മാനനഷ്ടക്കേസ് ഫയൽചെയ്തിട്ടുള്ളതായറിയുന്നു."

— —


## കുരുമുളകിൻറെ വിലക്കയററം

മുളകിൻറെ വർദ്ധിച്ച വില സാമ്പത്തികമായി നിങ്ങളിൽ പലരേയും മെച്ചമാക്കിയിട്ടുണ്ടു്. എന്നാൽ നിങ്ങൾ സമ്പാദിച്ച പണത്തിൻറെ ഏതാനും ഭാഗം ഭാവിയിലേയ്ക്കുവേണ്ടി കരുതിവയ്ക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കും.

നിങ്ങളുടെ പണം സുരക്ഷിതമായും ആദായകരമായും ആവശ്യത്തിന്നു എടുക്കത്തക്കവിധത്തിലും നിക്ഷേപിക്കുന്നതിനുള്ള സൗകര്യമുണ്ടു്.

ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവ.

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, പെരുമ്പാവൂർ


വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

### XIII

ദൃഢപ്രതിജ്ഞ / ക്രമാശാലകങ്ങൾ

പാപത്തെക്കുറിച്ചുള്ള പശ്ചാത്താപം ആത്മാർത്ഥമാകണമെങ്കിൽ ഭാവിയിൽ പാപം ചെയ്യുകയില്ലെന്നും, പാപഹേതുക്കളെ പരിവർജ്ജിക്കുന്നതാണെന്നും ദൃഢമായ പ്രതിജ്ഞ ചെയ്യണം. അനുതാപത്തിൻറെ ആത്മാർത്ഥത അളന്നറിയാനുള്ള മാനദണ്ഡമാണു് ഈ പ്രതിജ്ഞ. പാപരഹിതമായ ജീവിതം നയിക്കുവാനുദ്ദേശമില്ലെങ്കിൽ പാപത്തെക്കുറിച്ചു ദുഃഖമുണ്ടെന്നു പറയുന്നതു വെറും നാട്യമായിരിക്കും. പാപത്തിൽനിന്നൊഴിഞ്ഞു ജീവിച്ചുകൊള്ളാമെന്നു മനസ്സിലുറയ്ക്കുന്നതു സ്വന്തം കഴിവുകളെ മാത്രം ആശ്രയിച്ചല്ല; പ്രത്യുത ദൈവത്തിൻറെ കൃപാവരസഹായത്തിലുള്ള ആശ്രയബോധം സർവ്വോപരി മുൻനിറുത്തിക്കൊണ്ടാണു്.

പ്രസ്തുത പ്രതിജ്ഞ അചഞ്ചലമായിരിക്കണം. പാപംമൂലം ദൈവത്തെ ദ്രോഹിക്കുന്നതിനെക്കാൾ എന്തു ത്യാഗവും സഹിക്കുവാൻ — ജീവനെപ്പോലും ഹോമിക്കുവാൻ— നാം സന്നദ്ധരായിരിക്കണം. ജീവിതനവീകരണാർത്ഥം ദൃഢപ്രതമെടുത്തിരിക്കുന്നവർ പറയുന്നതിങ്ങനെയാണു്: "ഈശ്വരസഹായത്താൽ ഞാനൊരിക്കലും പാപത്തിലുൾപ്പെടുകയില്ലെന്നു സർവ്വാത്മനാ ഉറച്ചിരിക്കയാണു്. ഞാൻ ബലഹീനനാണു്. പക്ഷെ, എനിക്കറിയാം ദൈവം സർവ്വശക്തനാണെന്നു്; എന്നെ താങ്ങുവാൻ അവിടുന്നു സദാ സന്നദ്ധനാണെന്നു്. വി. പൗലോസിനോടൊപ്പം ഞാനും പറയുന്നു, എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്കു എല്ലാം സാദ്ധ്യമാണെന്നു്." പ്രലോഭനങ്ങളോടെതിരിടുന്നതിൽ അവൻ എല്ലായ്പോഴും ജാഗ്രതായിരിക്കും; ഈശ്വരസഹായാർത്ഥം അവൻ സദാപി തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കയും ചെയ്യും.

മനസ്താപത്തെപ്പോലെതന്നെ പാപപരിവർജ്ജനാർത്ഥമുള്ള പ്രതിജ്ഞയും സകല പാപങ്ങളെയും സംബന്ധിക്കുന്നതായിരിക്കണം. ഒന്നൊഴിയാതെ എല്ലാ ചാവുദോഷങ്ങളും വിട്ടകന്നുകൊള്ളാമെന്നായിരിക്കണം ആ ദൃഢവ്രതം. ശാവൂൽ രാജാവു അമലെക്കായരോടു യുദ്ധത്തിനു പുറപ്പെട്ടപ്പോൾ, ശത്രുജനത്തെയെല്ലാം കൊന്നൊടുക്കയും, കന്നുകാലികളെയെല്ലാം നശിപ്പിക്കയും, വസ്തുവകകളൊക്കയും ചുട്ടെരിക്കയും ചെയ്യണമെന്നു ദൈവം അദ്ദേഹത്തോടാജ്ഞാപിക്കയുണ്ടായി. ശാവൂലാകട്ടെ അഗാഗ് രാജാവിനേയും മററു പലരേയും വധശിക്ഷയിൽനിന്നൊഴിവാക്കി; വിലപിടിച്ച ഒട്ടേറെ മൃഗങ്ങളേയും സാമാനങ്ങളേയും നശിപ്പിക്കാതെ കാത്തു സൂക്ഷിച്ചു. പല പാപികളും ശാവൂലിനെ അനുകരിക്കുന്നവരായുണ്ടു്. ഒട്ടേറെ പാപങ്ങളും പാപസാഹചര്യങ്ങളും പരിവർജ്ജിക്കുവാൻ അവർ സന്നദ്ധരാണു്. എന്നാൽ ചിലദുശ്ശീലങ്ങളും, ആപൽക്കരമായ മൈത്രീബന്ധങ്ങളും പ്രതികാരമനോഭാവങ്ങളും വേണ്ടെന്നുവയ്ക്കുവാൻ അവർ ഒരുക്കമില്ല. ഈശ്വരനേയും പിശാചിനേയും ഒരേസമയത്തു പ്രീണിപ്പിക്കാനാണു അവരുടെ ബുദ്ധിശൂന്യമായ പരിശ്രമം. ശാവൂലിൻറെ ഗതിയായിരിക്കും അവർക്കും വന്നു ഭവിക്കുക.

പ്രതിജ്ഞ ഫലപ്രദവുംകൂടിയായെങ്കിലേ അതു യഥാർത്ഥമാകയുള്ളു. പാപത്തിൽ ഉൾപ്പെടാതെ ജീവിക്കുവാൻ വേണ്ടുന്ന മാർഗ്ഗങ്ങൾ നാം നിഷ്കർഷാപൂർവ്വം അവലംബിക്കണം. പാപം കൂടാതെ ജീവിക്കുവാനൊരുങ്ങുന്നവൻ ആദ്യമായി ചെയ്യേണ്ടതു പാപഹേതുക്കളെ സസന്തോഷം ഉപേക്ഷിക്കയാണു്. ആകയാൽ പാപത്തിനടുത്ത ചുററുപാടുകളെ പരിവർജ്ജിപ്പാനുള്ള സന്നദ്ധത പാപം ചെയ്കയില്ലെന്നുള്ള പ്രതിജ്ഞയുടെ ഒരവശ്യവ്യവസ്ഥയാണു്. പാപവൃത്തിയിലേക്കാകർഷിക്കുന്ന ആളുകൾ, സ്ഥലങ്ങൾ, വിനോദങ്ങൾ, മനോഭാവങ്ങൾ ആദിയായവയാണു പാപഹേതുക്കൾ. അമിതമായ മദ്യപാനത്തിനുള്ള കാരണം മദ്യപന്മാരായ സ്നേഹിതന്മാരുമായുള്ള സമ്പർക്കമാണെന്നു സങ്കല്പിക്കുക. അമിതപാനം ഉപേക്ഷിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞ സഫലമാകണമെങ്കിൽ അതിനു പ്രേരണ നല്കുന്ന കൂട്ടുകാരുടെ സഹവാസം വർജ്ജിക്കുവാൻ അയാൾ ഒരുക്കമായിരിക്കണം. തീ കൈയിലെടുത്തിട്ടു കൈപൊള്ളാതെ നോക്കിക്കൊള്ളാമെന്നു ആരെങ്കിലും വ്യാമോഹിക്കുമോ? അപകടത്തെ താലോലിക്കുന്നവർ അതിനാലെ നശിച്ചുപോകുമെന്നാണല്ലോ വേദവാക്യം.

പാപഹേതുക്കളെ ഉപേക്ഷിക്കുന്നതുപോലെതന്നെ പാപംമൂലം ഇതരന്മാർക്കുളവായിട്ടുള്ള നാശനഷ്ടങ്ങൾ ആവുംവിധം പരിഹരിപ്പാനും അനുതാപി ഒരുക്കമുള്ളവനായിരിക്കണം. നാം ചെയ്തിട്ടുള്ള പരദ്രോഹങ്ങൾക്കു കഴിവനുസരിച്ചു പരിഹാരംചെയ്യുവാൻ നമുക്കൊരുക്കമില്ലെങ്കിൽ ജീവിതനവീകരണാർത്ഥമുള്ള നമ്മുടെ പ്രതിജ്ഞയ്ക്കു എന്തർത്ഥമാണുള്ളതു്! ഉത്തരിപ്പുകടം തീർക്കുവാനുള്ള മനഃസ്ഥിതിയില്ലെങ്കിൽ പാപസങ്കീർത്തനം നിഷ്ഫലമായിത്തീരുമെന്നു പറയുന്നതിൻറെ ന്യായം ഇതാണു്.

പാപസങ്കീർത്തനത്തിനണയുന്ന പാപവിമോചനാർത്ഥിയുടെ മനോഭാവം എവ്വിധമായിരിക്കണമെന്നുള്ളതിൻറെ പ്രത്യക്ഷോദാഹരണമാണു ധൂർത്തപുത്രൻറെ ഉപമ. ആത്മാർത്ഥമായ അനുതാപത്തിൻേറയും അചഞ്ചലമായ പ്രതിജ്ഞയുടേയും യഥാർത്ഥലക്ഷണങ്ങൾ അതിൽ തെളിഞ്ഞുകാണാം. (പി. കെ.)

# ഭിക്ഷുവായ പ്രഭാഷകൻ

(വാഗീസ് കാഞ്ഞിരത്തുങ്കൽ)

ബ്രദർ റെഡ്ഢിയെപ്പററി കേട്ടിട്ടുള്ളതല്ലാതെ അദ്ദേഹത്തെ കാണാൻ അന്നുവരെ എനിക്കു തരപ്പെട്ടിരുന്നില്ല. അദ്ദേഹത്തെ ഒന്നു കാണാൻവേണ്ടിത്തന്നെയാണ് ഞാൻ ആ മഹായോഗത്തിനു പോകാമെന്നു വച്ചതു്. അഞ്ചാറു മൈൽ ദൂരം യാത്രചെയ്ത്, ഒരു വിൻസെൻറു ഡി പോൾ സമ്മേളനത്തിൽ സംബന്ധിക്കാൻ പോകുന്ന എന്റെ ബുദ്ധിശൂന്യതയെപ്പററി എന്റെ യുവസ്നേഹിതന്മാർക്കു പലതും പറയാനുണ്ടായിരുന്നു. അശോക് മേത്തയെ കാണാൻ എട്ടൊൻപതു മൈൽ യാത്രചെയ്ത "ബുദ്ധിമാന്മാരാ"യിരുന്നു അവരിൽ പലരും. ഒരു മൂന്നാംകിട രാഷ്ട്രീയ പ്രവർത്തകൻപോലുമല്ലാത്ത ബ്ര. റെഡ്ഢിയെ കാണാൻപോകുന്ന എന്റെ മൗഢ്യത്തിൽ അവർക്കെങ്ങനെ അനുകമ്പ തോന്നാതിരിക്കും!

സമ്മേളനം ആരംഭിക്കുന്നതിനു വളരെ മുമ്പേ ഞാൻ സ്ഥലത്തെത്തി. സമ്മേളനശാലയുടെ വരാന്തയിൽ കയറി നില്ക്കാമെന്നു വച്ച് ഞാനങ്ങോട്ടു നടന്നു. വല്ല പരിചയക്കാരെയും കണ്ടുപിടിച്ച് ബ്രഃ റെഡ്ഢിയെപ്പററി കിട്ടാവുന്നിടത്തോളം വിവരങ്ങൾ ശേഖരിക്കണമെന്നും എനിക്കുദ്ദേശമുണ്ടായിരുന്നു. എന്റെ ഒരു പൂർവ്വസ്നേഹിതൻ അതാ അവിടെ നില്ക്കുന്നു!

മീററിംഗ് തുടങ്ങുന്നതിനുമുമ്പ് ബ്രഃ റെഡ്ഢിയെ ഒന്നു കാണാൻ സാധിക്കുമോ എന്ന് സുഹൃൽസംഭാഷണങ്ങൾക്കിടയ്ക്ക് ഞാൻ സ്നേഹിതനോടു ചോദിച്ചു. അല്പം മുമ്പ് ബ്ര. റെഡ്ഢി ആ വഴിക്ക് കടന്നുപോകുന്നതു കണ്ടെന്നു സ്നേഹിതൻ പറഞ്ഞപ്പോൾ എന്റെ ജിജ്ഞാസ വർദ്ധിച്ചു. ഞങ്ങൾ രണ്ടാളുംകൂടി അദ്ദേഹം കടന്നുപോയ വഴിയേ നടന്നു.

വരാന്തയുടെ പടിഞ്ഞാറേ മൂലയിൽ നില്ക്കുന്ന ഒരു മനുഷ്യൻ! നല്ല ഇരുണ്ട നിറം, തടിച്ചിട്ടില്ലെങ്കിലും സാമാന്യം സ്ഥൂലിച്ച ശരീരം, കറുത്തു നീണ്ട താടിമീശ, പുറകിൽ കെട്ടിവച്ചിരിക്കുന്ന തലമുടി. കീറിപ്പറിഞ്ഞ ഒരു ഡബിൾമുണ്ട് ചുററിയുടുത്തിരിക്കുന്നു. ഒരു തോൾപലകയുടെ വശം മുഴുവൻ കീറി, പോക്കററു തൂങ്ങിക്കിടക്കുന്ന കൈയില്ലാത്ത ഒരു പുറംചട്ട, അതിനു മീതെ ഒരു ചെറിയ തോർത്തു പുതച്ചിരിക്കുന്നു. കഴുത്തിൽ, വീതികൂടിയ തട്ടുകളോടുകൂടിയ ഒരു വലിയ ഉത്തരീയം, ചരടിൽ കോർത്തിട്ടിരിക്കുന്ന ഒരു വലിയ ക്രൂശിതരൂപം. ആകെക്കൂടി ഒരു ഭിക്ഷുവിനു ചേർന്ന വേഷവും ഭാവവും.

"അതാണ് ബ്രദർ പീററർ റെഡ്ഢി." സ്നേഹിതൻ പറഞ്ഞു.

"അങ്ങനെയോ! ഇദ്ദേഹത്തെ ഞാൻ നേരത്തെ കണ്ടതാണല്ലോ, ഞാൻ പള്ളിയിലേക്കു പോകുമ്പോൾ പള്ളിയിൽനിന്നിറങ്ങി പുറത്തേക്കു പോകുന്നതു്! ഇതാണ് പീററർ റെഡ്ഢിയെന്നു ഞാൻ ലേശവും കരുതിയില്ല." ഞാൻ പറഞ്ഞു.

"എന്താ, പീററർ റെഡ്ഢി എം. എ., എൽ. ററി. നിങ്ങളുടെ സങ്കല്പത്തിൽനിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു, അല്ലേ? ഇതു പോലൊരു പീററർ റെഡ്ഢിയെ നിങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല, ഉവ്വോ?" എന്റെ മുഖഭാവം സൂക്ഷിച്ചശേഷം സ്നേഹിതൻ ചോദിച്ചു.

"ഞാൻ കേട്ടിരുന്ന പീററർ റെഡ്ഢിയിൽനിന്നും ഇതും ഇതിലപ്പുറവും പ്രതീക്ഷിക്കാവുന്നതായിരുന്നു. പക്ഷേ ആ ഫ്രാൻസിസ്കൻ ധർമ്മഭിക്ഷുവിനെ തിരിച്ചറിയുവാനുള്ള വിനയവും വിവേകവും എനിക്കില്ലാതെ പോയതിലാണ് ഞാൻ കുണ്ഠിതപ്പെടുന്നതു്."

"അതു് താങ്കൾക്കുമാത്രം സംഭവിച്ച ഒരു കുറവായി കരുതണ്ട. അദ്ദേഹത്തെ ആദ്യം കണ്ടപ്പോൾ ഞാനും തെററിദ്ധരിച്ചുപോയി. അദ്ദേഹത്തിനു് ഒരരക്കിറുക്കുണ്ടോ എന്നുപോലും ഞാൻ സംശയിക്കയുണ്ടായി. സാമാന്യക്കാർക്കൊക്കെ അങ്ങനെ തോന്നാവുന്നതല്ലേ?" സ്നേഹിതൻ എന്റെ അഭിപ്രായം ആരാഞ്ഞു.

"അസീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ ജീവിതാദർശം മനസ്സിലാക്കിയിട്ടില്ലാത്തവർക്ക്, പീററർ റെഡ്ഢിയെപ്പോലുള്ളവരുടെ ജീവിതം ഒരു കിറുക്കായി തോന്നാവുന്നതാണ്. പരമാർത്ഥത്തിൽ അതു് ഒരുതരം കിറുക്കുതന്നെയല്ലേ? — ആദ്ധ്യാത്മികമായ ഒരുതരം കിറുക്ക്! സ്വർഗ്ഗോന്മുഖമായ ഒരുതരം ഉന്മാദം. സമ്പന്നനായ പീററർ ബെർണാർഡിന്റെ പുത്രനെ, കുഷ്ഠരോഗികളോടു ചങ്ങാത്തം കൂടുവാനും കൂലിവേല ചെയ്യാനും തെരുവുതെണ്ടുവാനും പ്രേരിപ്പിച്ചതു് ആ കിറുക്കല്ലേ? വിൻസെൻറു ഡി പോൾ സഖ്യം സ്ഥാപിക്കുവാൻ തീവ്രശ്രമം ചെയ്ത ഫ്രെഡറിക്ക് ഓസാനാമും, ഇഗ്നേഷ്യസ് ലയോളായുടെ വാക്കുകേട്ട് സർവ്വകലാശാലയിലെ പ്രൊഫസ്സറുദ്യോഗം വലിച്ചെറിഞ്ഞിട്ട് സന്യാസസഭയിൽ ചേർന്നു, മിഷനറിയായി ഇൻഡ്യയിലേക്കു കപ്പൽകയറിയ ഫ്രാൻസിസ് സേവ്യറും ഒരു വിധത്തിൽ പറഞ്ഞാൽ കിറുക്കന്മാരല്ലേ? മൊളോക്കായിലെ കുഷ്ഠരോഗികൾക്കുവേണ്ടി ജീവിച്ച്, ഒടുവിൽ കുഷ്ഠരോഗം പിടിച്ചു മരിച്ച ഫാദർ ഡാമിയനും, കാൽക്കത്തായിലെ അഗതികളുടെ അഭ്യുന്നതിക്കായി ആയുരന്തം പ്രയത്നിച്ച ദീനബന്ധു പീററർ



ബ്രദർ പീററർ റെഡ്ഢി

ക്ലേവറും കിറുക്കന്മാരല്ലെങ്കിൽ, പിന്നെ ആരാണ്? ദക്ഷിണഭാരതത്തിലെ മിഷൻപ്രസ്ഥാനത്തെ ജീവരക്തം നൽകി പുനരുജ്ജീവിപ്പിച്ച വിശുദ്ധ ജോൺ ഡി ബ്രിട്ടോയും, ഇംഗ്ലണ്ടിലെ ചാൻസലർസ്ഥാനവും രാജപ്രീതിയും തൃണവൽഗണിച്ച്, താടിമീശ തടവിക്കൊണ്ടു സുസ്മേരവദനനായി ആരാച്ചാരുടെ വാളിനെ അഭിമുഖീകരിച്ച തോമസ്സ് മൂറും കിറുക്കന്മാർതന്നെയല്ലേ? ക്രൈസ്തവസഭാചരിത്രത്തിൽ ആകർഷകരമണീയമായ അദ്ധ്യായങ്ങൾ വിരചിച്ച ധർമ്മധീരരായ രക്തസാക്ഷികളും കിറുക്കന്മാരുടെ പട്ടികയിൽ പെടുന്നവരല്ലേ? ദാരിദ്ര്യാംബികയുടെ മണവാളനായ അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനെ അനുകരിച്ച് വ്രതകർക്കശവും ത്യാഗോജ്ജ്വലവുമായ വിരക്തജീവിതം നയിക്കുന്ന ഫ്രാൻസിസ്കൻ ധർമ്മസഹോദരന്മാരും "നിർദ്ധനക്ലാര"മാരും "ശുദ്ധ കിറുക്ക"ല്ലേ കാണിക്കുന്നതു്?

പക്ഷേ നാം കിറുക്കന്മാരെന്നു പുച്ഛിക്കുന്ന ആ "ബുദ്ധിശൂന്യന്മാരുടെ" ദൃഷ്ടിയിൽ നമ്മുടെ സ്ഥിതിയെന്താണ്? അവരുടെ വീക്ഷണകോണത്തിൽ നമ്മളാണ് മുഴുക്കിറുക്കന്മാർ; കുടിമൂത്തഭ്രാന്തന്മാർ. നൈമിഷികമായ മായികസുഖങ്ങളുടെ പിൻപേ കടിഞ്ഞാണില്ലാത്ത പടക്കുതിരകളെപ്പോലെ പായുന്ന നാം വാസ്തവത്തിൽ ഭ്രാന്തന്മാർതന്നെയല്ലേ? ഇന്നോ നാളെയോ ചീഞ്ഞളിഞ്ഞ്, മണ്ണോടു മണ്ണാകേണ്ട ശരീരത്തിനു "ചിരംജീവിതം" ലഭിക്കുവാൻ, "നിചാചിന്റെ കുരുന്നു" വരെയുള്ള മരുന്നുകൾ തേടിപ്പോകുന്ന നാം ഭ്രാന്തന്മാരല്ലെങ്കിൽ പിന്നെയാരാണ്?"

"അതേ, നാം തന്നെയാണ് സാക്ഷാൽ ഭ്രാന്തന്മാർ" എന്റെ സ്നേഹിതൻ ഒരു മന്ദഹാസത്തോടെ പറഞ്ഞു.

"നിങ്ങളുടെ ആവേശപൂർവ്വമായ പ്രസംഗം ഞാൻ കൗതുകത്തോടെ ശ്രദ്ധിക്കയായിരുന്നു. ശ്രോതാവായി ഞാൻ മാത്രമേയുള്ളല്ലോ എന്നു കുണ്ഠിതപ്പെടാതെയുമിരുന്നില്ല." സ്നേഹിതൻ എന്നെ അല്പം കളിയാക്കാൻ തുടങ്ങി.

എനിക്കും അതു ശരിയാണെന്നു തോന്നി. സംഭാഷണത്തിലെ സാമാന്യമര്യാദകൾ ലംഘിച്ച്, സ്നേഹിതനു മിണ്ടുവാൻ അവസരംപോലും കൊടുക്കാതെ, പ്രസംഗശൈലിയിൽ ഞാൻ കുറേയേറെ സംസാരിച്ചുപോയിട്ടുണ്ട്.

"എന്റെ പ്രസംഗം നിങ്ങളെ നല്ലവണ്ണം മുഷിപ്പിച്ചു അല്ലേ?"

"ഒരിക്കലുമില്ല. നല്ലവണ്ണം രസിപ്പിച്ചു."

"വളരെ ഉപകാരം. ആവട്ടെ, ബ്രദർ റെഡ്ഢിയെപ്പററി ചിലകൂടുതൽ വിവരങ്ങൾ ഗ്രഹിക്കുവാൻ എന്താവഴി? ആരെ സമീപിച്ചാൽ കിട്ടും? സംഭാഷണത്തിന്റെ ഗതി ഒന്നു തിരിച്ചുവിടുവാൻ വേണ്ടി ഞാൻ ചോദിച്ചു. "വികാരിയച്ചനെ കണ്ടാൽ ചില വിവരങ്ങൾ കിട്ടിയേക്കും." സ്നേഹിതൻ പറഞ്ഞു.

"അങ്ങനെതന്നെ. ജോലിത്തിരക്കില്ലെങ്കിൽ നമുക്കദ്ദേഹത്തെ കണ്ടു കുറച്ചു സംസാരിക്കണം."

ഞങ്ങൾ രണ്ടുപേരുംകൂടി വികാരിയച്ചന്റെ മുറിയിൽ ചെന്നു. സ്നേഹിതൻ എന്നെ വികാരിയച്ചനു പരിചയപ്പെടുത്തിക്കൊടുത്തു. ഞങ്ങളുടെ സന്ദർശനോദ്ദേശം അദ്ദേഹത്തെ അറിയിച്ചു. മീററിംഗിന്റെ ചുമതല മുഴുവൻ അസിസ്റ്റന്റിയച്ചൻ ഏററിരിക്കുന്നതുകൊണ്ട് അദ്ദേഹത്തിനു തത്സംബന്ധമായ ഭാരമൊന്നുമില്ലെന്നും കുറെ സമയം സംസാരിക്കുന്നതിനു തടസ്സമില്ലെന്നും അദ്ദേഹം പറഞ്ഞു. ഞങ്ങൾ സംഭാഷണം ആരംഭിച്ചു.

"ബ്രഃ റെഡ്ഢിയുടെ പൂർണ്ണവിവരങ്ങൾ എനിക്കു കിട്ടിയിട്ടില്ല. സ്വജീവിതരഹസ്യം വെളിപ്പെടുത്തുന്നതിൽ വിനയശാലികൾക്കെല്ലാമുള്ള വൈമുഖ്യം അദ്ദേഹത്തിനുമുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ പരിചിതന്മാരിൽനിന്നും മററുമായി ഞാൻ ശേഖരിച്ചിട്ടുള്ള ചില വിവരങ്ങൾ നിങ്ങളെ അറിയിക്കുവാൻ എനിക്കു സന്തോഷമേയുള്ളൂ."

"അദ്ദേഹം ഏതു നാട്ടുകാരനാണ്?"

"അദ്ദേഹത്തിനിപ്പോൾ സ്വദേശമോ സ്വന്തഭവനമോ ഇല്ലെന്നുതന്നെ പറയാം. അദ്ദേഹം ഒരു നിത്യസഞ്ചാരിയാണ്. ഒരു വലിയ പിച്ചച്ചിരട്ട, കുറെ പുസ്തകങ്ങൾ, ഒരു കൊന്ത ഇതൊക്കെയാണദ്ദേഹത്തിന്റെ സ്വത്തു്. അവയെല്ലാം ഒരു ഭാണ്ഡത്തിലാക്കി എപ്പോഴും കൂടെക്കൊണ്ടുപോവുകയും ചെയ്യും."

"അദ്ദേഹത്തിന്റെ ജന്മനാടേതായിരിക്കുമോ?" എന്റെ സ്നേഹിതൻ ചോദിച്ചു.

"അദ്ദേഹം ജന്മനാ ഒരു തെലുഗനാണ്. അതായതു്, തെലുങ്ക് മാതൃഭാഷയായിട്ടുള്ള ആൾ. പക്ഷേ ഇന്നു് തമിഴും അദ്ദേഹത്തിനു് മാതൃഭാഷപോലെ സ്വാധീനമാണ്. ജനിച്ചതു് ഹിന്ദുമതത്തിൽ. "റെഡ്ഢി" എന്നുള്ളതു് അദ്ദേഹത്തിന്റെ ജാതിനാമമാണെന്നാണു പറയുന്നതു്."

"കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ അദ്ദേഹത്തിനു പ്രചോദനം ലഭിച്ചതെങ്ങനെയായിരിക്കുമോ?" ഞാൻ ചോദിച്ചു.

"മി. റെഡ്ഢി, ഹിന്ദുമതത്തിൽനിന്നു നേരിട്ടു കത്തോലിക്കാ വിശ്വാസം സ്വീകരിക്കയല്ല ഉണ്ടായതു്. ആദ്യം അദ്ദേഹം പ്രോട്ടസ്റ്റൻറു സഭയിലാണു ചേർന്നതു്. "സാധുസുന്ദരസിംഗ്" എന്ന പ്രോട്ടസ്റ്റൻറു സന്യാസിയുടെ ജീവിതമാതൃകയാണ് മി. റെഡ്ഢിയെ പ്രോട്ടസ്റ്റൻറു സഭയിലേക്കാകർഷിച്ചതെന്നു പറയപ്പെടുന്നു."

"അന്നും അദ്ദേഹം ഒരാദർശപ്രേമിയും സത്യാന്വേഷിയുമായിരുന്നെന്നു തെളിയുന്നുണ്ടല്ലോ."

"തീർച്ചയായും." വികാരിയച്ചൻ തുടർന്നു.

"അതുകൊണ്ടുതന്നെയാണല്ലോ കത്തോലിക്കാസഭയിലേക്കു വിശ്വാസപരിവർത്തനം നടത്തുവാൻ അദ്ദേഹം പ്രേരിതനായതും. മി. റെഡ്ഢിയെ കത്തോലിക്കാസഭയിലേക്കാനയിച്ചതു് അസീസിയിലെ വിശുദ്ധ ഫ്രാൻസിസ് ആണെന്നു പറഞ്ഞാൽ തെററാവുകയില്ലെന്നു തോന്നുന്നു. ഒരു പ്രോട്ടസ്റ്റൻറായിരുന്നപ്പോൾത്തന്നെ, അസീസിയുടെ സ്വരം അദ്ദേഹം ശ്രവിക്കുന്നുണ്ടായിരുന്നു. അങ്ങനെ അസീസിയിലെ വിശുദ്ധനെപ്പററി കൂടുതൽ കൂടുതൽ പഠിക്കുവാനിടയായതോടെ, ആ ധർമ്മവീരാഗ്രണിയുടെ ജീവിതാദർശങ്ങൾ അദ്ദേഹത്തെ കൂടുതൽ കൂടുതൽ അഭ്യാകർഷിച്ചു. അതിന്റെ ഫലമോ? ഫ്രാൻസിസ്കൻ മാതൃകയിൽ സ്വജീവിതം മുഴുവൻ ഉടച്ചുവാർക്കുകയും, വിശുദ്ധ ഫ്രാൻസിസുമായി കഴിയുന്നിടത്തോളം താദാത്മ്യം പ്രാപിക്കുകയും ചെയ്യണമെന്നുള്ള കലശലായ ഒരു അഭിനിവേശം അദ്ദേഹത്തിൽ ശക്തി പ്രാപിച്ചു. ആ അഭിവാഞ്ഛയുടെ പൂർത്തീകരണമാണ് ബ്രഃ റെഡ്ഢിയിൽ ഇന്നു നാം കാണുന്നതു്. അതിനുവേണ്ടി അദ്ദേഹമൊരു കത്തോലിക്കനായി. ഫ്രാൻസിസ്കൻ മൂന്നാംസഭയിലെ അംഗമായി. ഇപ്പോഴിതാ പ്രൊഫസ്സർജോലി രാജിവച്ച് ഭിക്ഷാടനവും സ്വീകരിച്ചിരിക്കുന്നു. കോളെജിലായിരുന്നപ്പോഴും അവധിക്കാലത്ത് അദ്ദേഹം ഭിക്ഷാടനത്തിനുപോകുമായിരുന്നെന്നു കേട്ടിട്ടുണ്ട്. പ്രൊഫസ്സർ റെഡ്ഢിക്ക് സെൻട്രൽ ബാങ്കിൽ ഒരു നല്ല സംഖ്യ നിക്ഷേപവും ഓഹരി ഉടമസ്ഥതയും ഉണ്ടായിരുന്നു. ആ തുകയുടെ അവസാനത്തെ കാശുവരെ അദ്ദേഹം സാധുക്കൾക്കുവേണ്ടി ചെലവഴിച്ചിട്ട്, ഇപ്പോഴിതാ സാധുക്കളിൽ സാധുവായി നാട്ടുനീളെ സഞ്ചരിക്കുന്നു."

"അദ്ദേഹം പ്രൊഫസ്സറായിരുന്നതു് ഏതു കോളെജിലായിരുന്നച്ചോ?"

"പാളയംകോട്ട സെൻറു സേവ്യേഴ്സ് കോളെജിൽ ചരിത്രം, ധനതത്വശാസ്ത്രം, രാജ്യതന്ത്രം ഈ വിഷയങ്ങളുടെ പ്രൊഫസ്സറായിരുന്നദ്ദേഹം. അതിനുമുമ്പ് അദ്ദേഹം ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു."

"അദ്ദേഹത്തിന്റെ ദൈനംദിനപരിപാടികളെന്തൊക്കെയാണ്?" സ്നേഹിതൻ ചോദിച്ചു.

"ഒരു യഥാർത്ഥ ഫ്രാൻസിസ്കൻ ധർമ്മഭിക്ഷുവിന്റെ ജീവിതപരിപാടികൾതന്നെ. പ്രാർത്ഥന, ഭിക്ഷാടനം, ആതുരസേവനം, മിഷൻപ്രവർത്തനം, മതപ്രസംഗങ്ങൾ, അങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ പരിപാടികൾ."

"വാഴ്വിനു രണ്ടാം മണി അടിക്കട്ടേ?" കപ്യാർ വികാരിയച്ചന്റെ മുറിയിലേക്കു കടന്നുവന്നു.

"അടിച്ചുകൊള്ളൂ. ഞാനിതാ പള്ളിയിലേക്കു വന്നുകഴിഞ്ഞു. അസിസ്റ്റന്റിയച്ചൻ മീററിംഗിന്റെ കാര്യങ്ങളിലായതുകൊണ്ട് വാഴ്വു് നടത്താൻ അദ്ദേഹത്തിനു സൗകര്യപ്പെടുകയില്ലല്ലോ" വികാരിയച്ചൻ കപ്യാരോടു പറഞ്ഞു.

"എന്നാൽ ഞങ്ങളും ഇറങ്ങുന്നു. വളരെ ഉപകാരം." ഞങ്ങൾ യാത്രപറഞ്ഞു പിരിഞ്ഞു.

മീററിംഗിനു സമയമായി. യോഗശാല ജനനിബിഡമായിക്കഴിഞ്ഞു. സ്നേഹിതനും ഞാനും അടുത്തടുത്തുതന്നെ സ്ഥലംപിടിച്ചു. പ്ലാററുഫോമിന്റെ ഒരൊഴിഞ്ഞ മൂലയിൽ രണ്ടു കൈയും തലയ്ക്കുതാങ്ങി അധോമുഖനായിരിക്കുന്ന ആളാണ് പീററർ റെഡ്ഢി.

പ്രൊഫസ്സർ റെഡ്ഢിയുടെ ഒരു പൂർവ്വശിഷ്യൻ തന്നെയായിരുന്നു സ്വാഗതപ്രസംഗകൻ. ബിരുദധാരിയായ ആ യുവാവ് ഗുരുവിന്റെ അന്യാദൃശമായ അദ്ധ്യാപനപാടവം, അഗാധമായ പാണ്ഡിത്യം, ആദർശസുരഭിലമായ പരിത്യാഗജീവിതം മുതലായവയെപ്പററി സ്വാനുഭവങ്ങളുദ്ധരിച്ച് ഹൃദയസ്പർശകമായരീതിയിൽ പ്രസംഗിച്ചു.

ബ്ര. റെഡ്ഢി പ്രസംഗിക്കുവാൻ എഴുന്നേററു. സദസ്സ് നിശ്ചലമായി ആ അത്ഭുതവാഗീശനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പ്ലാററുഫോമിന്റെ മദ്ധ്യത്തിലേക്കു നീങ്ങിനിന്നു് ശാന്തഗംഭീരമാ

(ശേഷം 9-ാം പേജിൽ)

ബോസ്കോബാലരംഗം

# പ്രാർത്ഥനയും പ്രായശ്ചിത്തവും

പ്രിയ കുഞ്ഞുങ്ങളേ,

ഇക്കഴിഞ്ഞ ഡിസംബർ 24-ാംനു, പിറവിത്തിരുനാളിന്റെ തലേദിവസം, ആണല്ലോ വിശുദ്ധവത്സരം ഉദ്ഘാടനം ചെയ്യപ്പെട്ടതു്. വിശുദ്ധവത്സരം ഔദ്യോഗികമായി ആരംഭിക്കുന്നതിനെ സൂചിപ്പിക്കുന്നതിനുവേണ്ടി മാർപ്പാപ്പാതിരുമേനി വി. പത്രോസിന്റെ ദേവാലയത്തിന്റെ വാതിൽ, സ്വർണ്ണം പൂശിയ ഒരു വെള്ളിച്ചുററികകൊണ്ടു മുട്ടിത്തുറന്നു. ആ ചുററികയുടെ ഇരുവശങ്ങളിലുമായി പ്രാർത്ഥന, പ്രായശ്ചിത്തം എന്നീ വാക്കുകൾ കൊത്തിയിരുന്നു. വിശുദ്ധവത്സരം പ്രത്യേകിച്ചും പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ഒരു കാലഘട്ടമാണു് എന്നതിനെ സൂചിപ്പിക്കുന്നതിനുവേണ്ടിയാണു് ആ വാക്കുകൾ ചുററികയിൽ ലേഖനം ചെയ്തിരുന്നതു്.

വിശുദ്ധവത്സരം ഉദ്ഘാടനം ചെയ്തതിന്റെ തലേദിവസം, ഡിസംബർ 23-ാംനു, പരിശുദ്ധപിതാവു് ഒരു റേഡിയോ പ്രസംഗം ചെയ്തു. പശ്ചാത്തപിക്കുക, പരിഹാരം ചെയ്യുക, പരസ്പരം ക്ഷമിക്കുക എന്നത്രെ അവിടുന്നു തദവസരത്തിൽ നമ്മെ ഉദ്ബോധിപ്പിച്ചതു്. കഴിഞ്ഞ വർഷത്തിൽ പരിശുദ്ധപിതാവു്, 1950 വിശുദ്ധവത്സരമായി പ്രഖ്യാപിച്ചുകൊണ്ടു് ഒരു വിശ്വലേഖനം പ്രസിദ്ധംചെയ്യുകയുണ്ടായി. നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുക, നമ്മുടെ ജീവിതം നവീകരിച്ചു് ക്രിസ്തീയതത്വങ്ങൾക്കു യോജിച്ചതാക്കിത്തീർക്കുക, മാർപ്പാപ്പാ തിരുമേനിയുടെ ഉദ്ദേശ്യങ്ങൾ സഫലമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുക എന്നിത്യാദി കാര്യങ്ങൾക്കു വിശുദ്ധവത്സരത്തിൽ സർവ്വാപരി പ്രാധാന്യം കല്പിക്കണമെന്നു ആ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു.

പ്രിയ കുഞ്ഞുങ്ങളേ, ഇപ്പോഴിതാ നോമ്പുകാലവും ആരംഭിച്ചിരിക്കുന്നു. നമ്മുടെ കർത്താവു് തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പു് 40 ദിവസം തപസ്സുചെയ്യുകയുണ്ടായല്ലോ. അതിനെ അനുസ്മരിച്ചുകൊണ്ടു് പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തപ്രവൃത്തികൾക്കുമായി വിനിയോഗിക്കേണ്ട ഒരു കാലഘട്ടമാണിതു്. അങ്ങനെ നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റേയും മരണത്തിന്റേയും ഓർമ്മ യഥാവിധി കൊണ്ടാടുന്നതിനു് നാം ഒരുങ്ങുകയും ചെയ്യേണ്ടിയിരിക്കുന്നു. ആകയാൽ, വിശുദ്ധവത്സരത്തിലെ ഈ നോമ്പുകാലത്തു നമുക്കു കൂടുതലായി പ്രാർത്ഥിക്കാം, പ്രായശ്ചിത്തമനുഷ്ഠിക്കാം. കുഞ്ഞുങ്ങളായ നിങ്ങളുടെ പ്രാർത്ഥന ദൈവത്തിനു കൂടുതൽ സ്വീകാര്യമായിരിക്കുമെന്നു ഓർപ്പിച്ചുകൊള്ളുന്നു.

ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണു നാം വിശേഷാൽ പ്രാർത്ഥിക്കേണ്ടതു്? കഴിഞ്ഞവർഷം പരിശുദ്ധ പിതാവു് പ്രസിദ്ധപ്പെടുത്തിയ വിശ്വലേഖനത്തിൽ തിരുമനസ്സുകൊണ്ടുതന്നെ ഇതിനു സമാധാനം നല്കിയിട്ടുണ്ടു്. ഒന്നാമതായി, നാംതന്നെ നല്ലവരായി ജീവിക്കുന്നതിനാവശ്യമായ ദൈവാനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കണം. രണ്ടാമതായി, തിരുസ്സഭയുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കണം. അതായതു്, തിരുസ്സഭയുടെ നേർക്കുള്ള ഭക്തി എല്ലാവരിലും ദൃഢമൂലമാകുന്നതിനും, ചതിപ്രയോഗങ്ങൾക്കും പീഡനങ്ങൾക്കുമെതിരായി സഭയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും, സഭയ്ക്കുപുറമേയുള്ളവർ സഭാമാതാവിന്റെ മടിയിലേക്കു പിന്തിരിഞ്ഞുവരുന്നതിനുംവേണ്ടി പ്രാർത്ഥിക്കണം. മൂന്നാമതായി, നമ്മുടെ കർത്താവു് ജനിച്ചുവളർന്ന പരിശുദ്ധ ഭൂമിയായ പലസ്തീനയിൽ യഹൂദന്മാരും അറബികളും തമ്മിലുള്ള കലഹങ്ങൾ അവസാനിച്ചു് അവിടെ സമാധാനം സ്ഥാപിതമാകാൻ വേണ്ടി പ്രാർത്ഥിക്കണം. നാലാമതായി, സാമൂഹ്യപ്രശ്നങ്ങൾക്കു നിവാരണമുണ്ടാകാൻ വേണ്ടി, അതായതു സമുദായത്തിലെ വിവിധവർഗ്ഗങ്ങൾതമ്മിലുള്ള കലഹങ്ങൾ അവസാനിക്കുന്നതിനും ദരിദ്രരായ തൊഴിലാളികൾക്കു ന്യായമായ കൂലിയും മററു ജീവിതസൗകര്യങ്ങളും ലഭിക്കുന്നതിനുംവേണ്ടി, പ്രാർത്ഥിക്കണം.

പരിശുദ്ധ പിതാവും നിർദ്ദേശിച്ചുതന്നിരിക്കുന്ന ഈ ലക്ഷ്യങ്ങൾ കൺമുമ്പിൽ വച്ചുകൊണ്ടു് ഈ വലിയ നോമ്പുകാലത്തു പ്രാർത്ഥിക്കുന്ന കാര്യത്തിൽ നിങ്ങൾ അല്പംപോലും മടികാണിക്കയില്ലെന്നാണു വല്യച്ചന്റെ പ്രതീക്ഷ. ഫാത്തിമാമാതാവു് ആവശ്യപ്പെട്ടിരിക്കുന്നതുപോലെ, ദിവസംതോറുമുള്ള ജപമാല കൂടുതൽ ഭക്തിയോടെ ചൊല്ലാൻ ശ്രമിക്കണം. "പരിശുദ്ധ ദേവമാതാവേ! സ്ലീവാമേൽതറയ്ക്കപ്പെട്ട കർത്താവിന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമെ" എന്ന സുകൃതജപം നോമ്പവസാനിക്കുന്നതുവരെ ദിവസവും മൂന്നു പ്രാവശ്യമെങ്കിലും ചൊല്ലണം. നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ചു ധ്യാനിക്കുന്നതിനു അതു വളരെ ഉപകരിക്കുന്നതായിരിക്കും. കൂടാതെ, നിവൃത്തിയുള്ളവരെല്ലാം എല്ലാ ദിവസവും കുർബാന കാണുകയും വേണം. പരീക്ഷ കഴിഞ്ഞു സ്കൂൾ പൂട്ടിയാൽ അതിനു കൂടുതൽ എളുപ്പമാകയും ചെയ്യുമല്ലോ. പ്രായശ്ചിത്തപ്രവൃത്തികളായി സ്വന്തം ജീവിതത്തിലെ ക്ലേശങ്ങളും മററും കാഴ്ചവയ്ക്കാമെന്നു കഴിഞ്ഞ പ്രാവശ്യം പ്രസ്താവിച്ചിരുന്നു. ഇപ്പോൾ ഒരു കാര്യംകൂടി ഓർപ്പിക്കുന്നു. പ്രാർത്ഥനചൊല്ലുമ്പോൾ മുട്ടിന്മേൽ നില്ക്കുന്നതും കൈകൂപ്പിപ്പിടിക്കുന്നതും പരിഹാരപ്രവൃത്തികൾ തന്നെയാണു്. അക്കാര്യത്തിൽ ശ്രദ്ധവച്ചാൽ പ്രാർത്ഥനയോടുകൂടി പ്രായശ്ചിത്തവുമായി. ആകയാൽ പ്രാർത്ഥന ചൊല്ലുമ്പോഴും കുർബാന കാണുമ്പോഴും മററും മുട്ടിന്മേൽ നില്ക്കാൻ ശ്രമിപ്പിൻ. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

### ചോദ്യമത്സര സമ്മാനങ്ങൾ

ആകെ 43 പേർ മാത്രമാണു മത്സരത്തിൽ പങ്കെടുത്തിട്ടുള്ളതു്. ഫാത്തിമാമാതാവിന്റെ സ്വീകരണദിനങ്ങളായിരുന്നതിനാൽ പഠിക്കാൻ സമയം കിട്ടിയില്ലെന്നാണു ചിലരുടെ ആവലാതി. പുസ്തകത്തിനു എഴുതിയിട്ടു നേരത്തു കിട്ടിയില്ലെന്നു മററു ചിലർ ആവലാതിപ്പെടുന്നു. ഏതായാലും ഉത്സാഹശീലനായ നമ്മുടെ കുഞ്ഞുകവി കെ. ററി. തോമസ്, പാലാ ഡിസംബർ 28-ാംനു തന്നെ പദ്യങ്ങൾ ചൊല്ലിക്കേൾപ്പിച്ചു സാക്ഷി അയച്ചുകഴിഞ്ഞു. രാമപുരത്തുനിന്നും തുമ്പൂരുനിന്നുമാണു് അധികം പേരുകൾ കിട്ടിയിട്ടുള്ളതു്. പേരുകളിൽ ഭൂരിപക്ഷവും പെൺകുട്ടികളുടേതാണെന്നും അറിയിപ്പാൻ അതിയായ സന്തോഷമുണ്ടു്. സംഭാവനത്തുകകൊണ്ടു മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും ഓരോ സമ്മാനം അയച്ചുകൊടുക്കുകയാണു ചെയ്തിരിക്കുന്നതു്. ക്രിസ്തുനാഥചരിതം കുട്ടികൾ എല്ലാവരും ആലപിച്ചു അഭ്യസിക്കുന്നതുകൂടാതെ, ബാലരംഗത്തിന്റെ നേർക്കു ഇത്ര ഉദാരമനസ്കതയോടെ പ്രവർത്തിച്ച വിദ്വാൻ മി. സി. എം. സെബാസ്റ്റ്യനുവേണ്ടി ഏവരും പ്രാർത്ഥിക്കണമെന്നും ഓർപ്പിച്ചുകൊള്ളുന്നു. എന്നു സ്വന്തം വല്യച്ചൻ

### നിങ്ങൾക്കറിയാമോ?

ക്രിസ്തുവിനെപ്പററി താഴെ പറയുന്ന കാര്യങ്ങൾ എഴുതിയ ദീർഘദർശിമാരുടെ പേരുകൾ പറയുക.

1) അവിടുന്നു കഴുതപ്പുറത്തു യാത്ര ചെയ്യും.

2) അവിടുന്നു മുപ്പതു വെള്ളിക്കാശിന്നു വില്ക്കപ്പെടും.

3) ഇടയൻ അടിക്കപ്പെടുകയും ആടുകൾ ചിതറുകയും ചെയ്യും.

4) എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ ഉടുപ്പിനായി അവർ ചീട്ടിട്ടു.

5) നമ്മുടെ പാപങ്ങൾനിമിത്തം മുറിവേല്പിക്കപ്പെട്ടു.

ഉത്തരം

1) സക്കറിയാസ് (9, 9)
2) സക്കറിയാസ് (11, 13)
3) സക്കറിയാസ് (13, 7)
4) ദാവീദ് (സങ്കീ. 22, 18)
5) ഏശയ്യ (53, 5)

## മൂവ്വാററുപുഴ പള്ളിയിൽ

# നോമ്പുകാലപ്രസംഗങ്ങൾ

ഫെബ്രുവരി 26 (കുംഭം 15)-ാംനു മുതൽ നോമ്പിലെ എല്ലാ ഞായറാഴ്ചയും ഉച്ചതിരിഞ്ഞു് നാലരമണിക്കു സുപ്രസിദ്ധവാഗ്മികളുടെ പ്രസംഗങ്ങൾ ഉണ്ടായിരിക്കുന്നതാണു്. പ്രസംഗങ്ങൾ ഉച്ചഭാഷിണിവഴി പ്രക്ഷേപണം ചെയ്യുന്നതായിരിക്കും. മാന്യമഹാജനങ്ങളുടെ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്നു്

മൂവ്വാററുപുഴ പള്ളിവികാരി

ഫാദർ ജോസഫ് മേനാച്ചേരി ബി. എ.

### തി-കൊ-വാർത്തകൾ

ഐക്യസംസ്ഥാന നിയമസഭ അടുത്ത മാർച്ച് 6-ാംനു മുതൽ സമ്മേളനമാരംഭിക്കുന്നതാണു്. 11-ാംനു ബഡ്ജററ് അവതരിപ്പിക്കുന്നതായിരിക്കും.

—ഫെബ്രുവരി 15-ാംനു ആലപ്പുഴെവച്ചു കൂടിയ കോൺഗ്രസ് പാർലിമെൻററി പാർട്ടി എക്സിക്യൂട്ടിവുയോഗം മെ. മന്ദം, ആർ. ശങ്കർ എന്നിവരുടെ പേരിൽ ശിക്ഷണനടപടിയെടുക്കാനാവശ്യപ്പെട്ടുകൊണ്ടു് തിരുവിതാംകൂർ ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിററി പാസാക്കി അയച്ച പ്രമേയം ചർച്ചാവിഷയമാക്കുകയും തത്സംബന്ധമായി അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ മെ. ജി. പി. നീലകണ്ഠപ്പിള്ള, സി. എ. ഔസേപ്പ്, കെ. രാമകൃഷ്ണപിള്ള എന്നിവർ അംഗങ്ങളായുള്ള ഒരു സബ്കമ്മിററിയെ നിയോഗിക്കുകയും ചെയ്തു.

—ഫെബ്രുവരി 16-ാംനു ആലപ്പുഴെ വച്ചു കൂടിയ കോൺഗ്രസ് പാർട്ടിയോഗം, സംയോജനത്തിനുശേഷം ഐക്യസംസ്ഥാനകോൺഗ്രസ് പാർലിമെൻററി പാർട്ടിയിലുണ്ടായിട്ടുള്ള ശിക്ഷണരാഹിത്യത്തെപ്പററി അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ടു സമർപ്പിക്കുവാൻ എക്സിക്യൂട്ടിവു് കമ്മിററിയെ അധികാരപ്പെടുത്തിയിരിക്കുന്നു.

—അൻപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലിചെയ്യുന്ന എല്ലാ ഫാക്ടറികളിലും വ്യവസായ തർക്കങ്ങളുടെ തീരുമാനത്തിനായി ഓരോ വർക്ക്സ് കമ്മിററി രൂപീകരിക്കാൻ വ്യവസ്ഥചെയ്തുകൊണ്ടു് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. തൊഴിലാളികൾക്കു് ന്യായമായ തോതിൽ പ്രതിനിധികളെ അതിലേക്കു തിരഞ്ഞെടുത്തയക്കാവുന്നതാണു്.

—സ്കൂളുകൾക്കു് മദ്ധ്യവേനൽ ഒഴിവു് മീനം 18-ാംനു ആരംഭിച്ചു് ഇടവം 22-ാംനു അവസാനിക്കുന്നതാണു്.

—തിരുവിതാംകൂർ കൊച്ചി ഹൈക്കോടതിയിലെ ജഡ്ജിമാരെ 1950 ജാനുവരി 26-ാംനു മുതൽ സ്ഥിരപ്പെടുത്തിയിരിക്കുന്നതായി നേരത്തെ പുറപ്പെടുവിച്ചിരുന്ന നോട്ടിഫിക്കേഷൻ ഭേദപ്പെടുത്തിക്കൊണ്ടു്, ജാനുവരി 25-ാംനു മുതൽ സ്ഥിരപ്പെടുത്തിയിരിക്കുന്നതായി ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ലഭിച്ച മനോരഞ്ജനത്തിനു് നന്ദി.

Mrs. John J. Valavi

### ഇന്ത്യാവാർത്തകൾ

തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് എക്സിക്യൂട്ടിവ് കമ്മിററിയിൽ അതിനെക്കാൾ വിപുലമായ അധികാരത്തോടുകൂടിയ കമ്മിററിയുടെ അനുമതി കൂടാതെ അവിശ്വാസപ്രമേയം അവതരിപ്പിക്കാവുന്നതല്ലെന്നു് ഫെബ്രുവരി 16-ാംനു ഡൽഹിയിൽവച്ചു കൂടിയ കോൺഗ്രസ് പ്രവർത്തകസമിതി പ്രഖ്യാപിച്ചിരിക്കുന്നു.

—ഗവർണ്ണർമാരുടേയും രാജപ്രമുഖന്മാരുടേയും ഒരു കോൺഫറൻസ് ന്യൂഡൽഹിയിൽവച്ചു് മാർച്ച് 18, 19 എന്നീ തീയതികളിൽ പ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണെന്നറിയുന്നു.

—നേതാജി സുഭാസ് ചന്ദ്രബോസിന്റെ സഹോദരനും യൂണൈറഡ് സോഷ്യലിസ്റ്റ് പാർട്ടി നേതാവുമായ ശ്രീ ശരച്ചന്ദ്രബോസ് ഫെബ്രുവരി 20-ാംനു കല്ക്കട്ടായിൽവച്ചു് നിര്യാതനായിരിക്കുന്നു.

ബ. അൽഫോൻസാമ്മയുടേയും വി. അന്തോനീസിന്റേയും വി. കൊച്ചുത്രേസ്യായുടേയും വി. ഫിലോമിനായുടെയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു കൃതജ്ഞത.

സി. ജെ. ടി.

### ഉച്ചഭാഷിണി

മാർപ്പാപ്പാ തിരുമേനിക്കു വെള്ളിയും സ്വർണ്ണവുംകൊണ്ടുണ്ടാക്കിയ ഒരു മൈക്രോഫോൺ കാഴ്ചസമർപ്പിക്കുന്നതിനു സ്പെയിൻ തീരുമാനിച്ചിരിക്കുന്നു. അൽഫോൻസോ രാജാവിന്റെ കുരിശും ജനറൽ ഫ്രാങ്കോയുടെ സ്ഥാനമുദ്രകളും അതിൽ ലേഖനം ചെയ്തിരിക്കും. മൈക്രോഫോണിന്റെ ഉപരിഭാഗത്തു വി. പത്രോസിന്റെ ദേവാലയത്തിലെ ഗോപുരത്തിന്റെ താഴികക്കുടത്തിന്റെ ചിത്രവുമുണ്ടായിരിക്കും.




തലയിൽ കെട്ടുമായി വീട്ടിൽവന്ന തോമ്മാച്ചേട്ടനോടു് ഭാര്യ: "നിങ്ങളുടെ തലയിലെ കെട്ടു അഴിക്കാറായില്ലെന്നാണോ ഇന്നും ഡോക്ടർ പറഞ്ഞതു്?"

തോമാച്ചേട്ടൻ: "ഡോക്ടർ അഴിച്ചോളാൻ പറഞ്ഞു. വക്കീൽ പറഞ്ഞു, അഴിക്കാൻ വരട്ടെയെന്നു്."

* * *

ചെറുപ്പക്കാരനായ ഒരു വക്കീൽ വാച്ചു കട്ടു എന്നകുററമാരോപിക്കപ്പെട്ടിരുന്ന ഒരാൾക്കുവേണ്ടി വാദിച്ചു് കേസ് ജയിച്ചു. ജഡ്ജി കേസു തള്ളിയ ഉടനെ തന്നെ കക്ഷി വക്കീലിനെ സമീപിച്ചു് സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു് പറകയാണു്: "ഇത്ര നല്ല ഒരു വക്കീലിനെ ഇതിനുമുമ്പൊരിക്കലും ഞാൻ കണ്ടിട്ടില്ല. അതുകൊണ്ടു് ഈ വാച്ചു് ഏമാനുതന്നെ ഇരിക്കട്ടെ."

* * *

"ചാക്കപ്പോ! നിനക്കു കണക്കിനു എത്രമാർക്കു കിട്ടി?"

"10, അപ്പാ."

"അതെന്തേ?"

"എല്ലാവർക്കും മെട്രിക്കുലേഷൻ കിട്ടിയുള്ളു."

"എല്ലാവർക്കും! തെക്കേലെ ചാണ്ടിക്കു എത്ര കിട്ടി?"

"അവനു 50 കിട്ടി. പക്ഷെ അവന്റെ കാര്യം പറഞ്ഞാലാവുല. അവന്റെ അപ്പൻ ബുദ്ധിയുള്ളവനാണെന്നാണു സാർ പറഞ്ഞതു്."

* * *

ജഡ്ജി: "നിങ്ങൾ 50 മൈൽ സ്പീഡിലാണു് കാർ ഓടിച്ചതെന്നു തെളിഞ്ഞിരിക്കുന്നു. നിങ്ങൾക്കു് എന്തെങ്കിലും പറയാനുണ്ടോ?"

മദാമ്മ: "എന്റെ കാറിന്റെ ബ്രേക്ക് കേടുവന്നുപോയി. ആകയാൽ അപകടങ്ങൾ കൂടാതെ കഴിക്കുവാനുള്ള ഏററവും എളുപ്പമാർഗ്ഗം എത്രയും വേഗത്തിൽ കാറോടിച്ചു വീട്ടിലെത്തുന്നതാണെന്നു ഞാൻ വിചാരിച്ചു."

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ

Vol. 23 | ERNAKULAM, FEBRUARY 22 1950 | No. 26


# തിരുനാൾമംഗളം



കോട്ടയം രൂപതയുടെ അഭിവന്ദ്യാദ്ധ്യക്ഷനായ റൈററ് റവ. ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയുടെ നാമകാരണനായ വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നതു് അടുത്ത ഞായറാഴ്ചയാണ്. തിരുമനസ്സിലേക്കു സകലവിധമംഗളങ്ങളും ആശംസിക്കുന്നതോടൊപ്പം വന്ദ്യതിരുമേനിയിൽനിന്നു സത്യദീപത്തിനു ലഭിച്ചിട്ടുള്ള എല്ലാത്തരം ഉപകാരങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും നന്ദിപറയുന്നതിനും ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. പ്രഗത്ഭമതിയായ ഒരു വാഗ്മി, ജനരഞ്ജനനിറഞ്ഞ ഒരു ഭരണാധികാരി, സ്വന്തം ആടുകളെ അറികയും അവയാൽ അറിയപ്പെടുകയും ചെയ്യുന്ന ഒരു നല്ലയിടയൻ എന്നീ നിലകളിൽ തിരുമേനി നാനാജാതിമതസ്ഥരുടേയും സ്നേഹബഹുമാനാദരവുകൾക്കു പാത്രീഭൂതനായിട്ടുണ്ടു്. സഭയ്ക്കും സമുദായത്തിനുംവേണ്ടിയുള്ള തിരുമനസ്സിലെ വിശിഷ്ടസേവനങ്ങൾ തുടർന്നു കൊണ്ടുപോകുന്നതിനു വേണ്ട ആയുസ്സും ആരോഗ്യവും സർവ്വശക്തനായ ദൈവം അവിടുത്തേക്കു പ്രദാനംചെയ്യുമാറാകട്ടെ.

# ഫ്രഞ്ച് കർദ്ദിനാളന്മാരുടെ സാമുദായികപ്രസ്താവന

ഈ വിശുദ്ധവത്സരത്തിൽ റോമയിലേക്കു തീർത്ഥയാത്രചെയ്തു ദണ്ഡവിമോചനം പ്രാപിക്കുന്നവരുടേയും, തീർത്ഥയാത്ര ചെയ്യാൻ നിവൃത്തിയില്ലാതെ സ്വന്തം സ്ഥലങ്ങളിലിരുന്നു മുറപ്രകാരം ദണ്ഡവിമോചനം പ്രാപിക്കുന്നവരുടേയും പ്രാർത്ഥനയ്ക്കു പ്രത്യേകവിഷയമായി പരിശുദ്ധ പിതാവു നിർദ്ദേശിച്ചിരിക്കുന്ന സംഗതികളിലൊന്നു് തൊഴിലാളികൾക്കും മററു പാവങ്ങൾക്കും മനുഷ്യോചിതമായി ജീവിതം നയിക്കുവാൻ ആവശ്യകമായ സൗകര്യങ്ങളും സഹായങ്ങളും ധനവാന്മാരിൽനിന്നും മററും ലഭിക്കുവാൻ ഇടവരണമെന്നുള്ളതാണ്. ബാംഗളൂരിൽ സമ്മേളിച്ച ഇന്ത്യയിലെ വൈദികാദ്ധ്യക്ഷന്മാർ പ്രസിദ്ധംചെയ്ത സംയുക്ത ഇടയലേഖനത്തിലും ഈ സംഗതി പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. "ഇന്നാട്ടിലെ സർവ്വസാധാരണമായ സാമ്പത്തികദുരിതം, ജീവിക്കാനാവശ്യമായ സാധനങ്ങളുടെ ദൗർലഭ്യം, അഭയാർത്ഥിപ്രവാഹം നിമിത്തമുള്ള ശൈഥില്യം, നമ്മുടെ നഗരങ്ങളിലെ ധനികദരിദ്രവർഗ്ഗങ്ങൾ തമ്മിലുള്ള രൂക്ഷമായ അന്തരം, കുറേക്കൂടി നീതിയുക്തമായ ധനവിഭജനരീതിക്കു വിധേയരാകുന്നതിൽ സ്ഥാപിതതാല്പര്യക്കാർക്കുള്ള വൈമുഖ്യം" എന്നിവയെപ്പററി പ്രസ്തുതലേഖനത്തിൽ ദുഃഖവും അനുകമ്പയുമാണു പ്രകാശിപ്പിച്ചിട്ടുള്ളതു്. "തിരുസ്സഭ കമ്മ്യൂണിസത്തെ എന്നപോലെ തന്നെ മുതലാളിത്തസമ്പ്രദായത്തിന്റെ തിന്മകളേയും അനീതികളേയും പ്രതികൂലിക്കുകയും, ഈ പ്രാതികൂല്യം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്" എന്നും ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിനൊരു തെളിവാണു് കഴിഞ്ഞ സെപ്തംബർ മാസത്തിൽ ഫ്രാൻസിലെ നാലു കർദ്ദിനാളന്മാർ ഒരുമിച്ചു്, കമ്മ്യൂണിസത്തിനെതിരായി റോമയിലെ തിരുസ്സംഘം പുറപ്പെടുവിച്ച ഉത്തരവിനെ വിശദീകരിച്ചുകൊണ്ടു്, ചെയ്ത പ്രസ്താവന.

### തിരുസ്സഭ ക്യാപ്പിററലിസത്തെ പിൻതാങ്ങുന്നില്ല

തിരുസിംഹാസനം കമ്മ്യൂണിസത്തെ ഔദ്യോഗികമായും ശക്തിയായും അപലപിച്ചതു ജനങ്ങൾ തെററിദ്ധരിക്കരുതെന്നു കർദ്ദിനാളന്മാർ ഉദ്ബോധിപ്പിക്കുന്നു. കമ്മ്യൂണിസത്തെ അപലപിച്ചതുകൊണ്ടു് അതിനെതിരായ ക്യാപ്പിററലിസത്തെ തിരുസിംഹാസനം പിൻതാങ്ങുകയാണെന്നുള്ള ധാരണ തികച്ചും അബദ്ധമായിരിക്കുമെന്നു് തിരുമേനിമാർ വ്യക്തമാക്കിയിട്ടുണ്ടു്. അവരുടെ താഴെക്കാണുന്ന വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്.

"ക്യാപ്പിററലിസത്തിന്റെ സത്തായ അംശത്തിൽ ക്രിസ്തീയപ്രബോധനങ്ങൾ തിരസ്കരിക്കുന്ന ഒരു ഭൗതികത്വം കുടികൊള്ളുന്നുണ്ടെന്നുള്ള വസ്തുത ഗ്രഹിക്കേണ്ടതു് അത്യാവശ്യകമാകുന്നു. പൊതുഗുണത്തേയൊ തൊഴിലാളികളുടെ അന്തസ്സിനേയൊ തീരെ വിസ്മരിച്ചുകൊണ്ടു് സ്വകാര്യസ്വത്തിനെ നിരുപാധികം വിലവയ്ക്കുന്നതിലാണു് ഈ ഭൗതികത്വം അടങ്ങിയിരിക്കുന്നതു്. വിവിധരാഷ്ട്രങ്ങളിലുള്ള സാമുദായികനിലയിൽ കത്തോലിക്കരുടെ സ്ഥാനം എന്തായിരുന്നാലും സാമ്പത്തികജീവിതത്തിൽ അവർക്കുള്ള ശക്തി എന്തായിരുന്നാലും, അവർ തങ്ങളുടെ ആ വർഗ്ഗീയനിലയിൽ അഭിമാനംകൊള്ളുകയും ഭൗതികധനങ്ങളിൽ ഒട്ടിപ്പിടിച്ചുനില്ക്കുകയും തത്ഫലമായി ഇന്നത്തെ സാമുദായികവ്യവസ്ഥിതിയിൽ എന്തെങ്കിലും ഭേദം വരുത്തുവാൻ വിസമ്മതിക്കുകയും ചെയ്യുന്നെങ്കിൽ, അവർ ഈശോമിശിഹായുടെ മനോഭാവത്തിനു് അനുസരണമായിട്ടല്ല പ്രവർത്തിക്കുന്നതെന്നും തീർച്ചയാണു്." അങ്ങനെയുള്ള കത്തോലിക്കരെ "തിരുസ്സഭയുടെ ശത്രുക്കളുടെ കൂട്ടാളികൾ" എന്നാണു് കർദ്ദിനാളന്മാർ വിളിക്കുന്നതു്. അവർ "കമ്മ്യൂണിസ്റ്റു് വിപ്ലവത്തിന്റെ മുന്നോടികളുടെ" ഭാഗമാണു് വഹിക്കുന്നതു്.

### തിരുസ്സഭ തൊഴിലാളികൾക്കെതിരല്ല

കമ്മ്യൂണിസ്റ്റുപാർട്ടിയെ സാമ്പത്തികതിന്മകൾക്കെതിരായി ശക്തിയുക്തം സമരംചെയ്യുന്നവരെന്നു വിചാരിക്കുന്ന തൊഴിലാളികൾ തിരുസിംഹാസനത്തിലെ പ്രസ്തുത ഉത്തരവിനെ സാമുദായികനീതിക്കുവേണ്ടിയുള്ള തൊഴിലാളികളുടെ ആകാംക്ഷകൾക്കെതിരായുള്ള എതിർപ്പായി തെററിദ്ധരിക്കുന്നതു് ഏററവും നിർഭാഗ്യകരമാണെന്നു കർദ്ദിനാളന്മാർ പ്രസ്താവിക്കുന്നു. തൊഴിലാളികളുടെ ദുരിതങ്ങളിൽ തിരുസ്സഭ അനുകമ്പയില്ലാത്തവളല്ലെന്നും, നിലവിലുള്ള വ്യവസായവ്യവസ്ഥിതിയിൽ അവരുടെ നില നീതിക്കു ചേർന്നതല്ലെന്നും കഴിഞ്ഞ അറുപതാണ്ടുകാലമായി തിരുസ്സഭ നിഷ്കർഷമായി വാദിച്ചുകൊണ്ടിരിക്കുകയാണെന്നും, പ്രസ്തുത നിലയ്ക്കു ഭേദംവരുത്തുവാൻ തിരുസ്സഭ സമരം ചെയ്തുകൊണ്ടാണിരിക്കുന്നതെന്നും കർദ്ദിനാളന്മാർ വിശദീകരിക്കുന്നു. എന്നാൽ കമ്മ്യൂണിസത്തിന്റെ കീഴിലും തൊഴിലാളികളുടെ നില നീതിക്കു ചേർന്നതല്ലെന്നും തിരുമേനിമാർ ഉദ്ബോധിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ കമ്മ്യൂണിസം "മുതലാളിമാരിൽനിന്നു പിടിച്ചെടുക്കുന്ന പ്രത്യേകാവകാശങ്ങളെല്ലാം സർവ്വാധികാരം കൈവരിച്ചിരിക്കുന്ന ഗവമ്മെൻറിന്റെ കരങ്ങളിൽ കേന്ദ്രീകരിക്കുകമാത്രമാണു ചെയ്യുന്നതു്." തന്മൂലം തിരുസ്സംഘത്തിന്റെ ഉത്തരവിനെതിരായുള്ള ആക്ഷേപങ്ങളാൽ കത്തോലിക്കാ തൊഴിലാളികൾ പരിഭ്രമചിത്തരാകരുതു്. നേരെ മറിച്ചു് താഴെ പറയുന്ന തത്വങ്ങൾ അവർ ശരിയായി മനസ്സിലാക്കുകയും ധൈര്യസമേതം തുറന്നു പ്രസ്താവിക്കുകയുമാണു ചെയ്യേണ്ടതു്.

"തിരുസ്സഭ കമ്മ്യൂണിസ്റ്റു് അബദ്ധാഭിപ്രായങ്ങൾക്കു് എതിരായ ഉറച്ചനില സ്വീകരിച്ചിരിക്കുന്നതു നിമിത്തം തൊഴിലാളികളുടെ ഉത്തമബന്ധുവായിരിക്കുവാൻ ആഗ്രഹിക്കുകയാണു ചെയ്യുന്നതു്. തങ്ങൾക്കു ഗുണകരമായ ആദർശങ്ങളെ യഥാർത്ഥീകരിക്കുവാൻ തൊഴിലാളികൾ ചെയ്യുന്ന ശ്രമങ്ങളിൽ തിരുസ്സഭ അവരുടെ ഉററബന്ധുവായി നില്ക്കുന്നു. സ്വാതന്ത്ര്യം സ്ഥിതിചെയ്യാത്ത ഒരു സാമുദായികവ്യവസ്ഥിതിയിൽ മനുഷ്യരുടെ യഥാർത്ഥമായ വിലയ്ക്കും തൊഴിലാളികളുടെ അന്തസ്സിനും യാതൊരു സ്ഥാനവുമില്ലെന്നു തീർച്ചയാണല്ലൊ. നിരീശ്വരത്വം കമ്മ്യൂണിസത്തിന്റെ നാരായവേരാകുന്നു. കമ്മ്യൂണിസത്തിന്റെ സാമ്പത്തികവും സാമുദായികവുമായ ബോധനങ്ങൾ പ്രയോഗത്തിൽവരുത്തപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലെല്ലാം നിരീശ്വരത്വം ശക്തിയായി പ്രാവർത്തികമാക്കപ്പെടുന്നുണ്ടെന്നു കാണാം. ഈ നിരീശ്വരത്വമാകട്ടെ മനുഷ്യരെ ചവിട്ടിമെതിക്കുന്ന ഒരു ദുരവസ്ഥയിലേക്കേ സ്വാഭാവികമായി ആനയിക്കുകയുള്ളു. ചുരുക്കിപ്പറഞ്ഞാൽ നിരീശ്വരപരമായ കമ്മ്യൂണിസത്തിനു മനുഷ്യവംശത്തിനു പ്രദാനംചെയ്യാൻ കഴിവുള്ള ആദർശം എറുമ്പുവർഗ്ഗത്തിൽ കാണുന്നതു മാത്രമാണ്. പ്രസ്തുതാദർശമനുസരിച്ചു ഓരോ വ്യക്തിയും അവനു നിശ്ചയിച്ചുകൊടുക്കപ്പെടുന്ന ജോലി ചെയ്തുകൊള്ളണം. അതിന്റെ ന്യായമോ വിധമോ കാരണമോ ഒന്നും അവനു കാണാൻ സാദ്ധ്യമല്ല."

ആകയാൽ തിരുസ്സംഘത്തിന്റെ ഉത്തരവു് തൊഴിലാളികൾക്കെതിരായുള്ള ഒരു പ്രഹരമല്ല, പ്രത്യുത "അവരെ വിമോചിക്കുവാനുള്ള വിധിനിർണ്ണായകമായ ഒരു നടപടിയാകുന്നു" എന്നാണു് കർദ്ദിനാളന്മാർ ഉറപ്പിച്ചുപറയുന്നതു്.

### എതിർപ്പു് സൃഷ്ടിപരമായിരിക്കണം

ഇന്ത്യയിലെ വൈദികാദ്ധ്യക്ഷന്മാരുടെ സംയുക്ത ഇടയലേഖനത്തിൽ നൽകിയിട്ടുള്ള ഉദ്ബോധനം ഈ പ്രകൃതത്തിൽ ഉദ്ധരണീയമാണ്.

"കമ്മ്യൂണിസത്തോടുള്ള നമ്മുടെ പോരാട്ടം കേവലം നിഷേധാത്മകമാകാതെ, വ്യക്തമായ പ്രവർത്തനപരിപാടിയോടുകൂടിയതായിരിക്കണം. നമ്മുടെ പൊതുജീവിതത്തിലും വ്യക്തിപരമായ ജീവിതത്തിലും ഏതു തരത്തിലുള്ള പീഡിതരോടും സഹാനുഭൂതി പ്രദർശിപ്പിക്കണം. വ്യക്തികളുടെ ദാനധർമ്മംവഴിയായും കത്തോലിക്കരുടെ ഔദാര്യഫലമായി നടത്തിപ്പോരുന്ന ആസ്പത്രികൾ, അനാഥശാലകൾ, ആതുരശാലകൾ ആദിയായ പൊതുസ്ഥാപനങ്ങൾ വഴിയായും അവരുടെ ദുരിതങ്ങൾക്കു ശമനം വരുത്തുവാനുള്ള നമ്മുടെ സന്നദ്ധത നാം പ്രദർശിപ്പിക്കുകയും വേണം."

നമ്മുടെ ഐക്യസംസ്ഥാനത്തു കമ്മ്യൂണിസ്റ്റുപാർട്ടിയും അതിന്റെ പിടിയിലമർന്നിരിക്കുന്ന സംഘടനകളും നിരോധിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് സകലതും ശരിപ്പെട്ടെന്നു വിചാരിച്ചു് അലസരായിരിക്കുന്നതു വിവേകശൂന്യമാണ്. നേരെമറിച്ചു കമ്മ്യൂണിസത്തിനു നിലമൊരുക്കുന്നതും വളംനൽകുന്നതുമായ ദുസ്ഥിതികളെ സൃഷ്ടിപരങ്ങളായ പ്രവർത്തനങ്ങളാൽ ദൂരീകരിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണു വേണ്ടതു്. അങ്ങനെ ഈ വിശുദ്ധവത്സരത്തിൽ സാമുദായികനീതിക്കുവേണ്ടിയുള്ള പ്രാർത്ഥനയോടുകൂടി പ്രവർത്തനങ്ങളും നടത്താം.

# പ്രസാധകക്കുറിപ്പുകൾ

### കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ

ആധുനികകാലത്തു ആശയവിനിമയത്തിൽ പ്രസിദ്ധീകരണങ്ങൾക്കുള്ള സ്ഥാനം സർവ്വപ്രധാനമാണെന്നു പറയാം. "നിങ്ങൾ എല്ലാ ഭവനങ്ങളിലും പ്രവേശിക്കുന്നു; സംഖ്യാതീതങ്ങളായ മനസ്സുകളിലും ഹൃദയങ്ങളിലും നിങ്ങൾ നിങ്ങളുടെ പ്രേരണാശക്തി ചെലുത്തുന്നു; ജനതതിയുടെ ചിന്താഗതിയെ നയിക്കുന്നതിനു നിങ്ങൾ വളരെയധികം സഹായിക്കുന്നു," എന്നത്രെ പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 1947 മേയ് 3-ാംനു- ഒരു സംഘം അമേരിക്കൻ പത്രപ്രവർത്തകരോടു അരുളിച്ചെയ്തതു്. നല്ല ആശയങ്ങൾ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനു സത്സാഹിത്യത്തിനുള്ള കഴിവു് അന്യാദൃശമായിരിക്കുന്നതുപോലെ, തെററായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു ദുഷിച്ച സാഹിത്യത്തിനുള്ള കഴിവുകളും അനന്യസാധാരണമാണ്. ആകയാൽ ഏതത്സംബന്ധമായി കത്തോലിക്കരായ നമുക്കുള്ള ചുമതല സുവ്യക്തമാണ്. നാം വഷളായ പ്രസിദ്ധീകരണങ്ങളുടെ പ്രചാരത്തെ തടയുകയും നല്ല പ്രസിദ്ധീകരണങ്ങളുടെ പ്രചാരത്തെ സഹായിക്കയും ചെയ്യണം. വിശിഷ്യ, നമ്മുടെ ആദർശങ്ങൾക്കു് അനുയോജ്യമായ പത്രമാസികകളും പുസ്തകങ്ങളും ധാരാളമായി വിതരണം ചെയ്യുന്നതിനു സർവ്വാത്മനാ യത്നിക്കണം.

### പ്രസിദ്ധീകരണപ്രദർശനങ്ങൾ

മേൽപ്പറഞ്ഞ ലക്ഷ്യത്തെ ലാക്കാക്കി ഇൻഡ്യയിൽ പലയിടങ്ങളിലും കത്തോലിക്കാപ്രസിദ്ധീകരണ പ്രദർശനങ്ങൾ നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നതായറിയുന്നു. അടുത്ത മാർച്ചു് 12-ാംനു- ഞായറാഴ്ച, പാപ്പാദിനത്തിൽ, കാൻപൂരിലെ "ലീജിയൻ ഓഫ് മേരി"യുടെ ആഭിമുഖ്യത്തിൽ ഒരു പ്രദർശനം നടത്തുന്നതാണ്. ഇൻഡ്യയിൽ പ്രസിദ്ധീകരിക്കപ്പെടുന്ന എല്ലാത്തരം പത്രമാസികകളേയും ഭാരവാഹികൾ സ്വാഗതം ചെയ്യുന്നതായിരിക്കും. അവ അയച്ചുകൊടുക്കേണ്ടതു് P. C. de Noronha Press Legion of Mary, "Manuel House", Kanpur എന്ന മേൽവിലാസത്തിലാണ്. തമിഴ് കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്ഥാപിതമായിരിക്കുന്ന "തമിഴ് സാഹിത്യസമിതി"യുടെ നിർദ്ദേശപ്രകാരം തമിഴ്നാട്ടിൽ ഫെബ്രുവരി 19-ാംനു- മുതൽ 26-ാംനു-വരെ ഒരു "കത്തോലിക്കാ പ്രസിദ്ധീകരണവാരം" കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുക, പുസ്തകങ്ങളും ലഘുലേഖകളും വീടുകൾതോറും കൊണ്ടുനടന്നു വില്ക്കുക, സ്കൂളുകളിലും പാരിഷുഹാളുകളിലും പ്രസിദ്ധീകരണപ്രദർശനങ്ങൾ നടത്തുക, "തമിഴ് സാഹിത്യസമിതി"യിൽ പുതിയ അംഗങ്ങളെ ചേർക്കുക എന്നിത്യാദി കാര്യങ്ങളാണു് ഈ "പ്രസിദ്ധീകരണവാര"ത്തിൽ തമിഴ് കത്തോലിക്കർ ചെയ്യുന്നതു്. കേരളത്തിൽ "എറണാകുളം ബോസ്കോ കലാസമിതി"യുടെ ആഭിമുഖ്യത്തിൽ അടുത്ത ഞായറാഴ്ച നടത്തുവാൻ പോകുന്ന "കത്തോലിക്കാ പ്രസിദ്ധീകരണപ്രദർശന"ത്തിന്റെ പരിപാടി ഞങ്ങൾ അന്യത്ര ചേർത്തിട്ടുണ്ടു്. കത്തോലിക്കാ ഗ്രന്ഥങ്ങളും പത്രമാസികകളുമായി പരിചയപ്പെടുന്നതിനും അവ പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗ്രഹിക്കുന്നതിനും ആ പ്രദർശനം ഉപകരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഗ്രന്ഥങ്ങളും പത്രമാസികകളും മററും അയച്ചുകൊടുത്തും യോഗത്തിൽ സംബന്ധിച്ചും പ്രസ്തുത സദുദ്യമം വിജയശ്രീലാളിതമാക്കണമെന്നു വായനക്കാരെ ഉൽബോധിപ്പിക്കുകയും പ്രദർശനത്തിനു സകലവിധ വിജയവുമാശംസിക്കുകയും ചെയ്തുകൊള്ളുന്നു.

## കൈപ്പററി

ആത്മമിത്രം

പരോപകാരപ്രവൎത്തനങ്ങളെ, വിശിഷ്യ വിൻസെൻറ് ഡിപോൾ സഖ്യത്തിൻേറയും അതുപോലുള്ള മററു സംഘടനകളുടേയും പ്രവൎത്തനങ്ങളെ, പുരോഗമിപ്പിക്കണമെന്ന ലക്ഷ്യം വച്ച് അതിരമ്പുഴ സെൻറ് മേരീസ് പ്രസ്സിൽനിന്നും, റവ. ഫാദർ ജി. സി. ടീലാർ, മി. സി. എം. സെബാസ്റ്റ്യൻ എന്നിവരുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്ന "ആത്മമിത്രം" എന്ന മാസികയുടെ പ്രഥമലക്കം കൈപ്പററി നന്ദിപറയുന്നു. ഫാത്തിമാനാഥ കേരളം സന്ദൎശിച്ചതിൻെറ ഒരു സ്മാരകമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ ലക്കത്തിൽ റവ. ഫാദർ ഗ്രിഗരി സി. ഡി., വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി, റവ. ഫാദർ തോമസ് കൊച്ചുമ്യാലിൽ, വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരി, വെരി റവ. ഫാദർ ഔരേലിയൂസ് ഒ. സി. ഡി., റവ. ഫാദർ ജി. സി. ടീലാർ എന്നിവരുടെ ലേഖനങ്ങളുണ്ട്. ഏററവും പാവനമായ ഉദ്ദേശ്യങ്ങൾ മുൻനിൎത്തി രംഗപ്രവേശം ചെയ്തിരിക്കുന്ന മാന്യസഹജീവിക്കു സകലവിധ വിജയങ്ങളുമാശംസിച്ചുകൊള്ളുന്നു.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവൎഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവൎഷംതപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## "ഏകാങ്കം"

(രഘുപതിരാഘവ രാജാറാം. എ. മ.)

1 അനുദിനം മനുഷാ! ഓൎത്താലും
അതിവശൗരവസന്ദേശം
"പൊടിയിലുനീ പൊടി" ആയീടും
ഇതുതാൻ സൽക്ഷാൽ സന്ദേശം

2 അവനിവിഭ്രമി മഹാമായം
അറിയാതെ, വഞ്ചിതനാകാതെ
ഒരുനിലയില്ലിതിനൊന്നുമേ
ഒരുനിഴൽമാത്രമല്ലാമേ.

3 കാണ്മതിലൊന്നും കഥയില്ല,
കിനാവുതുല്യം,വ്യാമോഹം!
അകലുന്നു, പാറുന്നു, നില്ക്കാതെ
അഴൽ മറയിട്ടു രാഗങ്ങൾ

4 നിനയാതുള്ളൊരു നേരത്തു
അതാ! വരുന്നു മരത്തു
മരണം ചോരനുപമമായി
ആ ഒരു രംഗം ഓൎക്കാമോ?

5 കാര്യമായ് കരുതും വസ്തുക്കൾ
സ്നേഹിതർ സുതദാരങ്ങൾ
ആരുമേ വരുവാനല്ലല്ലോ
ആ ഒരു രംഗം ഓൎക്കാമോ?

6 ആറടിമണ്ണിൽ അടയുന്നു
അതുലപ്രാഭവമേറ്റതും
ആ ഒരു രംഗം ഓൎക്കാമോ?
അതുതാൻ നാടകക്കോലം!!

7 ഈശ്വരസേവനമല്ലാതെ
ശാശ്വതസൗഖ്യം ഏതുള്ളൂ?
ഉത്തമഭാഗമതാലംബം
സാക്ഷാൽ ജീവിതനന്ദനം. (അനു

## കലഹങ്ങൾ

(11-ാം പേജു തുടൎച്ച)

ള്ള ദുർവാശികൾ അസാനിപ്പിക്കുവാൻ എല്ലാവരും ഒത്തൊരുമിച്ചു് ശ്രമിക്കേണ്ടതാണ്. ഭാൎയ്യ ഏതും ഒരു സുഖക്കേടുകാരിയോ മറെറാരുത്തിയെന്നുവരുമ്പോൾ തൊട്ടതിനൊക്കെ അവളോടു കലഹിക്കുന്നതെന്തിനു്? അവളെന്തു പിഴച്ചു? "ഇഷ്ടമില്ലാത്തചട്ടി തൊട്ടതൊക്കെ കുററം" എന്നു നതിരില്ലാത്ത ഒരു പഴഞ്ചൊല്ലുണ്ട്. കലഹങ്ങൾക്കെല്ലാം കാരണം യഥാൎത്ഥമായ സ്നേഹത്തിൻെറ അഭാവമല്ലേ? നിസ്വാൎത്ഥമായ പ്രേമം തെററുകളേയും കുറവുകളേയും കാണുകയില്ല; ആളിക്കത്തും പ്രേമാഗ്നിയിൽ കത്തിദഹിച്ചുപോകുന്ന നിസ്സാരപ്രാണികളായിരിക്കുമവ.

(ജെ. ചമ്മണൂർ)

# ഫാത്തിമായിലെ കുട്ടികൾ *

അദ്ധ്യായം 12

## ഫാത്തിമായിലെ മരണമണിനാദം

കോവയിലെ വലിയ അത്ഭുതം നടന്നു് ഏതാനും ആഴ്ചകൾക്കുശേഷം കുട്ടികൾ സ്കൂളിൽ പോകാൻതുടങ്ങി. സഹപാഠികളും അദ്ധ്യാപകന്മാരും ജിജ്ഞാസാഭരിതമായ ചോദ്യവൎഷങ്ങൾ കൊണ്ടു് അവരെ അലട്ടി. അതുമൂലം വേണ്ടത്ര ത്യാഗങ്ങളനുഷ്ഠിക്കുന്നതിനു പോലും അവൎക്കു സമയം ലഭിച്ചില്ല.

"എന്തുകൊണ്ടാണ് മററുകുട്ടികൾ നമ്മെ ഇങ്ങനെ തുറിച്ചുനോക്കുന്നതു്?" ഒരുദിവസം ജസീന്ത ചോദിച്ചു. "നമ്മിൽ എന്തോ തെററുള്ളതായി അവർ വിചാരിക്കുന്നതുപോലെ തോന്നുന്നു."

"അവർ ഒരുമിച്ചുകൂടി മാതാവിനെക്കുറിച്ചും എന്തൊക്കെയോ പിറുപിറുക്കുന്നതു കേട്ടു. അതൊന്നും വാസ്തവമായിരുന്നില്ലതാനും. ലൂസീ, ഏതായാലും സ്കൂൾജീവിതം ഞാൻ ഒട്ടും ഇഷ്ടപ്പെടുന്നില്ല. നാം സ്കൂളിൽ പോകുന്നതെന്തിനാണ്?" ഫ്റാൻസീസ് ചോദിച്ചു.

യഥാൎത്ഥവികാരങ്ങൾ മറച്ചുവച്ചുകൊണ്ടു ലൂസി പറഞ്ഞു:-"നാം സ്കൂളിൽ പോരുകയാണെങ്കിൽ, വീട്ടിൽ നമ്മെ കാണാൻ വരുന്ന സന്ദൎശകരെക്കൊണ്ടുള്ള ഉപദ്രവം കുടുംബാംഗങ്ങൾക്കുണ്ടാകയില്ല. നീങ്ങൾക്കു രണ്ടുപേൎക്കും ആദ്യകുൎബാന കൈക്കൊള്ളാനൊരുങ്ങുകയും ചെയ്യാം."



ജസീന്തയുടെ മുഖത്തെ ദുഃഖഭാവം കുറേ നീങ്ങി. "ഞങ്ങൾ സ്കൂളിൽവച്ചു് വേദോപദേശം വേഗം പഠിച്ചുതീൎക്കുകയാണെങ്കിൽ പത്തുവയസ്സു തികയുംമുമ്പുതന്നെ ആദ്യകുൎബാന കൈക്കൊള്ളാൻ ഞങ്ങളെ അനുവദിച്ചേക്കും."

അധികം താമസിയാതെ പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്താൻ കഴിയുമല്ലോ എന്നു വിചാരിച്ചു ഫ്റാൻസിസും സന്തോഷിച്ചു.

"മറെറാരു ഗുണംകൂടിയുണ്ടു്. നാം എന്നും സ്കൂളിൽ പോരാനായി ഗ്രാമത്തിൽ വരുന്നതുകൊണ്ടു് പള്ളിയിൽ ചെന്നു ദിവ്യകാരുണ്യസന്ദൎശനം നടത്താനും നമുക്കു് അവസരം ലഭിക്കുന്നു. നമ്മൾ മേച്ചിൽസ്ഥലത്തായിരുന്നെങ്കിൽ നമുക്കു് അതു സാധിക്കുമായിരുന്നില്ല." ഉടനെ ലൂസി പ്രതിവചിച്ചു.

ഞായറാഴ്ചയും തിരുനാൾദിവസങ്ങളിലും മാത്രം പള്ളിയിൽ പോയിരുന്ന അവൎക്കു് ദിവസവും ഒന്നോ അതിലധികമോപ്രാവശ്യം ദിവ്യകാരുണ്യസന്ദൎശനം നടത്താൻ സൗകൎയ്യം ലഭിച്ചതിനെക്കുറിച്ചു് അവർ കൃതജ്ഞതാപൂൎവ്വം സ്മരിച്ചു.

"പള്ളിക്കൂടത്തിൽ പോകുന്നതിനെപ്പററി മേലാൽ ഒരിക്കലും ഞങ്ങൾ പരാതിപ്പെടുകയില്ല." ജസീന്ത ഉറപ്പുപറഞ്ഞു.

മാസങ്ങൾ പലതുകഴിഞ്ഞു. കുട്ടികളുടെ ജീവിതം ക്രമാനുഗതമായി മുമ്പോട്ടു നീങ്ങി. ലൂസിക്കും ജസീന്തക്കും പഠിത്തത്തിൽ സ്തുത്യൎഹമായ പുരോഗതിയുണ്ടായി. പക്ഷേ ഫ്റാൻസിസിനുമാത്രം പഠിത്തത്തിൽ താൽപര്യം പ്രദൎശിപ്പിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു ചിലപ്പോളൊക്കെ ക്ലാസ്സിനു പുറത്തുപോയിരുന്നു വിശ്രമിച്ചുകൊള്ളാൻ അദ്ധ്യാപകന്മാർ അവനെ അനുവദിച്ചിരുന്നു.

"പള്ളിക്കൂടം വിടുമ്പോൾ പള്ളിയിൽ വന്നു് എന്നെക്കൂടെ വിളിക്കണേ!" ഫ്റാൻസീസ് സഹോദരികളെ ഓൎമ്മിപ്പിച്ചു. "ഞാൻ ഇന്നു ധാരാളം കൊന്തയെത്തിക്കാൻ പോകയാണ്."

ആദ്ധ്യാത്മികകൃത്യങ്ങൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമുള്ളതാണെന്നു വിചാരിച്ചു് അവയിൽ ഉദാസീനനായിരുന്ന ഫ്റാൻസിസിനു് മാതാവിൻെറ ആറു സന്ദൎശനംവഴിയായി ലഭിച്ച മാനസികപരിവൎത്തനത്തെക്കുറിച്ചു് ആ പെൺകുട്ടികൾ വിസ്മയപൂൎവ്വം ചിന്തിച്ചു. സ്ത്രീകളെയും പെൺകുട്ടികളെയുംപോലെ ലോകത്തുള്ള എല്ലാ പുരുഷന്മാൎക്കും ആൺകുട്ടികൾക്കും ഒരേഒരു ജീവിതലക്ഷ്യമാണുള്ളതെന്നും, പ്രാൎത്ഥനകളും സുകൃതങ്ങളുംവഴിയായി ദൈവത്തെ അറിയുകയും സ്നേഹിക്കയും സേവിക്കുകയും ചെയ്തു് അവിടുത്തോടൊരുമിച്ചു പരമാനന്ദമനുഭവിക്കയാണ് വേണ്ടതെന്നും അവനു വിശ്വാസമായി.

"മാതാവു് എന്നെ സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോകുംമുമ്പായി ഞാൻ ധാരാളം കൊന്തയെത്തിക്കണം. അതു ശരിയായി നിറവേററുകയും വേണം. ഓ! ഞാൻ അതിനു വളരെ ഉത്സാഹിക്കേണ്ടിയിരിക്കുന്നു." ഫ്റാൻസീസ് ചിന്തിച്ചു.

കൊന്തയുടെ അഞ്ചു രഹസ്യങ്ങളെങ്കിലും ചൊല്ലി സ്വൎഗ്ഗരാജ്ഞിക്കു കാഴ്ചവയ്ക്കാതെ ഫ്റാൻസിസ് ഒരുദിവസംപോലും തള്ളിവിട്ടില്ല.

കൊന്തനമസ്കാരത്തിലെ ഓരോ രഹസ്യത്തിലും അടങ്ങിയിരിക്കുന്ന സംഭവങ്ങൾ ഒരു ചിത്രമായി മനോനേത്രങ്ങൾവഴി ദൎശിച്ചു് അതിന്മേൽ ധ്യാനിച്ചുകൊണ്ടായിരുന്നു ഫ്റാൻസീസ് കൊന്ത നമസ്കരിച്ചിരുന്നതു്. ലൂസിയും ജസിന്തയും ഫ്റാൻസിസിനെ അനുകരിച്ചു.

ദിവസങ്ങൾ കഴിയുംതോറും കൂടുതൽകൂടുതൽ ജനങ്ങൾ ഭക്തിപൂൎവ്വം കൊന്തയെത്തിക്കാൻതുടങ്ങി. മാതാവിൻെറ അഭീഷ്ടാനുസരണം കോവയിൽ ഒരു കപ്പേള പണിയുന്നതിനുള്ള പദ്ധതികളും നിൎമ്മിച്ചു. പക്ഷേ, 1918 അവസാനത്തോടുകൂടി ഭയങ്കരമായ ഇൻഫ്ളുവെൻസാ യൂറോപ്പുമുഴുവൻ പടൎന്നുപിടിച്ചു. അതോടെ കപ്പേളപണിയും മററും നിറുത്തിവയ്ക്കേണ്ടതായിവന്നു.

നഗരങ്ങളിലും ഗ്രാമങ്ങളിലും ഇടവിടാതെ ശവസംസ്കാരമണിനാദം മുഴങ്ങി. ഫാത്തിമായിലും രോഗം വ്യാപിച്ചു. ജസിന്തയും ഫ്റാൻസിസും രോഗം പിടിപെട്ടു കിടപ്പിലായി.

ക്രിസ്മസ്സ് കാലത്തോടടുത്താണ് ഫ്റാൻസിസ് ശയ്യാവലംബിയായതു്. രണ്ടാഴ്ചയോളം രോഗിയുടെ സ്ഥിതി ആശങ്കാജനകമായിരുന്നു. പിന്നീടു് അല്പം ശാന്തത കണ്ടുതുടങ്ങി. ബന്ധുക്കളും കുടുംബാംഗങ്ങളും ഇതുകണ്ടു സന്തോഷിച്ചപ്പോൾ ക്ഷീണഭാവത്തിൽ തല കുലുക്കിക്കൊണ്ടു് ഫ്റാൻസിസ് പറഞ്ഞു:-"ഞാൻ ഇനി സുഖം പ്രാപിക്കയില്ല. ഞാൻ മരിക്കാൻപോകയാണ്."

"വിഡ്ഢിത്തം പറയാതിരിക്കു." അവൻെറ തലതൊട്ടമ്മ ശാസിച്ചു. "ഞാൻ മാതാവിനു് ഒരു നേൎച്ച നേൎന്നിട്ടുണ്ടു്. മാതാവു നിന്നെ സുഖപ്പെടുത്തുന്നപക്ഷം, നിന്നോളം തൂക്കം വരുന്ന ഗോതമ്പു് വിററു്, ആ പണം മാതാവിൻെറ നാമത്തിൽ കോവയിൽ പണിയുന്ന കപ്പേളവകയ്ക്കു കൊടുക്കാമെന്നു്."

"അമ്മ ആ നേൎച്ച നിറവേററേണ്ടിവരികയില്ല."

ഫ്റാൻസിസിൻെറ വാക്കുകൾ മാൎട്ടോകുടുംബത്തെ വല്ലാതെ അമ്പരപ്പിച്ചു. കഠിനജ്വരത്തിൽനിന്നു സുഖം പ്രാപിച്ചു് അടുത്ത മുറിയിൽ കിടന്നിരുന്ന ജസിന്തയ്ക്കു് സഹോദരൻ പറഞ്ഞതു മനസ്സിലായി. ഫ്റാൻസിസിനെ സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോകാമെന്നു മാതാവു പറഞ്ഞിരുന്ന സമയം ആസന്നമായിരിക്കുമെന്നു് അവൾ വിചാരിച്ചു.

"മാതാവു വന്നു് സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതെന്നാണെന്നു ഫ്റാൻസിസിനോടു പറഞ്ഞിരിക്കാം. എന്നെ സ്വൎഗ്ഗത്തേക്കു കൊണ്ടുപോകുന്നതും എപ്പോളാണെന്നു പക്ഷേ മാതാവു പറഞ്ഞിട്ടുണ്ടായിരിക്കും. ഹാ! അതൊന്നറിഞ്ഞിരുന്നെങ്കിൽ!" ജസിന്ത അത്യധികമായി ആഗ്രഹിച്ചു.

എന്നാൽ ആ സമയംവരെ മാതാവു ഫ്റാൻസിസിനു കാണപ്പെട്ടില്ല. ഏതാനും ദിവസം കഴിഞ്ഞു് മററാരുമില്ലാതിരുന്ന സമയത്തു് ആ രണ്ടുകുട്ടികൾക്കും മാതാവു പ്രത്യക്ഷപ്പെട്ടു. സുപരിചിതമായ വേഷത്തിൽ കാണപ്പെട്ട സ്വൎഗ്ഗീയരാജ്ഞിയെ കണ്ടപ്പോൾ കുട്ടികളുടെ ഹൃദയങ്ങളിൽ അലൗകികമായ ആനന്ദം നിറഞ്ഞു തുളുമ്പി. പരിശുദ്ധകന്യക എത്ര മനോഹാരിണിയാണു്! കാരുണ്യവതിയാണു്!! മാതൃതുല്യയാണു്! എന്നെന്നേക്കും അവരെ കണ്ടുകൊണ്ടിരിക്കുന്നതുതന്നെ എന്തൊരു സുഖമാണു്.

അവരെ സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതിനാണോ മാതാവു വന്നിരിക്കുന്നതു്? അവർ രണ്ടുപേരും ഉടൻതന്നെ മരിക്കുമോ? അങ്ങനെയെങ്കിൽ, മാതാവിൻെറ സംരക്ഷണത്തിൽ അൎപ്പിക്കപ്പെടുന്നതിനും സ്വൎഗ്ഗത്തിലെത്തി പുണ്യവാന്മാരെയും മാലാഖമാരെയും ദൈവത്തെയും കാണുന്നതിനും അവൎക്കു് എളുപ്പമാകുമല്ലോ............

ഏതായാലും ഫ്റാൻസിസിൻെറ മരണം വളരെ വിദൂരത്തിലല്ല. ഒട്ടുവളരെ ആഴ്ചത്തേക്കു് അവൻ രോഗിയായിരുന്നു.........ജസിന്തയോ? അവളും വളരെയധികം സഹിക്കേണ്ടിവന്നു.

മാതാവു് കുട്ടികളുടെ മനോഗതം മനസ്സിലാക്കി.

"ഫ്റാൻസിസ് ഇപ്പോൾത്തന്നെയില്ല. എന്നാൽ ഞാൻ വാഗ്ദാനം ചെയ്തിരുന്നതുപോലെതന്നെ താമസിയാതെ വന്നു ഫ്റാൻസിസിനെ സ്വൎഗ്ഗത്തേക്കു കൊണ്ടുപോകും. പക്ഷേ, ജസീന്തേ, ത്യാഗങ്ങൾ സഹിച്ചും, കൂടുതൽ പാപികളെ മാനസാന്തരപ്പെടുത്തിയും ജീവിതം നയിക്കുവാൻ നിനക്കു സമ്മതമാണോ?" മാതാവു മന്ദഹാസത്തോടെ ചോദിച്ചു. ഫ്റാൻസിസിനോടൊന്നിച്ചു സ്വൎഗ്ഗത്തിൽ പോകുവാൻ അവൾക്കു അതിമാത്രമായ ആകാംക്ഷയുണ്ടായിരുന്നെങ്കിലും, ദൈവഹിതം മാത്രം അനുവൎത്തിക്കയും, ദൈവത്തെ പ്രസാദിപ്പിക്കുന്നതുമാത്രം ആഗ്രഹിക്കയും ദൈവത്തെ മഹത്വപ്പെടുത്തുന്നതുമാത്രം ചെയ്കയുമാണ് വേണ്ടതെന്നു് അവൾ സ്വയം സമാധാനപ്പെട്ടു.

"ദൈവം തിരുവുള്ളമാകുന്നിടത്തോളം കാലം ഞാൻ ത്യാഗങ്ങൾ സഹിച്ചുകൊള്ളാം. എനിക്കു കഴിവുള്ളിടത്തോളം ആത്മാക്കളെ ഞാൻ രക്ഷിച്ചുകൊള്ളുകയും ചെയ്യാം."

"നീ വളരെയധികം സഹിക്കണം. നീ ഒരു ആശുപത്രിയിലും കൂടെ പോകേണ്ടിവരും. എന്നാൽ ഇവയൊരോന്നും പാപികളുടെ മാനസാന്തരത്തിനായും മറിയത്തിൻെറ വിമലഹൃദയത്തോടു ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായും ഈശോയോടുള്ള സ്നേഹത്തെക്കുറിച്ചും നീ സഹിക്കണം."

ഇത്രയും പറഞ്ഞിട്ടു് കുട്ടികളെ രണ്ടുപേരെയും കാരുണ്യപൂൎവ്വം കടാക്ഷിച്ചുകൊണ്ടു് സ്വൎഗ്ഗീയരാജ്ഞി കാഴ്ചയിൽനിന്നു മറഞ്ഞു.

ഈ വിശേഷവാൎത്ത ലൂസിയെ അറിയിക്കുവാൻ അവർ തിടുക്കം പൂണ്ടു.

*Rights reserved to Chev. Joseph Thaliath.

ഒരു ദിവസം വൈകുന്നേരം സ്കൂൾവിട്ടു ലൂസി അവരെ കാണാൻ ചെന്നു.

"ഞാൻ സുഖം പ്രാപിക്കയില്ല." ഫ്രാൻസിസ് പറഞ്ഞു.

ലൂസിയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു.

"നീ മാതാവു് ആവശ്യപ്പെട്ടിടത്തോളം കൊന്ത ചൊല്ലിത്തീർത്തിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നീ വേണ്ടിടത്തോളം സഹിച്ചുകഴിഞ്ഞെന്നു മാതാവു തീരുമാനിച്ചിരിക്കുന്നതായും എനിക്കു തോന്നുന്നു." ഫ്രാൻസിസിന്റെ അത്യധികം ക്ഷീണിച്ചിരിക്കുന്ന ശരീരത്തിൽ നോക്കിക്കൊണ്ടു ലൂസി പറഞ്ഞു.

"പക്ഷേ ഒരു കാര്യം എന്നെ വിഷമിപ്പിക്കുന്നുണ്ടു്."

"എന്താണതു്?"

"പള്ളിയിൽവച്ചു് എന്റെ ആദ്യകുർബാനസ്വീകരണം നടന്നിട്ടില്ലല്ലോ. ഞാൻ വേദോപദേശം പഠിച്ചിട്ടില്ല. ആ സ്ഥിതിക്കു് നമ്മുടെ കർത്താവിനെ സ്വീകരിക്കാൻ അവർ എന്നെ അനുവദിക്കുമോ?" ഫ്രാൻസിസിന്റെ വാക്കുകളിൽ തീവ്രമായ അഭിനിവേശം പ്രതിഫലിച്ചിരുന്നു. ഇതു് ഒരു ന്യായമായി സമർപ്പിച്ചു് അവൻ സമാധാനപ്പെട്ടു.

കുലുക്കി. "ഇതിനുംപുറമെ ഞാൻ എന്താണു ചെയ്യേണ്ടതു്?"


"എനിക്കു കൂടുതലായൊന്നും ഓർമ്മയില്ല. പക്ഷേ ജസിന്തയ്ക്കു് ഓർമ്മയുണ്ടായിരിക്കും. നിങ്ങളെല്ലാരുമിച്ചാണല്ലോ താമസിക്കുന്നതു്." ലൂസി പറഞ്ഞു.

ജസിന്ത രോഗിയുടെ മുറിയിൽ വന്നു. കുറേനേരത്തെ ആലോചനയ്ക്കു ശേഷം, മാതാവിന്റെ ആദ്യദർശനത്തിനുമുമ്പു്, ഒരു കുട്ടിക്കൊപ്പം വാങ്ങാനായി പിതാവിന്റെ മടിശ്ശീലയിൽ നിന്നും അനുവാദംകൂടാതെ പത്തു സെന്റു് എടുത്തവിവരം ജസിന്ത സഹോദരനെ ഓർമ്മിപ്പിച്ചു. ഫാത്തിമായിലെ ചില കുട്ടികൾ അയൽപ്പട്ടണത്തിലെ കുറെ കുട്ടികളെ കല്ലുവാരിയെറിഞ്ഞ കൂട്ടത്തിൽ ഫ്രാൻസിസും ഉൾപ്പെട്ടിരുന്നു.

"അതെല്ലാം ഞാനോർക്കുന്നു; എനിക്കു വേദനയുണ്ടു്. പക്ഷേ, കൂടുതലായി ഞാനെന്തെങ്കിലും ചെയ്തിട്ടുണ്ടോ ജസിന്തേ?"

കൂടുതലായൊന്നും ഓർമ്മിക്കുവാൻ ജസിന്തയ്ക്കും കഴിഞ്ഞില്ല.

"നമ്മുടെ കർത്താവിനു് ഉപദ്രവകരമായ ഈ പാപങ്ങളെക്കുറിച്ചും, കൂടുതലായി വല്ലതുമുണ്ടെങ്കിൽ അവയെക്കുറി



മരണാസന്നനായ ഫ്രാൻസിസിനെ ലൂസിയും ജസിന്തയും സന്ദർശിക്കുന്നു.

ഉയിർപ്പുതിരുനാൾ സമീപിച്ചു. വിശ്വാസികളുടെ കൂദാശാസ്വീകരണത്തിൽ വികാരിയച്ചൻ വേണ്ട ജാഗ്രത പ്രദർശിപ്പിച്ചു. വേദോപദേശം മുഴുവൻ പഠിച്ചുതീർന്നില്ലെങ്കിലും, കുമ്പസാരം, കുർബാന എന്നീ കൂദാശകളെപ്പറ്റി സാമാന്യജ്ഞാനം ഫ്രാൻസിസിനുണ്ടായിരുന്നതിനാൽ ഉടൻതന്നെ അവന്റെ ആദ്യകുർബാനസ്വീകരണം നടത്തിക്കൊടുക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ഇതറിഞ്ഞപ്പോഴുള്ള ഫ്രാൻസിസിനുണ്ടായ സന്തോഷം അവർണ്ണ്യമായിരുന്നു.

"എന്റെ മനസ്സാക്ഷിയെ പരിശോധിക്കാൻ നിങ്ങളെന്നെ സഹായിക്കണം. നമ്മുടെ കർത്താവു് എഴുന്നെള്ളിവരുമ്പോൾ എന്റെ ആത്മാവു് ഏറ്റവും നിർമ്മലമായിരിക്കാൻ ഞാനാഗ്രഹിക്കുന്നു." ഫ്രാൻസിസ് ലൂസിയോടു പറഞ്ഞു.

അതനുസരിച്ചു്, പാപങ്ങളെപ്പറ്റി ഓർക്കുന്നതിനും പശ്ചാത്തപിക്കുന്നതിനും ലൂസി ഫ്രാൻസിസിനെ ആവുന്നതു സഹായിച്ചു.

"അമ്മവീട്ടിലിരിക്കാൻ പറഞ്ഞപ്പോൾ പലപ്പോഴും പുറത്തേക്കു് ഓടിപ്പോയിട്ടില്ലേ? അമ്മ വിളിക്കുന്നതു കേൾക്കുന്നില്ലെന്നു പലപ്പോഴും ഭാവിച്ചിട്ടില്ലേ?"

"ഉവ്വ്, ഞാൻ ഓർമ്മിക്കുന്നുണ്ടു്." ഫ്രാൻസിസ് ശോകഭാവത്തിൽ തല

ച്ചും നീ ദുഃഖിക്കുന്നു എന്നു് അച്ചൻ വരുമ്പോൾ അദ്ദേഹത്തോടു പറയുക. ഒരു നല്ല കുമ്പസാരത്തിനു് അതുമതി."

ഉയിർപ്പിനു് ഏതാനും ദിവസംമുമ്പു്, ഏപ്രിൽ രണ്ടാം തീയതി, ഫ്രാൻസിസ് കുമ്പസാരിച്ചു. പിറ്റേദിവസം രാവിലെ ആദ്യകുർബാന സ്വീകരിക്കയും ചെയ്തു.

ലൂസിയും ജസിന്തയും രോഗിയുടെ മുറിയിൽ വന്നു. ഫ്രാൻസിസിന്റെ മുഖത്തു് പുതിയൊരു പ്രകാശം വ്യാപിച്ചിരിക്കുന്നതു് അവർ കണ്ടു.

"ഫ്രാൻസിസ്, ഇപ്പോൾ നിനക്കു വേദനയൊന്നുമില്ലേ?"

"ഇല്ല; വേദനയെല്ലാം പോയി."

"നിന്നെ സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ ഇന്നു മാതാവു വരുമെന്നു നീ വിചാരിക്കുന്നുണ്ടോ?"

"എനിക്കറിഞ്ഞുകൂടാ. കുർബാന കൈക്കൊണ്ടതിനാൽ, ഇനി എന്തുവന്നാലും തരക്കേടില്ല."

"നീ സ്വർഗ്ഗത്തു ചെല്ലുമ്പോൾ നമ്മുടെ കർത്താവിനും മാതാവിനും എന്റെ ആശംസകൾ നല്കണേ! പാപികൾക്കുവേണ്ടിയും മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ദ്രോഹങ്ങൾക്കു പരിഹാരമായും, അവർ ആഗ്രഹിക്കുന്നിടത്തോളം സഹിക്കാൻ ഞാൻ ശ്രമിക്കാമെന്നും അവരോടു പറയണേ!"

"അതൊക്കെ ഞാൻ പറയാം."

ലൂസി കട്ടിലിനരികെ മുട്ടുകുത്തിക്കൊണ്ടു യാചിച്ചു: "ഫ്രാൻസിസേ, നീ സ്വർഗ്ഗത്തിലിരുന്നു ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ!"

"തീർച്ചയായും ഞാൻ പ്രാർത്ഥിക്കും. നിങ്ങളെ രണ്ടുപേരെയും വേഗം സ്വർഗ്ഗത്തിലേക്കെടുക്കാൻ ഞാൻ നമ്മുടെ കർത്താവിനോടു പ്രാർത്ഥിക്കും.......എന്നാൽ, ഇന്നു നിങ്ങൾ എനിക്കുവേണ്ടിക്കൂടെ കൊന്തയെത്തിക്കണം. ഞാനിന്നു തീരെ അവശനായിരിക്കുന്നു."

അപ്രകാരം ചെയ്യാമെന്നു് അവർ വാക്കു കൊടുത്തു അനന്തരം അവർ അവിടെനിന്നു പിരിഞ്ഞു.

അവർ മുറിയിൽനിന്നും വെളിയിലേക്കു കടന്നപ്പോൾ മരണമണിനാദം കേട്ടു കരിശടയാളം വരച്ചുകൊണ്ടു ജസിന്ത പറഞ്ഞു: "ഇനി ഇതു മാതിരി ഒരു മണിനാദം മുഴങ്ങുമ്പോൾ......അതു് ആരായിരിക്കും......?"

---

എന്റെ അമ്മയുടെ പ്രസവം, ഇതു പ്രാവശ്യം വളരെ വിഷമങ്ങൾ ഉണ്ടാകുമെന്നു പല ഡോക്ടർമാരും അഭിപ്രായപ്പെട്ടുവെങ്കിലും വി: യൌസേപ്പിതാവിന്റെയും, അൽഫോൻസാമ്മയുടെയും അതിരറ്റ അനുഗ്രഹങ്ങളാൽ, 5 മിനിട്ടിനുള്ളിൽ യാതൊരു വിഷമങ്ങളും കൂടാതെ നടന്നതിനു ഉപകാരസ്മരണ.

John Thomson Olakkangil.

---

# പ്രാദേശികവാർത്തകൾ

അങ്കമാലിയിലെ സെന്റ് വിൻസെന്റ സ് പെറ്റിസെമ്മിനരിയിൽ സ്ഥാപിതമായിരിക്കുന്ന സാഹിത്യസമാജത്തിന്റെ ദ്വിതീയവാർഷികം വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി അവർകളുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 15 ാംനു കൊണ്ടാടിയിരിക്കുന്നു.

—തിരുവനന്തപുരം കാത്തലിക് ഹോസ്റ്റൽ ദിനവും ഗ്രോഷ്യവും ഫെബ്രുവരി 12-ാംനു മൊറ് റവ. ഡോക്ടർ വിൻസെന്റു് ഡെരേരേ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ മന്ത്രി ശ്രീ ഇ. ജോൺ ഫിലിപ്പോസ്, കമ്മ്യൂണിസ്റ്റ് വിപത്തിനെ നേരിടുന്നതിനു് ക്രൈസ്തവയുവാക്കന്മാർക്കുള്ള കഴിവിനെ പരാമർശിച്ചു് ഒരു പ്രസംഗം ചെയ്തു. ശ്രീ ഏ. ടി. ദേവസ്യ ബി. എ. ആണ് മറുപടിപ്രസംഗം നിർവ്വഹിച്ചതു്.

—കാട്ടൂർ വടക്കുംമുറി പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന കത്തോലിക്കാ യുവജനസംഘത്തിന്റെ പ്രഥമവാർഷികയോഗം ഫെബ്രുവരി 12-ാംനു വെരി റവ. ഫാ. ആന്റണി തെക്കിനിയത്തു് എസ്. ടി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു ശ്രീ തോമസ് മാളിയേക്കൽ ബി. എ. ബി. എൽ. പ്രസംഗിച്ചു.

—പാവർട്ടി സെന്റ് ജോസഫ്സ് ഹൈസ്കൂൾ വാർഷികദിനം റവ. ഫാ. അബ്രാഹം വടാശ്ശേരി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. തൽസംബന്ധമായി സ്കൂൾസ്റ്റുഡന്റുകളുടെ ധനഃശേഖരാർത്ഥം സുപ്രസിദ്ധ കാഥികൻ ശ്രീ ജോസഫ് ചിറയേടൻ പാർട്ടിയുടെ "മുണ്ടാളിനി" കഥാപ്രസംഗം നടത്തപ്പെട്ടു. സ്കൂൾഭാരവാഹികൾ കാഥികനു് ഒരു കീർത്തിമുദ്ര സമ്മാനിക്കയുണ്ടായി.

—കരുവന്നൂർ മരിയസഖ്യത്തിന്റെ 26-ാം വാർഷികം റവ. ഫാ. സക്കറിയാസ് വാഴപ്പിള്ളി ഡി. ഡി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. അദ്ധ്യാപക ശ്രീ സി. ജെ. ആന്റണി പ്രസംഗിച്ചു.

—അമ്പാനിറപ്പേൽ ചെറുപുഷ്പമിഷൻലീഗിന്റെ ദ്വിതീയവാർഷികം ഫെബ്രുവരി 12-ാംനു റവ. ഫാ. ജേക്കബ് വെള്ളരിങ്ങാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. റവ. ഫാ. ജെ. മാലിപ്പറമ്പിൽ, മി. പി. ടി. ചാക്കോ എം. എ. എൽ എൽ. ബി., മി. കെ തോമസ് ബി. എ. എന്നിവർ ഹാരാ പ്രസംഗം ചെയ്തു. സമീപസ്ഥലങ്ങളിൽനിന്നും വിവിധജാഥകൾ വന്നിരുന്ന വസ്തുത പ്രസ്താവ്യമാണു്.

—പാലായിൽനിന്നു് രണ്ടര മൈൽ കിഴക്കുമാറി സ്ഥിതിചെയ്യുന്ന പാമ്പൂരാമ്പാറ മലമുകളിൽ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണിക്കു് ദിവ്യപൂജ, സ്ലീവാപാത മുതലായ ഭക്തകൃത്യങ്ങൾ നടത്തപ്പെടുന്നതാണു്. റവ. ഫാ. ജോൺ കച്ചിറമറ്റം, റവ. ഫാ. തോമസ് മണ്ണൂരാംപറമ്പിൽ. റവ. ഫാ. ജോസഫ് തണ്ണിപ്പാറ തുടങ്ങിയ വൈദികരുടെ പ്രസംഗങ്ങളും ഉണ്ടായിരിക്കുമെന്നറിയുന്നു

—കോന്തുരുത്തി, ലൂർദ്ദുപുരം, തേവര സെന്റ് ജോസഫ്സ്, തേവര കോവേന്ത എന്നീ നാലുപള്ളികൾ ചേർന്നു് അമ്പതുനോമ്പിലെ എല്ലാ ഞായറാഴ്ചയും കുരിശിന്റെ പ്രദക്ഷിണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കോന്തുരുത്തിപ്പള്ളിയിൽവച്ചു് 4 മണിക്കു് വിയാസാക്ര, പരിശുദ്ധ കുർബാനയുടെ വാഴ്വു് എന്നിവ നടത്തപ്പെടും. അനന്തരം അവിടെനിന്നും പുറപ്പെട്ടു് മാർഗ്ഗമദ്ധ്യേ ലൂർദ്ദുപള്ളി, തേവര സെന്റ് ജോസഫ്സ് പള്ളി എന്നിവ സന്ദർശിച്ചു് തേവര കോവേന്തപ്പള്ളിയിൽ എത്തിച്ചേരുന്നതായിരിക്കും. അവിടെവച്ചു ഓരോ ഞായറാഴ്ചകളിലും യഥാക്രമം വെരി റവ. ഫാ. ക്ലമെന്റ് സി ഡി., റവ. ഫാ. തെയോഫിലസ് സി. ഡി., എം. എ., റവ. ഫാ. തോമസ് മൂത്തേടൻ എം. എ., ഡി. ഡി., റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി., റവ. ഫാ. ഗാബ്രിയേൽ സി.ഡി., ബി. എസ് സി. ഓണേഴ്സ് റവ. ഫാ. തോമസ് വെള്ളത്തേടത്തു് എന്നിവരുടെ പ്രസംഗങ്ങൾ ഉണ്ടായിരിക്കും.

## ചരമം

കോടിക്കുളം ഇടവക ശ്രീ ചേലപ്പുറത്തു ഔസേപ്പു വർക്കി 77-ാമത്തെ വയസ്സിൽ ഫെബ്രുവരി 13-ാംനു നിര്യാതനായിരിക്കുന്നു.

## കാത്തലിക്ക് യൂണിയൻ ഓഫ് ഇന്ത്യ.

അഖിലഭാരത കത്തോലിക്കാ യൂണിയന്റെ 4-ാമത്തെ വാർഷികസമ്മേളനം ആജ്മീറിലെ സെന്റു് ആൻസ്ലംസ് ഹൈസ്കൂളിൽവച്ചു് മാർച്ചു് 11, 12 എന്നീ തീയതികളിൽ നടത്തപ്പെടുന്നതാണു്. മാർച്ചു് 9-ാംനു ഫാത്തിമാമാതാവിന്റെ പ്രതിമ ആജ്മീറിലെത്തുമ്പോൾ കത്തോലിക്കാ യൂണിയൻകാർ സമുചിതമായ ഒരു സ്വീകരണം നല്കുന്നതായിരിക്കും.

## "കത്തോലിക്കാ പ്രസിദ്ധീകരണപ്രദർശനം"

"എറണാകുളം ബോസ്കോ കലാസമിതിയുടെ ആഭിമുഖ്യത്തിൽ 1950 ഫെബ്രുവരി 26-ാംനു ഞായറാഴ്ച സ്ഥലം ഉണ്ണിമിശിഹാപ്പള്ളി അങ്കണത്തിൽവച്ചു ഒരു കത്തോലിക്കാ പ്രസിദ്ധീകരണ പ്രദർശനം നടത്തപ്പെടുന്നതാണു്. തദവസരത്തിൽ ഇന്ത്യാ, പാക്കിസ്ഥാൻ എന്നീ വിവിധരാജ്യങ്ങളിലെ നാനാഭാഷകളിലുള്ള കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പ്രദർശിപ്പിക്കപ്പെടും. രാവിലെ 6-15 നു അഖിലകേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട് ശ്രീ ഇ. പി. വർഗ്ഗീസ് ഉൽഘാടനകർമ്മം നിർവ്വഹിക്കുന്നതാണു്. 8 മണിക്കുള്ള ദിവ്യകർമ്മവേളയിൽ റവ ഫദർ മാത്യു കൊറ്റിയാത്തു് എം. എ അവർകൾ പ്രസംഗിക്കുന്നതാണു്. വൈകുന്നേരം 5-30 നു നടത്തപ്പെടുന്ന പൊതുയോഗത്തിൽ മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷം വഹിക്കുന്നതും ശ്രീ പി. റ്റി. തോമസ്സ് എം. എൽ. റ്റി. തദവസരത്തിൽ ഒരു പ്രസംഗം ചെയ്യുന്നതും ആയിരിക്കും. പൊതുയോഗാനന്തരം 6-45 നു "ഫാറ്റിമാമാതയുടെ കേരളസന്ദർശനം" "മെഡിക്കൽ മിഷനറി സൊസൈറ്റി, "വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയുടെ അമേരിക്കൻ പര്യടനം" എന്നീ സിനിമാചിത്രങ്ങൾ സൗജന്യമായി പ്രദർശിപ്പിക്കപ്പെടുന്നതാണു്".

---

Printed & Published by
K. L. Varkey
at the Lou s Memorial Press
Ernakulam.

# മോൺ: ഫൾട്ടൺ ജെ. ഷീൻ

(വറുഗീസ് ജെ. മാളിയേക്കൽ)

(തുടർച്ച)

മോൺ: ഷീൻ പേരിനുമാത്രം അമേരിക്കൻ "കാത്തലിക്ക് യൂണിവേഴ്സിററി"യിലെ ഒരദ്ധ്യാപകനാണ്. വാസ്തവത്തിൽ പുറമേയുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്റെ സർവ്വപ്രധാനമായ ജോലി. ഒരു മതപ്രാസംഗികൻ എന്ന നിലയിൽ വിശ്രുതനായ അദ്ദേഹത്തിനു് രണ്ടു കൊല്ലം മുൻപു തന്നെ അതിനു പിൽക്കാലത്തേക്കുള്ള കാര്യപരിപാടികൾ രൂപീകരിക്കേണ്ടിവരുന്നു എന്നു പറയുമ്പോൾത്തന്നെ അദ്ദേഹത്തിന്റെ ജോലിത്തിരക്കിനെക്കുറിച്ചു് ഏകദേശരൂപമെങ്കിലും നമുക്കു ലഭിക്കുമെന്നു തോന്നുന്നു. യൂണിവേഴ്സിററിയിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യംവീതമുള്ള അദ്ദേഹത്തിന്റെ ക്ലാസ്സുകൾ ഏററവും അധികം ജനനിബിഡമായിട്ടാണ് കണ്ടുവരിക.

മാതൃവഴിക്കും പിതൃവഴിക്കും ഐറിഷ് കുടുംബക്കാരനായ അദ്ദേഹം തന്റെ വംശപരമ്പരയെക്കുറിച്ചു് എപ്പോഴും അഭിമാനിക്കുന്നു. നാലു് ആൺമക്കളുള്ള അദ്ദേഹത്തിന്റെ മാതാപിതാക്കളിൽനിന്നും അദ്ദേഹം മാത്രമാണ് വൈദികപദവിയിലേക്കുയർന്നതു്. ഒരാൾ ഒരു ഡോക്ടർ, ഒരാൾ ഒരു അഭിഭാഷകൻ മൂന്നാമൻ തികച്ചും ഒരു വർത്തകപ്രമാണിയല്ലെങ്കിലും ഒരു വാണിജ്യസംഘത്തിന്റെ നിർവ്വാഹകൻ എന്നീ നിലകളിലാണ് അദ്ദേഹത്തിന്റെ മൂന്നു സഹോദരന്മാരും അറിയപ്പെട്ടുവരുന്നതു്.

"സ്പാൽഡിംഗ് ഇൻസ്റ്റിററ്യൂട്ട്" (Spalding Institute) എന്ന കത്തോലിക്കാ ഹൈസ്കൂളിലെ പഠനത്തിനു ശേഷം യുവാവായ ഫൾട്ടൺ 1913-ൽ സെൻറ് വിയാത്തർ കോളെജിൽ അഭ്യസനം ആരംഭിച്ചു അവിടെനിന്നും ഇംഗ്ലീഷുഭാഷയിൽ അസാമാന്യവാഗ്മിത്വം കൈവശമാക്കിയശേഷം പ്രസ്തുതകോളെജിനോടനുബന്ധിച്ചുള്ള സെൻറ് വിയാത്തർ സെമ്മിനാരിയിൽ ചേർന്നു് മതാദ്ധ്യയനം നടത്തി. ആയതു് "സെൻറ് പോൾ മിന്നി"ലുള്ള "സെൻറ് പോൾ സെമ്മിനാരി"യിൽ പൂർത്തിയാക്കി 1919-ൽ വൈദികനായി ദിവ്യപൂജയർപ്പിച്ചു.

പ്രത്യേകബിരുദങ്ങൾക്കുവേണ്ടിയുള്ള പഠനം അമേരിക്കൻ "കാത്തലിക്ക് യൂണിവേഴ്സിററി", "ലൂവെയിൻ, ബെൽജിയം", റോമായിലെ "അൻജലിക്കാ യൂണിവേഴ്സിററി", പാരീസിലെ "സോർബോൺ", ഇംഗ്ലണ്ടിലെ "ഓക്സ്ഫോർഡ്" എന്നിവിടങ്ങളിലാണ് അദ്ദേഹം നിർവ്വഹിച്ചതു്. ലൂവെയിനിൽനിന്നു് Agrege en Philosophy എന്ന PhD ക്കു മേലായ ബിരുദം അദ്ദേഹം കരസ്ഥമാക്കുകയുണ്ടായി. 1925-ൽ, ഫിലോസഫിക്കുള്ള കാർഡിനൽ മെഴ്സിയർ സമ്മാനം ലഭിച്ച ആദ്യത്തെ അമേരിക്കൻ അദ്ദേഹമായിരുന്നു.

ലണ്ടനിൽ സോഹോസ്ക്വയറിൽ സെൻറ് പാട്രിക്സിലെ പ്രസംഗത്തിനുശേഷം വെസ്റ്റ്മിനിസ്റ്ററിൽ ഒരു പ്രഭാഷണത്തിനായും പ്രസ്തുതരൂപതയിലെ തിയോളജിക്കൽ സെമ്മിനാരിവക സെൻറ് എഡ്മണ്ട്സ് കോളെജിൽ പഠിപ്പിക്കുന്നതിനായും അദ്ദേഹം ക്ഷണിക്കപ്പെടുകയുണ്ടായി. അമേരിക്കയിലേക്കുള്ള മടക്കയാത്രയിൽ 1926-ൽ സെൻറ് പാട്രിക്സിലെ അസിസ്റ്റൻറ് പാസ്റ്ററായി അദ്ദേഹം നിയമിക്കപ്പെട്ടു. "പ്രിയോറിയാ"യുടെ "ബോൺടോൺ" ഇടവകജോലികളിൽ വ്യാപൃതനായിരിക്കയിൽത്തന്നെ പല കോളെജ്കളിലും പ്രസംഗിക്കുന്നതിനായി പോകേണ്ടിയിരുന്നെങ്കിലും സ്ഥലംമാററത്തിനു് അദ്ദേഹം ആവശ്യപ്പെട്ടില്ല. എട്ടു സംവത്സരങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ മേലധികാരിയായ ബിഷപ്പ് ഈ. എം. ഡൺ അദ്ദേഹത്തെ ഫോണിൽ വിളിച്ചു.

"കത്തോലിക്ക് സർവ്വകലാശാലയിലെ ഒരു പ്രൊഫസറായി മൂന്നു വർഷം മുൻപു് ഞാൻ നിങ്ങളെ നിശ്ചയിച്ചതാണ്. എന്നാൽ യൂറോപ്പിൽ നിങ്ങൾക്കു ലഭിക്കുന്ന പ്രവർത്തനവിജയം നിങ്ങളെ അഹങ്കരിപ്പിച്ചേക്കുമെന്നു ഞാൻ അന്നു ഭയപ്പെട്ടിരുന്നു. പക്ഷേ മറിച്ചാണ് സംഭവിച്ചിരിക്കുന്നതു്. നിങ്ങൾ വളരെ അനുസരണയുള്ള ഒരു കുട്ടിയാണെന്നു് എനിക്കു ബോദ്ധ്യമായിരിക്കയാൽ ഇനി ആവുന്നത്രവേഗം നിങ്ങൾ ലോകത്തെ പഠിപ്പിക്കുക" എന്നു് അദ്ദേഹം മോൺ: ഷീനിനോടു പറയുകയുണ്ടായി. യുദ്ധകാലംവരെ എല്ലാ വേനലിനും മോൺ: ഷീൻ യൂറോപ്പിലേക്കു മടങ്ങി ലണ്ടനിലെ ഗ്ലാസ്ഗോ യൂണിവേഴ്സിററിയിൽ പ്രസംഗങ്ങളും മതാദ്ധ്യയനവും നടത്തുക പതിവായിരുന്നു. അദ്ദേഹത്തിന്റെ ആ വിദേശവാസക്കാലം മുഴുവൻ ഇന്നു് പന്ത്രണ്ടാം പീയൂസ് പാപ്പായായി ഭാഗ്യമോടെ വാഴുന്ന അന്നത്തെ പേപ്പൽ സിക്രട്ടറി ഓഫ് സ്റ്റേററ് എവുജിനോ കാർഡിനൽ പച്ചെല്ലിയുമായി ഏററവും അടുത്ത സ്നേഹബന്ധം പുലർത്തുന്നതിനു അവസരം നൽകി. 1943-ൽ 11-ാം പീയൂസ് പാപ്പാ തിരുമേനി അദ്ദേഹത്തിനു് "വെരി റവ. മോൺസിഞ്ഞോർ" സ്ഥാനം കൊടുത്തു് "പേപ്പൽ ചേംബർലെയിൻ" ആയി ഉയർത്തി. അടുത്തവർഷം അദ്ദേഹം അതിൽനിന്നും ഒരുപടികൂടി മുന്നോട്ടു കടന്നു് "ഡൊമസ്റ്റിക്ക് പ്രിലേററാ"യിത്തീരുകയും ചെയ്തു.

1930-ൽ റേഡിയോയാരംഭിച്ച "പുരമുകളിൽ പ്രസംഗിക്കുക" എന്ന ക്രിസ്തുനാഥന്റെ കല്പന നിറവേററുന്നതിനായി ക്ഷണിക്കപ്പെട്ടു തുടർച്ചയായി എല്ലാ മഞ്ഞുകാലങ്ങളിലും ഈസ്റ്ററോടുകൂടി അവസാനിക്കത്തക്കവിധം അനിശ്ചിതത്വനിർഭരമായ ലോകത്തിനു് സുനിശ്ചിതത്വം വാഗ്ദാനം ചെയ്യുന്ന സഭയുടെ തത്വസംഹിതകളെ അദ്ദേഹം പ്രഭാഷണപരമ്പരകളാൽ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുമായിരുന്നു. അങ്ങനെ അനേകായിരങ്ങൾ സഭയെ ആശ്ലേഷിക്കുന്നതിനുവേണ്ട വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുകയും അവ പ്രസിദ്ധം ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തുകൊണ്ടു് അദ്ദേഹത്തിനെഴുതുകയും അദ്ദേഹം വളരെയധികം സഹിഷ്ണുതയോടെ അവയ്ക്കെല്ലാം ലളിതസുന്ദരവും മനസ്സന്തുഷ്ടിപ്രദായകവുമായ രീതിയിൽ മറുപടി നൽകുകയും ചെയ്യുമായിരുന്നു. അങ്ങനെ ഒരു കൊല്ലത്തിൽത്തന്നെ ഉദ്ദേശം 6000 വാക്കുകൾ വീതമുള്ള 12 റേഡിയോ പ്രഭാഷണങ്ങൾ അദ്ദേഹം നടത്തി. അതിന്റെ തലേക്കൊല്ലം നമസ്കരിക്കുവാൻ ജപമാല കൈവശമില്ലാത്തവർക്കു് താൻ ആയതു സൗജന്യമായി നൽകുന്നതാണെന്നു് ഒരു ചെറിയ റേഡിയോ പ്രസംഗത്തിൽ അദ്ദേഹം വാഗ്ദാനം ചെയ്തതിൽ 50000 അപേക്ഷകരാണുണ്ടായിരുന്നതു്. ഏതാനും സംവത്സരങ്ങൾക്കു മുൻപു് അദ്ദേഹം ചെയ്ത ഒരു റേഡിയോ പ്രസംഗം മുപ്പത്തയ്യായിരം വാക്കുകളടങ്ങിയതായിരുന്നു എന്നും അതിൽ 17½ ലക്ഷം ജനങ്ങൾ സംബന്ധിച്ചിരുന്നു എന്നും ഒരു സ്ഥിതിവിവരക്കണക്കുവിദഗ്ദ്ധൻ പ്രസ്താവിച്ചിരിക്കുന്നു.

1946-ൽ ഒരൊററ വർഷംതന്നെ വിവാഹമോചനം ആഗ്രഹിക്കുന്ന നിരവധി ആളുകളുടെ എഴുത്തുകൾ വിദഗ്ദ്ധോപദേശം അർത്ഥിച്ചുകൊണ്ടു് അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു എന്നുള്ളതും സവിശേഷം സ്മരണീയമാണ്. ഒരു സായാഹ്നത്തിൽത്തന്നെ വിവാഹവിഷയകമായ സദുപദേശം നൽകുന്ന അൻപതു മറുപടിക്കത്തുകളോളം തയാറാക്കുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു എന്നുള്ളതു് മോൺ: ഷീനെ സംബന്ധിച്ചിടത്തോളം ഒട്ടുംതന്നെ അസാധാരണമായിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു വർഷത്തെ തപാൽച്ചെലവുമാത്രം എണ്ണൂറു ഡോളറോളം വരുമായിരുന്നു എന്നു പറയുന്നതു് വെറും പരമാർത്ഥം മാത്രമത്രെ.

വിദൂരദേശങ്ങളിൽനിന്നു്—ഇൻഡ്യയിൽനിന്നുതന്നെയും — അദ്ദേഹത്തിന്റെ പുസ്തകങ്ങൾക്കും മററു സഹായങ്ങൾക്കുമായി ലഭിക്കുന്ന നിരവധിയായ അഭ്യർത്ഥനകളും സ്മരണീയമാണ്. ഒരിക്കൽ "ബ്രൂക്ക്ലിൻ" എന്ന സ്ഥലത്തുനിന്നും ഒരാൾ ഒരു "ഓവർ കോട്ടു്" ആവശ്യപ്പെട്ടുകൊണ്ടു മോൺ: ഷീന്റെ പേർക്കു് എഴുതിയിരുന്നു. അദ്ദേഹം അവിടത്തെ "കത്തോലിക്ക് ചാരിററി" സംഘക്കാരോടു്, അയാൾക്കാവശ്യമുള്ള പക്ഷം ഒരു ഓവർകോട്ടു കൊടുത്തു് ബില്ല് തന്റെ പേർക്കു് അയക്കുവാൻ ഏർപ്പാടുചെയ്തു. അന്വേഷണത്തിൽ അയാൾക്കു് വാസ്തവത്തിൽ ഓവർകോട്ടു് ആവശ്യമില്ലായിരുന്നെന്നും അങ്ങനെ ഒന്നു് ആവശ്യപ്പെടുന്നവർക്കു് ആയതു കൊടുക്കാൻ അദ്ദേഹം മനസ്സാകുമോ എന്നറിയാൻ വേണ്ടിമാത്രം എഴുതിയിട്ടുള്ളതാണെന്നും മനസ്സിലാവുകയാൽ ആ വിവരം അവർ അദ്ദേഹത്തിനു റിപ്പോർട്ടുചെയ്തു.

മേൽപ്പറഞ്ഞ വിധത്തിൽ വിവിധങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സമീപനങ്ങൾക്കും അഭ്യർത്ഥനകൾക്കും ഫലപ്രദമായ പരിഹാരം യഥാർഹം നൽകുന്നതിനായി മോൺ: ഷീൻ ഒടുവിൽ തന്നെത്തന്നെ "അലബാമാ" രൂപതയിലെ മെത്രാനായ റവ. ജെ. റൂള്ളൻ തിരുമേനിക്കായി സമർപ്പിച്ചു. മോൺ: ഷീനിന്റെ സേവനം ഉപയോഗിച്ചു് തെക്കൻ പ്രദേശങ്ങളിൽ—വിശിഷ്യാ നീഗ്രോകളുടെയിടയിൽ — നിഷ്കർഷവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങൾ സമാരംഭിക്കുവാൻ ഇടയാവുകയും ചെയ്തു. അങ്ങനെ ബിഷപ്പ് തിരുമനസ്സിലെ ചിരപ്രതീക്ഷിതമായ അഭിലാഷം അചിരേണ പ്രാവർത്തികമായതിൽ അദ്ദേഹം അളവററ ചരിതാർത്ഥനായിത്തീർന്നു. മോൺ: ഷീൻ പ്രസംഗങ്ങൾ ചെയ്യുകയും അതിൽനിന്നു കിട്ടുന്ന ഗണ്യമായ ഫീസു് ബിഷപ്പ് റൂള്ളൻ തിരുമേനിക്കു് അയക്കുകയുമായിരുന്നു പതിവു്. ആ പണം യഥാർത്ഥത്തിൽ സഹായം അർഹിക്കുന്ന സൽപ്പാത്രങ്ങളിൽ അദ്ദേഹം യഥാവിധി നിക്ഷേപിച്ചുപോന്നു.

(തുടരും)

## വിൻസെൻഷ്യൻ സഭ

ധ്യാനപ്രസംഗങ്ങൾ, സാധുജനസേവനം മുതലായ മഹനീയലക്ഷ്യങ്ങളോടുകൂടി, തോട്ടകവും അങ്കമാലിയും കേന്ദ്രങ്ങളാക്കി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന വിൻസെൻഷ്യൻ കോൺഗ്രിഗേഷനിൽ ചേരാൻ ആഗ്രഹമുള്ള സ്കൂൾഫൈനൽ പാസ്സായ യുവാക്കൾ, പ്രസ്തുത കോൺഗ്രിഗേഷൻ വകയായി അങ്കമാലി ആശ്രമത്തിൽ നടത്തുന്ന പെററി സെമ്മിനാരിയിൽ ചേരുന്നതിനു് മാർച്ച് 31-ാംനു-ക്കു മുമ്പു് അപേക്ഷകൾ അയച്ചിരിക്കേണ്ടതാണ്. ഇക്കൊല്ലത്തെ സ്കൂൾഫൈനൽ പരീക്ഷയിൽ ചേരാനുള്ളവർക്കും അപേക്ഷകൾ അയക്കാം.

സുപ്പീരിയർ ജനറൽ
വിൻസെൻഷ്യൻ ഹൗസ്
തോട്ടകം—വൈക്കം

## ഭിക്ഷുവായ പ്രഭാഷകൻ

(4-ാം പേജ് തുടർച്ച)

യസ്വരത്തിൽ ഇംഗ്ലീഷും തമിഴും മലയാളവും കൂടിക്കലർന്ന മനോഹരശൈലിയിൽ അദ്ദേഹം സംസാരിച്ചുതുടങ്ങി. സദസ്യർ ഒരു പ്രഭാഷകനെയാണോ നടനെയാണോ പ്ലാററ്ഫോറത്തിൽ കണ്ടതെന്നു തീർത്തുപറഞ്ഞുകൂടാ. അത്രയ്ക്കു് അംഗവിക്ഷേപങ്ങളോടുകൂടി, അതുമാത്രം സ്തോഭസ്ഫുരണങ്ങളോടുകൂടി ആ പ്രസംഗം അങ്ങനെ നീണ്ടുനിന്നു. ഇടയ്ക്കിടയ്ക്കു് ആലോചനാമൃതമായ ചില ഫലിതങ്ങളും! അനുഗൃഹീതനായ ഒരു അദ്ധ്യാപകൻ, വേണ്ടത്ര വിശദീകരണങ്ങളോടും, വേണ്ടത്ര പശ്ചാത്തലചിത്രീകരണങ്ങളോടും, വേണ്ടത്ര തന്മയത്വത്തോടു കൂടി നടത്തുന്ന രസകരമായ ഒരു ക്ലാസ്സുപോലെ തോന്നി എനിക്കദ്ദേഹത്തിന്റെ പ്രസംഗം.

ക്രിസ്തീയപരസ്നേഹത്തേയും ജീവകാരുണ്യത്തേയുംകുറിച്ചു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നയനങ്ങൾ വികാരോജ്ജ്വലമാകുന്നതായും മുഖം, ഭാവതീവ്രമാകുന്നതായും, സ്വരം ഉദ്ധതരമാകുന്നതായും എനിക്കുതോന്നി. ഹൃദയത്തിന്റെ അഗാധഹ്രദങ്ങളിൽനിന്നു തിളച്ചുപൊങ്ങുന്ന ആത്മാർത്ഥതയുടെ നീരാവി ഘനീഭവിച്ചതായിരുന്നു ആ വാക്കുകളിൽ ഓരോന്നും. ഉപവിയുടെയും ദീനാനുകമ്പയുടെയും തെളിനീർ നിറഞ്ഞൊഴുകുന്ന ഒരു കൊച്ചരുവിപോലെ, ആ പ്രസംഗം ഒന്നരമണിക്കൂറോളം അങ്ങനെ അനുസ്യൂതമായി പ്രവഹിച്ചു.

ബ്ര. റെസ്റ്റിയുടെ പ്രസംഗം തീർന്നപ്പോൾ നേരം ഇരുട്ടിത്തുടങ്ങി. സ്നേഹിതനോടു യാത്രപറഞ്ഞിട്ടു് അപ്പോൾത്തന്നെ ഞാൻ വീട്ടിലേക്കുതിരിച്ചു. ബ്ര. റെസ്റ്റിയുടെ രൂപം— ക്രിസ്തീയപരിത്യാഗത്തിന്റെയും വിനയത്തിന്റെയും ദാരിദ്ര്യത്തിന്റെയും ആ സജീവസാക്ഷാൽക്കാരം— അപ്പോഴും എന്റെ ഹൃദയം വ്യക്തമായി കാണുന്നുണ്ടായിരുന്നു.

അസീസിയിലെ വിശുദ്ധന്റെ ജീവചരിത്രം വായിച്ചിട്ടു്, അനന്യദൃശ്യമായ ആ ത്യാഗപ്പൊലിമയുടെനേരെ നെററിചുളിക്കുന്ന സംശയാലുക്കളേ, ഈ ഇരുപതാംനൂററാണ്ടിലും അന്യൂനമായ ഫ്രാൻസിസ്കൻജീവിതം അത്രമാത്രം സുപ്രാപമാണെന്നല്ലേ ആ രൂപം അസന്നിഗ്ദ്ധമായി വിളിച്ചറിയിക്കുന്നതു്? ലൗകികമായ പലതും സന്ന്യായം കാംക്ഷിക്കാനർഹതയുണ്ടായിരുന്ന ഒരാൾ, ലൗകികമായ യാതൊന്നും അഭിലഷിക്കാതെ, ക്രിസ്തുവിനുവേണ്ടി എല്ലാം ത്യജിക്കുവാനും സഹിക്കുവാനും തയാറായെങ്കിൽ, ഉൽക്കടമായ ആ ത്യാഗത്തിനു പ്രചോദനം നൽകുന്ന ആദർശസംഹിത വിശേഷാൽ മഹത്തമല്ലെന്നാർ പറയും? കത്തോലിക്കാസഭയുടെ ചരിത്രംതന്നെ, ഇതുപോലുള്ള അനേകായിരം പരിത്യാഗികളുടെയും പതിതകാരുണികരുടെയും രക്തസാക്ഷികളുടെയും മധുരോദാരവും കർമ്മദീപ്തവുമായ ജീവിതങ്ങളുടെ ഒരു സമാഹാരംതന്നെയല്ലേ? ഇത്രയേറെ മഹാത്മാക്കളെ, സ്ത്രീപുരുഷഭേദംവിനാ സഹോദരസേവനത്തിന്റെ യാഗവേദികയിൽ ആത്മാഹുതിക്കു സന്നദ്ധരാക്കുവാൻ ലോകത്തിൽ ഏതൊരു മതസ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ടു്, കത്തോലിക്കാസഭയ്ക്കല്ലാതെ? കത്തോലിക്കാസഭയുടെ നൂററാണ്ടുകൾക്കപ്പുറംമുതലുള്ള സേവനോജ്ജ്വലമായ ചരിത്രത്തെ, നമ്മുടെ മഹനീയമായ പാരമ്പര്യമനുസരിച്ചു കാത്തുസൂക്ഷിച്ചു പരിപുഷ്ടിപ്പെടുത്തേണ്ട കടമ നമുക്കില്ലേ? സഭാചരിത്രത്തിന്റെ ഇന്നത്തെ താളുകൾക്കു നിറംപിടിപ്പിക്കുവാൻ നാം നമ്മുടെ ഭാഗം നിർവ്വഹിക്കുന്നുണ്ടോ? അത്മായാപ്പസ്തോലത്വത്തിന്റെ മൂർത്തീകരണമായ ബ്ര. റെസ്റ്റിയുടെ വഴികളിലൂടെ കുറച്ചുദൂരം നമുക്കും സഞ്ചരിച്ചുകൂടേ?

വീട്ടിൽചെന്നു്, അത്താഴംകഴിച്ചു് ഉറങ്ങാൻകിടന്നപ്പോഴും, ഈവിധത്തിലുള്ള ചിന്തകൾ എന്റെ ഹൃദയത്തിൽ ഉയർന്നുകൊണ്ടിരുന്നു.

## ഒരഭ്യർത്ഥന

എന്റെ ഏജൻസി അതിർത്തിയിൽ സത്യദീപം ആവശ്യപ്പെടുന്ന എല്ലാവർക്കും യഥാസമയം എത്തിച്ചുകൊടുക്കുവാൻ സാധിക്കാത്തതിനാലും എല്ലാവരും ഈ പത്രം വാങ്ങി വായിക്കണമെന്നു് എനിക്കാഗ്രഹമുള്ളതുകൊണ്ടും പത്രവിതരണത്തിൽ എന്നോടു സഹകരിക്കണമെന്നു് സന്മനസ്സും സൗകര്യവുമുള്ള എല്ലാവരോടും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അടുത്തു വസിക്കുന്ന അഞ്ചുപേർക്കു് എന്നോടു പത്രം വാങ്ങിക്കൊടുക്കുകയും വരിസംഖ്യ വാങ്ങി എന്നെ ഏല്പിക്കുകയും ചെയ്യു. പ്രതിഫലമായി നിങ്ങൾക്കു് ഒരു ഫ്രീ കോപ്പി തരുന്നതാണ്. റോഡരികിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ ഞാൻ പത്രം എത്തിച്ചുതരുന്നതായിരിക്കും.

എന്നു് പി. യു. ജോസഫ്
സത്യദീപം ഏജൻറ്,
അറക്കുളം & കടയത്തൂർ

A fool always finds a bigger fool to admire him.

* * *

Abundance, like want, ruins many.

വിമർശനവീഥി

# യുക്തിവാദിസമ്മേളനത്തിലെ നിർമ്മതജല്പനങ്ങൾ

കഴിഞ്ഞ ഡിസംബർ 18-ാംനു മദ്രാസിൽ നടന്ന യുക്തിവാദിസമ്മേളനത്തിൽ ചെയ്ത പ്രസംഗങ്ങളിലും പാസാക്കിയ പ്രമേയങ്ങളിലും യുക്തിഹീനങ്ങളായ ആശയങ്ങൾ അടങ്ങിയിരുന്നതിൽ ചിലതു് കഴിഞ്ഞ ലക്കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. യുക്തിഹീനങ്ങളും പരസ്പരവിരുദ്ധങ്ങളും നിർമ്മതഭ്രാന്തോടുകൂടിയതുമായ വേറെ പല പ്രസ്താവങ്ങളും ആ പ്രസംഗങ്ങളിലും പ്രമേയങ്ങളിലും ഇനിയും ചൂണ്ടിക്കാണിക്കാനുണ്ടു്.

പരസ്പരവിരുദ്ധപ്രസ്താവങ്ങൾ

സ്വാഗതക്കമ്മിററിയുടെ ചെയർമൻ ചെയ്ത പ്രസംഗത്തിൽ "യുക്തിവാദം അവശ്യം മതവിരുദ്ധമോ നിരീശ്വരപരം പോലുമോ അല്ല" എന്നു പ്രസ്താവിച്ചിരുന്നു. എന്നാൽ ഇതിനു നേരെ വിപരീതമായ പ്രസ്താവമാണു് സമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രകാശിപ്പിക്കപ്പെട്ടതു്. "ഈ ലോകത്തിലെ അസമത്വങ്ങൾ പരിഹരിക്കപ്പെടുന്ന മറെറാരു സ്ഥലമൊന്നും യുക്തിവാദികൾ പ്രതീക്ഷിക്കുന്നില്ല. മനുഷ്യൻെറ ഇവിടത്തെയും ഇന്നത്തെയും ക്ഷേമവും അവൻെറ സകല ശക്തികളുടേയും വികാസവുമാണു് അവരുടെ ഏക ലക്ഷ്യം." എല്ലാ മതത്തിൻേറയും മൗലികമായ വിശ്വാസം മരണാനന്തരജീവിതവും ആ ജീവിതത്തിൽ നൽകപ്പെടുന്ന സമ്മാനശിക്ഷകളുമാണല്ലോ. ആ വിശ്വാസം യുക്തിവാദികൾക്കു് ഇല്ലെന്നും, ഈ ലോകജീവിതത്തിൽമാത്രമേ തത്വത്തിലും പ്രയോഗത്തിലും അവർ വിശ്വസിക്കുന്നുള്ളുവെന്നുമല്ലയോ അദ്ധ്യക്ഷപ്രസംഗത്തിലെ പ്രസ്തുത വാക്കുകളുടെ അർത്ഥം? അതിനു നേരെവിപരീതമല്ലയോ യുക്തിവാദിക്കു് മതവിരുദ്ധമോ നിരീശ്വരപരമോ ആയ വിശ്വാസം അവശ്യം ഉണ്ടായിരിക്കണമെന്നില്ല എന്ന സ്വാഗതപ്രസംഗത്തിലെ പ്രസ്താവം? സ്വാഗതപ്രസംഗകൻെറ പ്രസ്താവങ്ങളിൽതന്നെ ഈ വിഷയത്തിൽ പരസ്പരവൈരുദ്ധ്യം ഇല്ലാതില്ല. "അഖിലലോക സ്വതന്ത്രചിന്ത യൂണിയൻെറ ഒരു വിഭാഗമായി പ്രവർത്തനം നടത്തുന്നതും ദേശീയാടിസ്ഥാനത്തിലുള്ളതുമായ ഒരു യുക്തിവാദിസംഘടന സൃഷ്ടിക്കുകയാണു തങ്ങളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമെന്നു്" അദ്ദേഹം പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞിരുന്നു. സ്വതന്ത്രചിന്തകന്മാരുടെ ഇപ്പറഞ്ഞ യൂണിയൻ യഥാർത്ഥത്തിൽ നിരീശ്വരന്മാരുടേയും നിർമ്മതന്മാരുടേയും സംഘടനയാണെന്നു സംശയിക്കേണ്ടതില്ല. "മതത്തിനെതിരായി പ്രസംഗിക്കുവാനുള്ള സ്വാതന്ത്ര്യവും" സകല പൗരന്മാർക്കും ഉണ്ടായിരിക്കേണ്ടതാണെന്നു് യുക്തിവാദത്തിൻെറ നാമത്തിൽ അദ്ദേഹം തൻെറ പ്രസംഗത്തിൽ ആവശ്യപ്പെട്ടിട്ടുമുണ്ടു്. ഇതിൻെറയെല്ലാം അടിയിൽകിടക്കുന്ന ആശയം യുക്തിവാദം മതവിരുദ്ധമാണെന്നല്ലയോ? കേരളത്തിലെ ഏക "യുക്തിവാദി" മാസിക വായിച്ചാൽകാണാം അതിൻെറ ഏകലക്ഷ്യം നിരീശ്വരത്വത്തേയും നിർമ്മതത്വത്തേയും പ്രചരിപ്പിക്കുകയാണെന്നു്.

പ്രസംഗങ്ങളിലെ നിർമ്മതഭ്രാന്തു്

മതഭ്രാന്തിനെ (Religious Fanaticism) അദ്ധ്യക്ഷപ്രസംഗത്തിൽ അപലപിച്ചിട്ടുണ്ടു്. മതഭ്രാന്താണു് ഇന്ത്യയിൽ സമുദായങ്ങൾതമ്മിലുള്ള കലഹങ്ങൾക്കു കാരണമെന്നു് അദ്ധ്യക്ഷൻ വാദിക്കുന്നു. എന്നാലതേസമയംതന്നെ നിർമ്മതഭ്രാന്തു് അദ്ദേഹത്തിൻെറ പ്രസംഗത്തിലും സ്വാഗതപ്രസംഗത്തിലും പ്രമേയങ്ങളിലും മുഴച്ചുകാണുന്നുണ്ടു്. ഏതു മതവും അനുഷ്ഠിക്കാനും പ്രസംഗിക്കുവാനും സകലർക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു് പ്രസംഗങ്ങളിൽ അക്ഷരത്തിൽ സമ്മതിച്ചിട്ടുണ്ടെങ്കിലും പ്രചരണസ്വാതന്ത്ര്യം നിർമ്മതത്തിൽമാത്രമേ ഉണ്ടായിരിക്കാവൂ എന്ന അർത്ഥമാണു് പ്രസംഗങ്ങളിൽ പൊന്തിനില്ക്കുന്നതു്.

"സോഷ്യൽ സർവ്വീസിൻെറ മറയിൽ മതപ്രചരണം നടത്തിക്കൂടാ. വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആസ്പത്രികൾ മുതലായവ മതസംഘടനകളുടെയോ മിഷനറിമാരുടെയോ നടത്തിപ്പിനു് ഏല്പിച്ചുകൊടുത്തുകൂടാ. ആ സ്ഥാപനങ്ങൾ മതപരിവർത്തനത്തിനുള്ള മാർഗ്ഗങ്ങളായിക്കൂടാ. സിനിമായും റേഡിയോയും മതപ്രചരണത്തിനായി വിനിയോഗിച്ചുകൂടാ" എന്നൊക്കെയാണു് സ്വാഗതപ്രസംഗത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ ആശയം തന്നെയാണു് അദ്ധ്യക്ഷപ്രസംഗത്തിലും അടങ്ങിയിട്ടുള്ളതു്. "മതഭ്രാന്തിൻെറ അന്തരീക്ഷത്തിൽ യുവജനങ്ങൾ വീണ്ടും വളർന്നുവരാതിരിക്കുവാൻ രാഷ്ട്രം ശ്രദ്ധിക്കേണ്ടതാണു്. വിദ്യാഭ്യാസമന്ത്രിയെപ്പോലുള്ള നമ്മുടെ പല നേതാക്കന്മാരും ഇനിയും വിശ്വസിക്കുന്നതായിക്കാണുന്നു, മതവിദ്യാഭ്യാസം നമ്മുടെ സ്കൂളുകളിലും കോളേജുകളിലും നടത്താവുന്നതും നടത്തേണ്ടതുമാണെന്നു്. അതു വിശ്വാസനിർബന്ധമുള്ള (Dogmatic) സ്വഭാവത്തോടുകൂടിയതായിരിക്കുന്നതേന്നേ അവർക്കു നിർബന്ധമുള്ളു............മതവിദ്യാഭ്യാസം യുവജനങ്ങളുടെ യുക്തിവാദശക്തിയെ കെടുത്തിക്കളയുകയും ശരിയെന്നു തോന്നാവുന്ന ഏതൊരു പ്രചരണത്താലും എളുപ്പത്തിൽ വഞ്ചിക്കപ്പെടുവാൻ അവർക്കിടവരുത്തുകയും ചെയ്യുന്നു. പുതിയ ഭരണഘടനയുടെ പ്രയോഗത്തിൽ വൈദികരും മതസംഘടനകളും ഇടപെടുവാൻ അനുവദിക്കുകയില്ലെന്നാണു് എൻെറ വിശ്വാസം. പ്രൈവററു് വ്യക്തികളെന്ന നിലയിൽ അവരുടെ അവകാശങ്ങൾ പരിപൂർണ്ണമായും പരിരക്ഷിക്കപ്പെടേണ്ടതാണെന്നു സമ്മതിക്കാം." സമ്മേളനത്തിൽ പാസാക്കിയ പ്രമേയങ്ങളിലൊന്നിൽ ആവശ്യപ്പെട്ടിരിക്കുന്നതിങ്ങനെയാണു്:—"പുതിയ ഇന്ത്യൻറിപ്പബ്ളിക് ഒരു മതേതരരാഷ്ട്രമായിരിക്കണം. എന്നാലതു ഭരണഘടനയിൽ കൊള്ളിച്ചിട്ടുള്ള ഇടുങ്ങിയ അർത്ഥത്തിൽ മാത്രമായിരുന്നാൽ പോരാ. രാഷ്ട്രവും മതവും തമ്മിൽ പരിപൂർണ്ണമായ വേർപാടു് സമ്മതിക്കുന്ന ലോകാഭിപ്രായത്തിനു് അനുസരണമായ അർത്ഥത്തിലുംകൂടെയായിരിക്കണം അതു്. വ്യക്തികൾക്കു് ഏതുമതവും വിശ്വസിക്കുവാനും അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യത്തിനു് ഉറപ്പു നൽകുന്നതോടുകൂടിത്തന്നെ മതവിരുദ്ധമായ അഭിപ്രായങ്ങൾ സ്വീകരിക്കുന്ന വ്യക്തികൾക്കും തുല്യമായ ഉറപ്പു് നൽകേണ്ടതാണു്. ഏതു വിദ്യാഭ്യാസസ്ഥാപനത്തിനും നൽകപ്പെടുന്ന വിദ്യാഭ്യാസത്തിൽ മതബോധനം ഒരംശമായിരിക്കരുതു്."

ഈ ആശയങ്ങളുടെയെല്ലാം അർത്ഥമെന്താണു്? മതവിശ്വാസത്തെ ഈ രാജ്യത്തിൽനിന്നു നിശ്ശേഷം ഉച്ചാടനം ചെയ്യണമെന്നല്ലയോ? യുവജനങ്ങളെ നിർമ്മതന്മാരായും നിർമ്മതമായ അന്തരീക്ഷത്തിലും വളർത്തിക്കൊണ്ടുവരണമെന്നല്ലയോ? മതവിശ്വാസികൾക്കും മതസംഘടനകൾക്കും മതാത്മകമായ ആശയങ്ങൾ പ്രചരിപ്പിക്കുവാനുള്ള ന്യായമായ മാർഗ്ഗങ്ങളെല്ലാം നിരോധിക്കണമെന്നല്ലയോ? മതേതരരാഷ്ട്രം എന്നു പറഞ്ഞാൽ, മതവും രാഷ്ട്രവും തമ്മിൽ ഔദ്യോഗികമായ ബന്ധമൊന്നുമുണ്ടാകരുതെന്നു പറഞ്ഞാൽ, മതവിരുദ്ധമായ പ്രചരണത്തിനു സകല സൗകര്യങ്ങളും രാഷ്ട്രം നൽകേണ്ടതാണെന്നും, മതപ്രചരണത്തിനു സകല സൗകര്യങ്ങളും നിഷേധിക്കേണ്ടതാണെന്നും അർത്ഥമുണ്ടോ? അമേരിക്ക ഒരു മതേതരരാഷ്ട്രമാണു്. അവിടെ മതവും രാഷ്ട്രവും തമ്മിൽ ഔദ്യോഗികമായ യാതൊരു ബന്ധവുമില്ല. എന്നുവരികിലും പൊതുസമാധാനത്തിനു വിധേയമായി മതപ്രചരണം നടത്തുവാൻ മതവിശ്വാസികൾക്കും മതസംഘടനകൾക്കും സകല സ്വാതന്ത്ര്യങ്ങളും അവിടെ അനുവദിച്ചിട്ടുണ്ടു്. സർക്കാർവകയല്ലാത്ത, സർക്കാരിൽനിന്നു മുറപ്രകാരം സഹായധനം നൽകാത്ത, വിദ്യാലയങ്ങളിൽ അവയുടെ പ്രവർത്തകന്മാർ വിശ്വസിക്കുന്നമതം അതിൽ വിശ്വാസമുള്ള അദ്ധ്യേതാക്കളെ പഠിപ്പിക്കുവാൻ അവിടെ സ്വാതന്ത്ര്യമുണ്ടു്. സിനിമാ, റേഡിയോ മുതലായ വിജ്ഞാനദായകമാർഗ്ഗങ്ങൾ മതപ്രചരണത്തിനായി ഉപയോഗപ്പെടുത്തുന്നതിനു് അവിടെ ഒരു വിരോധവുമില്ല. ഇതുപോലെയാണു് മററു പ്രജായത്തരാജ്യങ്ങളിലേയും സ്ഥിതി. സോവ്യററു റഷ്യയിലും അതിൻെറ പിടിയിലമർന്നിരിക്കുന്ന രാജ്യങ്ങളിലും മാത്രമേ ഇതിനു വിപരീതമായ സ്ഥിതി കാണുന്നുള്ളു. അതിനു കാരണം അവിടങ്ങളിൽ ഭരണം നടത്തുന്ന കമ്മ്യൂണിസ്റ്റുപാർട്ടികൾ നിരീശ്വരന്മാരും നിർമ്മതന്മാരുമാണെന്നുള്ളതാണു്. ആ രാജ്യങ്ങളിൽ മതസ്വാതന്ത്ര്യമല്ല മതമർദ്ദനമാണു് യഥാർത്ഥത്തിലുള്ളതു്. അതുപോലുള്ള മതമർദ്ദനനയം ഇന്ത്യൻ റിപ്പബ്ളിക്കിലും ഉണ്ടായിരിക്കണമെന്നല്ലാതെ മറെറാരർത്ഥമാണു് ഈ യുക്തിവാദിസമ്മേളനത്തിലെ പ്രസംഗങ്ങളിലും പ്രമേയത്തിലും ഉൾക്കൊണ്ടിരിക്കുന്നതു്? നിർമ്മതഭ്രാന്തെന്നല്ലാതെ ഈ മനോഭാവത്തെ മറെറന്തുപേരാണു് വിളിക്കേണ്ടതു്?

പ്രസംഗകന്മാരുടെ അന്ധവിശ്വാസം

"മതവിദ്യാഭ്യാസം യുവജനങ്ങളുടെ യുക്തിവാദശക്തിയെ (Reasoning faculty) കെടുത്തിക്കളയും" എന്നുള്ള അദ്ധ്യക്ഷൻെറ പ്രസ്താവം ഏററവും ബുദ്ധിശൂന്യംതന്നെ. മതവിശ്വാസം അന്ധവിശ്വാസമാണെങ്കിൽ അതു യുക്തിവാദശക്തിയെ കെടുത്തിക്കളയുമെന്നു സമ്മതിക്കാം. എന്നാൽ മതവിശ്വാസം യഥാർത്ഥത്തിൽ അന്ധവിശ്വാസമാണോ? ആണെന്നു യുക്തിവാദികൾ അന്ധമായി വിശ്വസിക്കുകയാണു ചെയ്യുന്നതു്. ലോകത്തിലുള്ളതും ഉണ്ടായിട്ടുള്ളതുമായ മനുഷ്യരിൽ മഹാഭൂരിഭാഗവും മതവിശ്വാസികളാണു്. യുവജനങ്ങൾക്കു ചെറുപ്പംമുതൽ അവർ മതവിദ്യാഭ്യാസം നൽകിക്കൊണ്ടാണിരുന്നിട്ടുള്ളതു്. അങ്ങനെ മതവിശ്വാസത്തിൽ വളർന്നുവന്നിട്ടുള്ള ആളുകളാണു് മഹാചിന്തകന്മാരും മഹാപണ്ഡിതന്മാരും മഹാശാസ്ത്രജ്ഞന്മാരും മററുമായി ചരിത്രത്തിൽ പ്രശോഭിച്ചിട്ടുള്ളതു്. അരിസ്റ്റോട്ടലിനേയോ, ശങ്കരാചാര്യരേയോ, തോമസ് അക്വിനാസിനേയോ വെല്ലുന്ന വിധത്തിൽ യുക്തിവാദശക്തി സജീവമായിരുന്നിട്ടുള്ള മനുഷ്യർ ലോകത്തിൽ ആരുണ്ടു്? അവരെല്ലാം യഥാർത്ഥ ദൈവവിശ്വാസികളും മതവിശ്വാസികളുമായിരുന്നു. സമ്മേളനത്തിലെ യുക്തിവാദികൾ അന്ധമായി നിർമ്മതന്മാരായിരിക്കുന്നു. നിർമ്മതത്വം യാഥാർത്ഥ്യമാണെന്നുള്ള അന്ധമായ വിശ്വാസത്താൽ മാത്രമാണു് മതവിദ്യാഭ്യാസം യുവജനങ്ങളുടെ യുക്തിവാദശക്തിയെ കെടുത്തിക്കളയുമെന്നു വിശ്വസിക്കുവാൻ അവരെ പ്രേരിപ്പിച്ചിട്ടുള്ളതു്.

—————


## നറുനീണ്ടിസത്തു്

ഉഷ്ണത്താൽ ഉണ്ടാകുന്ന രക്തദൂഷ്യത്തെ തടയുവാൻ

### ഏററം പററിയ ഔഷധം

രക്തം ഉഷ്ണിക്കാതെ സൂക്ഷിക്കുന്നതാണു ആരോഗ്യത്തിൻെറ ഒരു വലിയ രഹസ്യം എന്നു യാതൊരു വൈദ്യനും പറഞ്ഞുതരാതെ നിങ്ങൾക്കു അറിഞ്ഞുകൂടയോ? രക്തത്തെ ചൂടുപിടിപ്പിച്ചു് ദുഷിപ്പിക്കുന്ന അനേകം സാഹചര്യങ്ങൾ നമുക്കു ദിവസേന നേരിടുന്നുമുണ്ടു്. പരേതനായ ഡോക്ടർ ബ്രദർ നിക്കോസ് അവർകളുടെ നിർദ്ദേശം അനുസരിച്ചു മഞ്ഞുമ്മൽ ആശുപത്രിയിൽ പാകപ്പെടുത്തുന്ന നറുനീണ്ടിസത്തിൻെറ പ്രസിദ്ധി എന്തിലാണെന്നു അറിയാമോ? രക്തദൂഷ്യം നീക്കുവാനും ശരീരത്തിൻെറ ശീതോഷ്ണനിലയെ ശരിയായി സംരക്ഷിക്കുവാനും ഈ നറുനീണ്ടിസത്തിനുള്ള ശക്തി അത്ഭുതകരമാണെന്നു അതു് ഒരിക്കൽ ഉപയോഗിച്ചിട്ടുള്ളവരൊക്കെ സമ്മതിക്കുന്നു. മൂലക്കുരുസ്സിന്നും, രക്തപിത്തത്തിന്നും, മൂത്രത്തിലുള്ള ഉഷ്ണത്തിന്നും, ഉഷ്ണത്താൽ രക്തം ദുഷിച്ചുണ്ടാകുന്ന ചൊറി മുതലായതിന്നും പ്രത്യേകം ഉഷ്ണദീനത്തിന്നും ഇതു ഉത്തമൗഷധമാണെന്നു കഴിഞ്ഞ അറുപതിൽപരം വർഷത്തെ അനുഭവം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഈ അത്ഭുതശക്തിയുടെ രഹസ്യമെന്താ? നറുനീണ്ടിക്കിഴങ്ങിൻെറ ഔഷധാംശം അശേഷം നഷ്ടപ്പെടുത്താതെ അതു് പാകപ്പെടുത്തുന്നു എന്നതുതന്നെ. ഇതാണു മഞ്ഞുമ്മൽ ആശുപത്രിയിലെ നറുനീണ്ടിസത്തിൻെറ വിശേഷത.

| | | |
|---|---|---|
| 24 ഔൺസ് കുപ്പിക്കു് | | 3—8—0 |
| 18 | " " | 2—10—0 |

താഴെപറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:—

മാനേജർ, സെയിൻറ് ജോസഫ്സ് ആശുപത്രി,
മഞ്ഞുമ്മൽ, തിരുവിതാംകൂർ.
or ഡയറക്ടർ, ആസ്പിരൻസ് ഹൗസ്,
ചിററൂർ റോഡ്—എറണാകുളം.


പുസ്തകാഭിപ്രായം

# തേമ്പാവണി

[പരിഭാഷകൻ: മേപ്രത്തു എം. ജോസഫ്. പ്രസാധകൻ: തോമസ് പാപ്പിവേലങ്കളം, കാത്തലിക് പബ്ലിഷിംഗ് ഹൗസ്, ആലപ്പുഴ. പേജ് 308. വില 2ക. 4ണ.]

"വീരമാമുനി"യാൽ വിരചിതമായ ഒരു സുപ്രസിദ്ധ തമിഴ്കാവ്യമാണു് തേമ്പാവണി. ആരാണീ വീരമാമുനി? അദ്ദേഹം ഇററാലിക്കാരനായ ഒരു മിഷനറി വൈദികനാണു്. സാക്ഷാൽ പേർ കോൺസ്റ്റൻറയിൻ ജോസഫ് ബെസ്ക്കി എന്നും. 1680-ൽ ഇററലിയിലെ വെനീസ് നഗരത്തിൽ ഫാദർ ബെസ്കി ഭൂജാതനായി. 1709-ൽ ഈശോസഭാവൈദികനാകയും ഇന്ത്യയിലേക്കു പുറപ്പെടുകയും ചെയ്തു. പാണ്ടിരാജ്യമായിരുന്നു അദ്ദേഹത്തിൻെറ പ്രേഷിതരംഗം. അവിടെ അദ്ദേഹം 35 വർഷത്തോളം വസിക്കയുണ്ടായി. തമിഴിൽ ആദ്യമായി വ്യാകരണം, നിഘണ്ടു എന്നിവരചിച്ചതും ഗദ്യരീതി നടപ്പാക്കിയതും അദ്ദേഹമത്രെ. പല വിശിഷ്ടകാവ്യങ്ങളുടേയും കർത്താവുമാണദ്ദേഹം. സാഹിത്യരംഗത്തുമാത്രമല്ല, രാഷ്ട്രീയരംഗത്തും അദ്ദേഹം സേവനമനുഷ്ഠിച്ചു. ചന്ദാസാഹേബിൻെറ പ്രധാനമന്ത്രിപദംപോലും അദ്ദേഹമലങ്കരിക്കയുണ്ടായിട്ടുണ്ടു്. ഫാദർ ബെസ്കി തൻെറ അന്ത്യദിനങ്ങൾ അമ്പഴക്കാട്ടുകൊവേന്തയിലാണു ചെലവഴിച്ചതു്. 1747-ൽ അദ്ദേഹം ദിവംഗതനായി.

തമിഴ്സാഹിത്യത്തിലെ മഹാകാവ്യങ്ങളിൽ സുപ്രധാനമായ ഒരുസ്ഥാനമുണ്ടു് തേമ്പാവണിക്കു്. മൂലഗ്രന്ഥം ബി. എ. ക്ലാസ്സിൽ പാഠപുസ്തകമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്ന വസ്തുത അതിൻെറ ഭാഷാവൈശിഷ്ട്യത്തിനു മതിയാകുന്ന തെളിവാണല്ലോ. വി. യൗസേപ്പിൻെറ ചരിത്രമാണു് അതിൻെറ ഇതിവൃത്തം. എന്നാൽ മുഴുവനും വിശുദ്ധനെക്കുറിച്ചല്ലതാനും. ക്രിസ്തുനാഥൻെറ ജീവിതത്തിലെ പ്രധാന ഭാഗങ്ങൾ, പഴയനിയമകഥകൾ, വനവാസികളുടെ ചരിത്രം എന്നിങ്ങനെ വിവിധ വിഷയങ്ങളെക്കുറിച്ചു് പ്രസക്താനുപ്രസക്തമായി തേമ്പാവണിയി

ൽ പ്രതിപാദിക്കുന്നുണ്ട്. ദൈവലക്ഷണങ്ങൾ, പാപത്തിന്റെ ഭയങ്കരത, മോക്ഷനരകങ്ങൾ, പൊതുവിധി, സത്യമതം എന്നിത്യാദികാര്യങ്ങളെക്കുറിച്ചുള്ള താത്വികവിചിന്തനങ്ങളും പ്രസ്തുതഗ്രന്ഥത്തിൽ കാണാം. ഈജിപ്തിൽവച്ച് വി. യൗസേപ്പ് ശിവാശിവൻ എന്നൊരു സന്യാസിയുമായിപുനർജന്മത്തെക്കുറിച്ചു നടത്തുന്ന സംവാദം സാങ്കല്പികമാണെങ്കിലും വിജ്ഞാനപ്രദമായിരിക്കുന്നു. അതുപോലെ വിശുദ്ധൻ വാമൻ, സുരമി എന്നിവരുമൊരുമിച്ചു നടത്തുന്ന സംവാദങ്ങൾ വേദശാസ്ത്രസംബന്ധമായ പല വിവരങ്ങളും വായനക്കാർക്ക് പ്രദാനംചെയ്യുന്നതിനു പര്യാപ്തമാണ്.

"തേമ്പാവണി"യുടെ ഒരു ഗദ്യപരിഭാഷയാണ് നിരൂപണവിഷയമായ ഗ്രന്ഥം. എന്നുവരികിലും ഭാവനാസമ്പന്നമായ ഒരു മഹാകാവ്യത്തിന്റെ ആസ്വാദ്യത അതിനുണ്ടെന്നു നിസ്സംശയം പറയാം. നിസർഗ്ഗസുന്ദരങ്ങളും അതേസമയംതന്നെ ചിന്തോദ്ദീപകങ്ങളുമായ അതിലെ അലങ്കാരങ്ങൾ സഹൃദയനായ ഏതൊരു അനുവാചകനെയും ഹഠാദാകർഷിക്കും. ഉദാഹരണമായി യൂദയാരാജ്യത്തിന്റെ പ്രകൃതിസൗന്ദര്യം വർണ്ണിച്ചിരിക്കുന്നതു നോക്കുക:

"വയലുകളിലുള്ള ആമ്പൽ, താമര മുതലായ പുഷ്പങ്ങൾ നേത്രാനന്ദകരങ്ങളാണെങ്കിലും ധാന്യങ്ങൾക്കു കേടാകയാൽ കൃഷിക്കാർ അവയെ പറിച്ചുകളയുന്നതു കണ്ടാൽ, പുണ്യമല്ലാത്തതു് അഴകുള്ളതായിരുന്നാലും അതാത്മാവിനു ദോഷമുള്ളതാണെന്നറിഞ്ഞു നിശ്ശേഷം ത്യജിച്ചുകളയുന്ന സത്തുക്കളെ ഓർമ്മിപ്പിക്കാതിരിക്കയില്ല.

"ഭൂമി, തന്റെ മുഖത്തെ കീറിമുറിച്ച് ഉഴുന്നവർക്കും സമൃദ്ധമായ ആഹാരം നൽകി രക്ഷിച്ചുവരുന്നതു കണ്ടാൽ, തങ്ങളോടു തിന്മചെയ്യുന്നവർക്കും നന്മ ചെയ്യുന്ന സജ്ജനങ്ങളെപ്പോലെ തോന്നും.

"കരിമ്പുചക്കിൽനിന്നു പുറപ്പെടുന്ന ധൂമപടലങ്ങളെക്കണ്ട് മേഘമെന്നു സന്ധാളിച്ച് കുയിലുകൾ ക്ലേശിക്കുമ്പോൾ മയിലുകൾ നൃത്തം തുടങ്ങുന്നതു കണ്ടാൽ, ദുർജ്ജനങ്ങളെ കണ്ടുമുട്ടിയ സജ്ജനങ്ങളെപ്പോലെ തോന്നും.

"സ്ത്രീകൾ അധികമായി യത്നിച്ചു കടയുന്ന തൈരിന്മേൽ നെയ്യ് പൊങ്ങിവരുന്ന കാഴ്ച, ദുഃഖകാലം വരുമ്പോൾ പൂർവ്വാധികം സുകൃതം ചെയ്യുന്ന ദൈവഭക്തന്മാരെ അനുസ്മരിപ്പിക്കും.

"പർവ്വതസമാനമായ ധനപുഷ്ടിയും, മേഘസദൃശമായ ദാനശീലവും വേദകല്പനക്കനുഗുണമായ ജീവിതരീതിയും ആഭരണമായണിഞ്ഞിരിക്കുന്നതിനാൽ ആ നാട് സ്വർഗ്ഗംപോലെ സന്തോഷപ്രദമായിരിക്കും......

"കറകറാ എന്നു കാടകളും ഞറഞറാ എന്നു മയിലുകളും, കുറുകുറാ എന്നു പ്രാവുകളും ഇടവിടാതെ ശബ്ദിച്ചുകൊണ്ടിരിക്കുന്നതിനാൽ അവിടത്തെ പൂങ്കാവനങ്ങൾ മഹാപാഠശാലകളോ എന്നു തോന്നും." (page 5)

വി. യൗസേപ്പും പരിശുദ്ധ മറിയവും തമ്മിൽ ആദ്ധ്യാത്മികകാര്യങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷ എത്ര ചമല്ക്കാരദ്യോതകമാണെന്നതിനു താഴെ ഉദ്ധരിക്കുന്ന വാക്യങ്ങൾ സാക്ഷ്യം വഹിക്കുന്നതാണ്:- "ഈലോകഭാഗ്യങ്ങളെല്ലാം സ്വപ്നത്തിൽ കണ്ട നിധിപോലെയും, കടലിൽപെയ്ത മഴപോലെയും, മേഘത്തിൽ കണ്ട മിന്നൽക്കൊടിപോലെയും, തീയിലിട്ട പഞ്ഞിപോലെയും നശിക്കും." (P. 51)..."ആരംഭകാലത്തിൽ സങ്കടം തോന്നിച്ചിട്ട് പിന്നീടു സന്തോഷം നൽകുന്ന തപസ്സിനെ മുള്ളുള്ള നാളത്തോടുകൂടിയ താമരയെന്നോ, പുറമെ മുള്ളും ഉള്ളിൽ തേൻപൊഴിയുന്ന ചുളയുമുള്ള പനസഫലമെന്നോ, ഭയജനകമാംവണ്ണം ഇടിമുഴക്കി പിന്നീടാശ്വാസപ്രദമാംവണ്ണം മഴപൊഴിക്കുന്ന മേഘമെന്നോ, ശത്രുവിനെതിരേ സ്ഥാപിച്ച ബലമേറിയ കോട്ടയെന്നോ, എന്തു തന്നെയെന്നു പറയട്ടെ." (P. 53)

ചരിത്രദൃഷ്ട്യാ ഈ ഗ്രന്ഥത്തിനു വലിയ വില കല്പിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. തത്വചിന്തകന്മാർ ഇതിലെ പ്രതിപാദനരീതി ഇഷ്ടപ്പെട്ടില്ലെന്നും വന്നേക്കാം. എന്നുവരികിലും, അതിലെ ചരിത്രപരമായ പശ്ചാത്തലത്തിൽ ഭാവനയും ഐതിഹ്യവും കൈകോർത്തുനില്ക്കുന്ന കാഴ്ച കാവ്യപ്രേമിയായ ഒരനുവാചകനു ആനന്ദദായകമായിരിക്കും.

ഇത്ര മനോഹരമായ ഒരു ഗ്രന്ഥം മലയാളവായനക്കാർക്ക് അഭിഗമ്യമാക്കിത്തീർത്തതിൽ പരിഭാഷകനേയും പ്രസാധകനേയും ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു. പരിഭാഷ പൊതുവിൽ നന്നായിട്ടുണ്ട്. "ഭൂയിഷ്ടം" (page iii) "താപസശ്രേഷ്ടൻ" (page 4) എന്നിങ്ങനെ അങ്ങിങ്ങായി കാണുന്ന ചില അക്ഷരത്തെറ്റുകൾ അക്ഷന്തവ്യങ്ങളായി ചിലർ പരിഗണിച്ചേക്കാം. മൂലഗ്രന്ഥത്തേയും അതിന്റെ കർത്താവായ വീരമാമുനിയേയും വായനക്കാർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിനു പര്യാപ്തമായ ഒരു ആമുഖമില്ലെന്നുള്ളതും ഗ്രന്ഥത്തിന്റെ ഒരു ന്യൂനതയാണെന്നു പറയാതെ തരമില്ല. വി. യൗസേപ്പുപിതാവിന്റെ മാസമായ മാർച്ചുമാസത്തിൽ വായിക്കുന്നതിനു ഈ ഗ്രന്ഥം ഏററവും ഉപകരിക്കുമെന്ന് ഞങ്ങൾക്കഭിപ്രായമുണ്ട്. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിച്ചുകൊള്ളുന്നു.

പ്രഭാഷണം

# കലഹങ്ങൾ

"നിങ്ങളോരോരുത്തനും പ്രത്യേകം തന്നെത്തന്നെ എന്നപോലെ സ്വഭാര്യയേയും സ്നേഹിക്കണം. എന്നാൽ ഭാര്യ സ്വന്തം ഭർത്താവിനെ ഭയപ്പെടട്ടെ." (Eph. V—33)

"കലഹം പലവിധമുലകിൽ സുലഭം" എന്നു് ഒരു മലയാളമഹാകവി പാടിയിട്ടുണ്ട്. വൻകിട രാഷ്ട്രങ്ങൾ തമ്മിൽ സ്വാർത്ഥമൂർത്തികളായ ചില നേതാക്കന്മാർ കുത്തിപ്പൊക്കിയുണ്ടാക്കുന്നതും ആഗോളവ്യാപകങ്ങളായ ദുരന്തദുരിതങ്ങൾ വരുത്തിവയ്ക്കുന്നതുമായ മഹായുദ്ധങ്ങൾ മുതൽ, ചോറിന്റെ വേവിനെപ്പററി കൊച്ചുവറീതും കുഞ്ഞമ്മയും തമ്മിൽ സ്വഗൃഹഭിത്തികൾക്കുള്ളിലൊതുങ്ങിയതോ അല്ലെങ്കിൽ ഒരു വിളിപ്പാട് ദൂരംമാത്രം വ്യാപകമോ ആയ വിധത്തിൽ എരിഞ്ഞമരുന്ന ചെറുകലഹങ്ങൾവരെയുള്ളതെല്ലാം കവി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പക്ഷെ ഈ കലഹങ്ങൾക്കെല്ലാം "കനകംമൂലം, കാമിനിമൂലം" എന്നു മാത്രമെ അദ്ദേഹം നിമിത്തനിർദ്ദേശംചെയ്യുന്നുള്ളു. എന്നാൽ കുടുംബകലഹങ്ങളിലാകട്ടെ ഇവയ്ക്കു പുറമെ നിരവധി കാരണങ്ങൾ രംഗപ്രവേശംചെയ്യാറുണ്ട്. മദ്യപാനം, അമ്മായമ്മപ്പോര്, നാത്തൂൻപോര്, വിശ്വാസരാഹിത്യം, കക്ഷിപിടിക്കൽ, കൊള്ളിവാക്കുകൾ—ഇങ്ങനെ പലതും. പരിശുദ്ധിയും സൗഭാഗ്യവും കളിയാടേണ്ട ഗൃഹാന്തരീക്ഷത്തിൽ കലഹങ്ങളും വിദ്വേഷങ്ങളും അഴിച്ചുവിടുന്ന കുടുംബാംഗങ്ങൾ നാകത്തിൽ ഒരു നരകം സൃഷ്ടിക്കയാണ് ചെയ്യുന്നതു്; ലോകസമാധാനത്തിന്റെ ഉറവയിൽ വിഷംകലത്തുകയും അടിത്തറ മാന്തുകയുമാണു ചെയ്യുന്നതു്.

വിവാഹത്തിൽ ഒരു യുവാവ് തനിക്കു സുപരിചിതയല്ലാത്തതും ഏതോ ഒരന്യനാട്ടിൽനിന്നും ഒരന്യകുടുംബത്തിൽനിന്നും വരുന്നതുമായ ഒരു യുവതിയെ ജീവിതസർവ്വസ്വവും പ്രാണപ്രേയസിയുമായി സ്വീകരിച്ചുകൊണ്ടും സുഖദുഃഖങ്ങളിൽ പങ്കാളിയാക്കിക്കൊണ്ടും ജീവിതയാത്രയാരംഭിക്കുന്നു. അവർ ഭിന്നസ്വഭാവക്കാരും ഭിന്നരുചിക്കാരുമായിരിക്കാം; അഭിപ്രായങ്ങളിലും ആദർശങ്ങളിലും ഉത്തരദക്ഷിണധ്രുവങ്ങൾപോലെയുള്ള വൈപരീത്യങ്ങൾതന്നെ ഉണ്ടായെന്നുംവരാം. എന്നാൽ ഈ വൈരുദ്ധ്യങ്ങളെ യഥാർത്ഥ പ്രേമജന്യമായ വിട്ടുവീഴ്ചകൾമൂലം ഇണക്കിച്ചേർത്തുകൊണ്ടുപോകുന്നതിലാണ് ജീവിതവിജയവും കുടുംബസമാധാനവും സ്ഥിതിചെയ്യുന്നതു്. ഇതിനു് ആദ്യമായിത്തന്നെ തെററുകളും കുറവുകളും ആരിലുമുണ്ടാകുമെന്നുള്ള പരമാർത്ഥം ഓരോരുത്തനും മനസ്സിലാക്കണം. സ്വയം പരിപൂർണ്ണനാണെന്നും തെററുകൾക്ക് അതീതനാണെന്നും കുററമൊക്കെ മറുഭാഗത്താണെന്നും ഭാര്യയോ ഭർത്താവോ വിചാരിച്ചുപോകരുതു്. ഇപ്രകാരമുള്ളൊരു മനസ്ഥിതി കൈവന്നുകഴിഞ്ഞാൽ ജയിച്ചു; സമാധാനസൂര്യന്റെ കിരണകന്ദളങ്ങൾക്കു മുമ്പിൽ കലഹങ്ങളാകുന്ന കരിനിഴലുകൾ ഓടിയൊളിക്കും. ദമ്പതിമാർതന്നെ പരസ്പരം പരസ്യമായി കുററാരോപണം ചെയ്കയും ഓരോരുത്തരുടേയും കുററങ്ങളെ പർവ്വതീകരിച്ചു കാണിക്കുവാൻ ഉദ്യമിക്കയും ചെയ്യുമ്പോൾ അവർ കലഹങ്ങൾക്കു വളം വെച്ചുകൊടുക്കുകയാണ് ചെയ്യുന്നതു്. "നിങ്ങളിൽ കുററമില്ലാത്തവർ അവളെ കല്ലെറിയട്ടെ" എന്നു ക്രിസ്തു കല്പിച്ചപ്പോൾ ആ സാധുസ്ത്രീയുടെമേൽ ന്യായവിധി നടത്തുവാൻ ഇറങ്ങിപ്പുറപ്പെട്ട യഹൂദപ്രമാണികളെല്ലാവരും അധോമുഖരായി നിഷ്ക്രമിക്കയാണ് ചെയ്തതു്. കാരണം അവരും ആ സ്ത്രീയെപ്പോലെ ഓരോ തെററുകളിൽ ഉൾപ്പെട്ടവരായിരുന്നു. കുററമെല്ലാം മറുഭാഗത്താണെന്നു ശഠിക്കുന്നവർ പരമവിഡ്ഢികളല്ലേ?

സുപ്രസിദ്ധമായ ഒരു കഥയുണ്ട് അമേരിക്കയിൽ: യുദ്ധത്തിൽനിന്നു് മടങ്ങിവരുന്ന ഒരു യോദ്ധാവ് സൗന്ദര്യധാമം തന്നെയായിരുന്ന ഒരു യുവതിയാൽ ആകൃഷ്ടനാകുന്നു. അവളുടെ കാന്തിപ്രദീപ്തങ്ങളായ കറുത്ത കണ്ണുകളും നീണ്ടും ചുരുണ്ടും നിബിഡമായ കുന്തളഭാരവും, മുല്ലമൊട്ടുകൾ പോലെയുള്ള പല്ലുകളും, ശരീരത്തിന്റെ അഴകും അവനെ വശീകരിച്ചുകഴിഞ്ഞു. അവളാകട്ടെ, ഈ യുവയോദ്ധാവിന്റെ അംഗസൗഷ്ഠവവും ആകാരസൗകുമാര്യവും, ഗ്രീക്കു ദേവന്മാരെപ്പോലെയുള്ള അവയവദാർഢ്യവും, വിരിമാറും, ചുമലുകളും ആജാനുബാഹുക്കളും കണ്ട് അപഹൃതചിത്തയായി. ഇങ്ങനെ പരസ്പരം അനുരക്തരായിത്തീർന്ന ഇവർ നിയമാനുസൃതം വിവാഹം കഴിച്ചു ദാമ്പത്യജീവിതമാരംഭിച്ചു. അപ്പോഴല്ലെ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടതു്! തന്റെ പ്രാണപ്രേയസിയിൽ ആകർഷകമായി താൻ ദർശിച്ചവയെല്ലാം വെറും കൃത്രിമമാണെന്നു വരൻ മനസ്സിലാക്കുന്നു: അവളുടെ തലമുടി, പല്ലുകൾ, ദേഹകാന്തി, കണ്ണുകളുടെ ശോഭ, ഇവയെല്ലാം കൃത്രിമപ്പണികളായിരുന്നു. എന്നാൽ അയാൾ ഇതുകൊണ്ട് ഒട്ടും ക്ഷോഭിക്കാതെ വിശാലമനസ്കതയോടും വിനോദമനസ്ഥിതിയോടുംകൂടി തന്റെ ശരീരത്തിൽനിന്നു് ഒരു സ്ക്രൂ അഴിച്ചപ്പോൾ അയാളുടെ ഒരു കാൽ വേർപെട്ടുപോന്നു. അതു കോർക്കുകൊണ്ട് ഉണ്ടാക്കിയതായിരുന്നു; മറെറാരു സ്ക്രൂ അഴിച്ചപ്പോൾ ഒരു കൈ വേർപെട്ടുപോന്നു; അതു റബർ കൊണ്ടുണ്ടാക്കിയതായിരുന്നു. യുദ്ധത്തിൽ നഷ്ടപ്പെട്ടുപോയ അവയവങ്ങൾക്കുപകരം കൃത്രിമമായി നിർമ്മിച്ചവയായിരുന്നു അവരണ്ടും. എങ്കിലും ഇവരുടെ ദാമ്പത്യജീവിതം ആനന്ദപ്രദമായിത്തന്നെ മുന്നോട്ടു നീങ്ങി; കാരണം, ഇരുഭാഗത്തുമുള്ള വൈകല്യങ്ങൾ രണ്ടുപേരും മനസ്സിലാക്കി വർത്തിച്ചുതുടങ്ങി. ഹൈന്ദവരുടേയും ഗ്രീക്കുകാരുടേയും കവിസങ്കേതങ്ങളിൽ കാമദേവനെ കണ്ണില്ലാത്തവനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നതു്. ഇതിനു നമുക്കു് ഒരു പുതിയ വ്യാഖ്യാനം നൽകാം. ദാമ്പത്യപ്രേമവും അന്ധമായിരിക്കട്ടെ. എന്തിന്റെ നേരെ? ഇരുവരുടേയും കുറവുകളുടേയും ബലഹീനതകളുടേയും നേരെ. അമൃതോക്തികൾ പറഞ്ഞുകൊണ്ടു സർവ്വഗുണങ്ങളുടേയും പാരമ്യത്തെ പ്രാണനാഥനിലും പ്രാണേശ്വരിയിലും ദർശിച്ചുകൊണ്ടു് ജീവിതമാരംഭിക്കുന്ന ദമ്പതികൾ കുറെ പഴതാകുമ്പോൾ തന്റെ കൂട്ടാളി ഒരു മാലാഖയോ തേൻകട്ടയോ അല്ലെന്നും, പ്രത്യുത, കുറവുകളും ബലഹീനതകളുമുള്ള ഒരു മനുഷ്യജീവിമാത്രമാണെന്നും മനസ്സിലാക്കിത്തുടങ്ങുന്നു; അപ്പോഴാണ് കലഹങ്ങൾക്കു ബീജാവാപം ചെയ്യപ്പെടുന്നതു്. ഹൃദയവും മനസ്സും യോജിച്ചിട്ടുണ്ടെങ്കിൽമാത്രമേ ഈ വിപര്യയത്തെ തരണംചെയ്വാൻ സാധിക്കയുള്ളു; കുറെ വിശാലമനസ്കതയും കൂടിയേ കഴിയു.

കലഹങ്ങളുടെ ആരംഭം പലപ്പോഴും സംസാരത്തിൽനിന്നാണ്. ഭർത്താവിന്റെ കൊള്ളരുതായ്മയും ഭാര്യയുടെ കൊള്ളിവാക്കുംകൂടി സമ്മേളിക്കുമ്പോഴാണ് പലപ്പോഴും കലാപങ്ങൾ ഉണ്ടാകുന്നതു്. ഇതിനു നമ്മുടെ മുത്തശ്ശിമാർ തന്നെ നല്കുന്ന പ്രതിവിധി ഇപ്രകാരമാണ്: "രണ്ടുകൈകൊണ്ടും കൊട്ടുമ്പോഴല്ലേ ഒച്ച കേൾക്കുന്നതു്. നീ ഒന്നു മിണ്ടാതിരിക്കു്. അവൻ വല്ലതും പറയട്ടെ." ക്ഷോഭിച്ചിരിക്കുന്ന സന്ദർഭത്തിൽ ഒരു കക്ഷി മൗനമായിരിക്കട്ടെ. ക്ഷോഭം അവസാനിക്കുമ്പോൾ എല്ലാം ശാന്തമായി പറയാമല്ലൊ. കുടുംബകലഹങ്ങൾ ഇല്ലാതാക്കുവാൻ വി. വിൻസെൻറ് ഫെരേർ ഒരു സ്ത്രീക്കു നല്കിയ ഒററ മൂലിക സുപ്രസിദ്ധമാണല്ലൊ: ഭർത്താവ് കോപിച്ചുകൊണ്ട് ശകാരവർഷം ചൊരിയുമ്പോൾ ഭാര്യ വായനിറയെ വെള്ളം ഒഴിച്ചുപിടിക്കയും കോപവും ശകാരവും അവസാനിക്കുമ്പോൾമാത്രം ആ വെള്ളം തുപ്പിക്കളകയും ചെയ്യുക. മറുവിധത്തിൽ പറഞ്ഞാൽ, ഭർത്താവ് ക്ഷോഭിച്ചിരിക്കുമ്പോൾ ഭാര്യ മൗനമവലംബിക്കയാണു വേണ്ടതു്. തങ്ങളുടെ ഭർത്താക്കന്മാരുടെ മൃഗീയമായ പെരുമാററങ്ങൾക്കു വിധേയരായ സ്ത്രീകൾ, ആ വിവരം വി. മോനിക്കായെ ധരിപ്പിച്ച് സാന്ത്വനവും ഉപദേശവും ആരാഞ്ഞപ്പോഴൊക്കെയും, "നിങ്ങളുടെ നാവുകളെ സൂക്ഷിച്ചുകൊള്ളുവിൻ; കുററം നിങ്ങളിൽത്തന്നെയും നിങ്ങളുടെ നാവുകളിലും ചുമത്തുവിൻ" എന്നായിരുന്നു പുണ്യവതി നല്കിയ മറുപടി.

മൂക്കിനൊപ്പം മദ്യം സേവിച്ചുകൊണ്ടു മടങ്ങിവരുന്ന ഭർത്താവ് എപ്രകാരം സ്വകുടുംബത്തെ ഒരു കലാപരംഗമാക്കിത്തീർക്കുന്നുവെന്നുള്ളതിനെപ്പററി അധികമൊന്നും പറയേണ്ടതില്ല. മദ്യനിരോധനം കൂടുതൽ വ്യാപകമായി വരുന്നുണ്ടെന്നുള്ളതു് ആശ്വാസകരംതന്നെ. കോപാവേശത്താൽ കളത്രപുത്രാദികളെ പ്രഹരിക്കുന്ന ഭർത്താവ് സ്വന്തശരീരത്തെത്തന്നെ പ്രഹരിക്കുന്ന ആത്മഹത്യാപരമായ ഒരു പ്രവൃത്തിയാണു ചെയ്യുന്നതെന്നു് മനസ്സിലാക്കട്ടെ; കാരണം, അവർ ഒരു ജഡമാണ്. കുടുംബങ്ങളിലെ വഴക്കുകളിലും "പോരുകളി"ലും ഓരോ കക്ഷിപിടിച്ചുകൊണ്ട് കലഹങ്ങൾ ഊതിക്കത്തിക്കുവാനല്ല കുടുംബാംഗങ്ങൾ ശ്രമിക്കേണ്ടതു്; മറിച്ച്, അവയെ തല്ലിക്കെടുത്തുവാനാണ് അവർ ഉത്സുകരാകേണ്ടതു്. രഹസ്യോപദേശങ്ങളും മററും വഴിയായി വിദ്വേഷം ആളിക്കത്തുവാൻ ഇടയാക്കാതിരിക്കണം. ദുർവാശി പിടിച്ച് പരസ്പരം മിണ്ടാതിരിക്കുക, ഭക്ഷണം കഴിക്കാതിരിക്കുക, അടിയന്തിരങ്ങളുംകല്യാണങ്ങളും പിരിയുക, ഇവയെല്ലാം നിശ്ശേഷം നിഷിദ്ധങ്ങളാണ്. മാതാപിതാക്കന്മാർ എല്ലാ മക്കളോടും തുല്യനിലയിൽ പെരുമാറണം. ആരോടെങ്കിലും പ്രത്യേകപക്ഷം കാണിച്ചാൽ വലിയ കലഹങ്ങൾ ഉത്ഭവിക്കും. പൂർവയൗസേപ്പിന്റെ നേരെ സ്വസഹോദരന്മാരിൽ ആളിക്കത്തിയ അസൂയക്കും ഈ അസൂയയുടെ അനന്തരഫലങ്ങളായുണ്ടായ കടുംകൈകൾക്കും ഇതാണല്ലൊ കാരണമായതു്. ഭർത്താവിന്റെ വീട്ടുകാരുടെ കുററങ്ങളും കുറവുകളും അവരിൽ നിന്നുണ്ടാകുന്ന ദുരനുഭവങ്ങളും സ്വന്തവീട്ടുകാരോടു പർവ്വതീകരിച്ചു പറഞ്ഞ് കുടുംബവഴക്കുകൾ കുത്തിപ്പൊക്കാതിരിക്കാൻ മരുമകൾ ശ്രദ്ധിക്കണം. ആഭരണങ്ങളുടേയും സ്ത്രീധനത്തിന്റേയും മററും പേരിലോ വേറെ കലഹങ്ങൾ നിമിത്തമോ ഭാര്യ കോപിച്ച് സ്വഗൃഹത്തിലേക്കു ഓടിപ്പോകുന്നു. ഇരുകൂട്ടരും വാശിയോടെ വേർപിരിഞ്ഞു നിൽക്കുന്നു. "ഭർതൃഗൃഹത്തിൽനിന്നു ആരെങ്കിലും വന്നാൽ പോകാൻ തയ്യാറാണ്. ആരും വരാതെ അങ്ങോട്ടു ചെന്നാൽ അവർ ആക്ഷേപിക്കയില്ലേ" എന്നു ഭാര്യയും വീട്ടുകാരും പറയുന്നു "ഇവിടെ ആരോടെങ്കിലും പറഞ്ഞിട്ടോ ചോദിച്ചിട്ടോ അല്ല അവൾ വീട്ടിലേക്കു പോയതു്. ആ സ്ഥിതിക്കു അവൾക്കിഷ്ടമുള്ളപ്പോൾ വരട്ടെ. ആരും പോയി കൊണ്ടുവരാൻ ഒരുക്കമില്ല" എന്നു ഭർത്താവും വീട്ടുകാരും പറയുന്നു. വാശിയുടെ ഫലം നാശം. കുറെ വിട്ടുവീഴ്ചകൾ ഇരുഭാഗത്തുനിന്നും ചെയ്തു് ഇങ്ങനെയു

(ശേഷം 7-ാം പേജിൽ)

Sathya Deepam
Vol. 23 Ernakulam February 22 1950 No. 26

## സംയുക്തലേഖനം

(1-ാംപേജ് തുടർച്ച)

അതിലെ അവയവങ്ങൾക്കു പ്രയോജനപ്പെടുകയും ചെയ്യുന്നുണ്ട്. നിങ്ങൾക്കു കാണാൻ കഴിയാത്ത ഫലങ്ങൾ മററുള്ളവർ കാണും; നിങ്ങൾ കണ്ണുനീരിൽ വിതയ്ക്കുന്നു, അവർ നിങ്ങളുടെ വിളവ് സന്തോഷത്തിൽ കൊയ്തെടുക്കും. നിങ്ങളുടെ പരിശ്രമങ്ങൾ വിജയങ്ങൾ തന്നെയായിരുന്നു; ആദ്യം അവ അപജയങ്ങളായി കാണപ്പെട്ടിരിക്കാമെന്നേ ഉള്ളൂ.

ഇനി നിങ്ങളെ ആശ്വസിപ്പിക്കുവാനും ഉപദേശിക്കുവാനും വേണ്ടി ഒരു വാക്കു നിങ്ങളോടു പറയണമെന്നു ഞങ്ങളാഗ്രഹിക്കുന്നു. നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ ദൈവവുമായുള്ള നിങ്ങളുടെ ഐക്യം പൂർവ്വാധികം ശക്തിപ്പെടുത്തേണ്ടതു സൂക്ഷ്മമായും നിങ്ങളുടെ കർത്തവ്യമാണ്. ദൈവത്തിലാണല്ലോ നിങ്ങളുടെ ശക്തിയും നിങ്ങളുടെ പ്രത്യാശയും കിടക്കുന്നതു്. നിങ്ങളുടെ വിശ്വാസവും ശരണവും, ദൈവത്തിന്റെ നേർക്കും നിങ്ങൾ നേടുവാനാഗ്രഹിക്കുന്ന ആത്മാക്കളുടെ നേർക്കും നിങ്ങൾക്കുള്ള സ്നേഹവും ആയിരിക്കും കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ നിങ്ങളുടെ സ്ഥായിയായ വിജയത്തിന്റെ മാനദണ്ഡം. ആന്തരികവും സ്വഭാവാതീതവുമായ ജീവിതത്തിന്റെ നഷ്ടം യാതൊന്നുകൊണ്ടും പരിഹരിക്കുവാൻ സാധ്യമല്ല. സംഘടനയും, വാഗ്മിത്വവും, പാണ്ഡിത്യവും ആത്മാക്കളെ നേടുവാൻ ശക്തിയുള്ള ആയുധങ്ങളായിരിക്കാം; എന്നാൽ പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും പശ്ചാത്തലത്തിൽ മാത്രമേ അവ ഫലിക്കുകയുള്ളൂ.

വിശുദ്ധ പൗലോസ് നട്ടു, അപ്പൊള്ളോ നനച്ചു, എന്നാൽ ദൈവമാണ് ഫലം വർദ്ധിപ്പിച്ചതു്. ആകയാൽ നിങ്ങളുടെ അനുദിനജീവിതത്തിനിടയിൽ പ്രാർത്ഥനയുടേയും ധ്യാനത്തിന്റേയും ചൈതന്യത്തിനു നിങ്ങളുടെ ഉള്ളിൽ ആഴംകൂട്ടണമെന്നു ഞങ്ങൾ ഉൽബോധിപ്പിക്കുന്നു. അതിരുകവിഞ്ഞുള്ള ബാഹ്യപ്രവർത്തനങ്ങൾ ആധുനികസമുദായത്തിലെ ഒരു തിന്മയാണ്. അതു ഒരു വൈദികന്റെ ജീവിതത്തിനു എളുപ്പത്തിൽ അപകടമായി ഭവിച്ചേക്കാം. നമ്മുടെ മിഷൻവേലകളിൽ ബാഹ്യപ്രവർത്തനങ്ങൾക്കുള്ള സ്ഥാനം ഏററവും പ്രശംസനീയംതന്നെ. എന്നാൽ ആദ്ധ്യാത്മികചൈതന്യത്താൽ അവയെ ആസ്വാദ്യകരങ്ങളും സജീവങ്ങളുമാക്കേണ്ടതു് അവശ്യാവശ്യകമാണ്. പ്രാർത്ഥനകൂടാതുള്ള പ്രവർത്തനങ്ങൾ ആദ്ധ്യാത്മികശക്തിയുടെ ഉറവയെ വററിച്ചുകളയുന്നു. വിശ്വാസത്തെ ദുർബലപ്പെടുത്തുന്നു, സ്വഭാവാതീതമായ ജീവിതവീക്ഷണത്തെ നിഷ്പ്രഭമാക്കുകയും ചെയ്യുന്നു. ആകയാൽ, പ്രിയപ്പെട്ട വൈദികരേ, നിങ്ങൾ നിങ്ങളുടെ ജനങ്ങൾക്കു മാതൃകയായിരിക്കുവിൻ, "ഞാൻ ക്രിസ്തുവിനെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുകരിക്കുവിൻ" എന്നു വിശുദ്ധ പൗലോസിനോടുകൂടി പറയുവാൻ നിങ്ങൾ കഴിവുള്ളവരാകുകയും ചെയ്യുവിൻ. പരലോകാത്മകത്വത്തിന്റേയും ഭൗതികവസ്തുക്കളോടുള്ള വിരക്തിയുടേയും ഒരു മാതൃക നിങ്ങളുടെ ചുമതലയിലുള്ള ക്രിസ്ത്യാനികൾ നിങ്ങളിൽ കാണട്ടെ. ഒരു വാക്കിൽ പറഞ്ഞാൽ, നിങ്ങൾ "മറെറാരു ക്രിസ്തു"ആയിരിക്കുവിൻ.

ഇതെല്ലാം നിങ്ങളുടെ സെമ്മിനരി ജീവിതകാലത്തു് നിങ്ങൾ നല്ലവണ്ണം അറിയുകയും വിലമതിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നുവരികിലും നിങ്ങളുടെ ഇന്നത്തെ അനുദിനജീവിതത്തിന്റെ കണ്ണാടിയിൽക്കൂടി അവയെ പുനഃപരിശോധന ചെയ്യുന്നതു നന്നായിരിക്കും.

### സന്യാസികളോട്

സന്യാസസഭകളിൽപ്പെട്ട സഹോദരന്മാരും സഹോദരിമാരും നമ്മുടെ മിഷനുകളിലെ നാനാതരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണല്ലോ. അവർ ഞങ്ങളുടെ ഏററവും വലിയ പ്രശംസയെ അർഹിക്കുന്നവരാണ്. ഇൻഡ്യയിലെ തിരുസ്സഭയ്ക്കു അവരോടു വലിയ കടപ്പാടുണ്ടു്. അതിനു തക്ക സമ്മാനം ക്രിസ്തുവിനുമാത്രമേ പരലോകജീവിതത്തിൽ അവർക്കു നൽകുവാൻ കഴിവുള്ളൂ. സ്കൂളുകൾ, ആസ്പത്രികൾ, അനാഥശാലകൾ, കുഷ്ഠരോഗ സങ്കേതങ്ങൾ, വൃദ്ധമന്ദിരങ്ങൾ എന്നിവ ഈ രാജ്യത്തിൽ അവർ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന മഹനീയസേവനങ്ങൾക്കു സാക്ഷ്യം വഹിക്കുന്നവയാണ്. അവരിൽ അനേകംപേരും സിവിൽ സമുദായത്തിലെ കലാപരവും സാഹിത്യപരവുമായ ജീവിതരംഗങ്ങളിൽ പ്രശോഭിക്കുവാൻ കഴിവില്ലാത്തവരല്ല. പൊതുജനവെളിച്ചത്തിൽ നിന്നു് ഒഴിഞ്ഞുമാറി തങ്ങളുടെ ജീവിതത്തെ "ക്രിസ്തുവിനോടുകൂടി ദൈവത്തിൽ" മറച്ചുവയ്ക്കുവാനാണ് അവർ കൂടുതൽ ഇഷ്ടപ്പെട്ടതു്. തങ്ങളുടെ പ്രവർത്തനങ്ങളും, തങ്ങളുടെ പ്രാർത്ഥനകളും, തങ്ങളുടെ പരിത്യാഗങ്ങളും തുടർന്നുകൊണ്ടിരിക്കുവാൻ അവരെ ഉൽബോധിപ്പിക്കുകമാത്രമേ ഞങ്ങൾ ചെയ്യേണ്ടതുള്ളൂ. അതിന്റെ ഫലമായി അവർക്കും തിരുസ്സഭയ്ക്കും നമ്മുടെ രാജ്യത്തിനും മനുഷ്യഗണനാതീതമായ ദൈവാനുഗ്രഹങ്ങൾ തീർച്ചയായും ലഭിക്കുന്നതാണ്.

### അൽമേനികളോട്

ഇൻഡ്യയിൽ ക്രിസ്തുവിന്റെ ആദ്ധ്യാത്മികരാജ്യം പരത്തുന്നതിലും സുസംഘടിതമാക്കുന്നതിലും അൽമേനികൾ പങ്കു വഹിച്ചിട്ടുണ്ടെന്നു അഗാധമായ കൃതജ്ഞതയോടുകൂടി ഞങ്ങൾ സമ്മതിക്കുന്നു. വിനീതമനസ്കതയോടും എന്നാൽ കാര്യക്ഷമതയോടുംകൂടി സകല പ്രവർത്തനരംഗങ്ങളിലും സേവനം ചെയ്യുന്ന ഈ ധർമ്മസൈന്യത്തിന്റെ അമൂല്യവും സ്വാർത്ഥരഹിതവുമായ സഹായം ഉണ്ടായിരുന്നില്ലെങ്കിൽ തിരുസ്സഭയ്ക്കു ഇന്നു ലഭിച്ചിട്ടുള്ള ഉന്നതമായ നിലയെ പ്രാപിക്കുവാൻ കഴിയുമായിരുന്നില്ല. വേദോപദേഷ്ടാക്കൾ, അദ്ധ്യാപകർ, നേഴ്സുകൾ, ഡാക്ടർമാർ, കാത്തലിക്ക് ആക്ഷൻകാർ, സൊഡാലിററിക്കാർ, ലിജനറികൾ തുടങ്ങിയുള്ള അസംഖ്യം സേവകന്മാരുടെ സ്വാർത്ഥരഹിതമായ പ്രയത്നങ്ങളെ ഞങ്ങൾ പരിപൂർണ്ണമായും അഭിനന്ദിക്കുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു ലക്ഷ്യമായിരിക്കുന്ന അതേ മഹത്തായ കാര്യത്തെ തങ്ങളുടെ നിർലോഭമായ പരിത്യാഗങ്ങളാൽ അവർ പുരോഗമിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്.

പൈതൃകമായ മാർഗ്ഗദർശനവും ഉപദേശവും ഉൾക്കൊള്ളുന്ന ഒരു വാക്കു് നിങ്ങളോടു പറയുന്നതു സമുചിതമായിരിക്കുമെന്നു് ഞങ്ങൾ വിചാരിക്കുന്നു. വിദേശഭരണത്തിൽനിന്നുള്ള നമ്മുടെ രാജ്യത്തിന്റെ വിമുക്തി നിങ്ങൾക്കെന്നപോലെ ഞങ്ങൾക്കും സന്തോഷജനകമാണ്. എന്നാൽ നേരിടേണ്ടതും പരിഹരിക്കപ്പെടേണ്ടതുമായ പ്രശ്നങ്ങളെ ഈ പുതിയ പരിതസ്ഥിതി സൃഷ്ടിച്ചേക്കാം. ഭാഗ്യവശാൽ ഇപ്പോൾ നടപ്പിലാക്കപ്പെട്ട പുതിയ ഭരണവ്യവസ്ഥയിൻകീഴിൽ ഞങ്ങൾക്കും നിങ്ങൾക്കും പരിപൂർണ്ണമായ സ്വാതന്ത്ര്യത്തിന്റെ ഉറപ്പുകൾ നൽകപ്പെട്ടിട്ടുണ്ടു്. നിങ്ങളുടെ മതം അനുഷ്ഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനും, നിങ്ങളുടെ മനസ്സാക്ഷിയനുസരിച്ചു ദൈവാരാധന നടത്തുന്നതിനും, നിങ്ങളുടെ മതവിശ്വാസത്തിൽ നിങ്ങളുടെ മക്കൾക്കു വിദ്യാഭ്യാസം നൽകുന്നതിനും നിങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടു്. ഈ സാഹചര്യങ്ങളിൽ രാഷ്ട്രത്തോടു ഭക്തിയുള്ളവരും രാഷ്ട്രത്തിനു ഉപകാരമുള്ളവരുമായ പൗരന്മാരായിരിക്കേണ്ടതും, അധികാരത്തിലിരിക്കുന്ന ന്യായാനുസൃതമായ ഗവർമ്മെന്റിനു യഥാശക്തി സകല പിന്തുണയും നൽകേണ്ടതും നിങ്ങളുടെ കർത്തവ്യമാകുന്നു. ഈ കർത്തവ്യം നിങ്ങളുടെ വിശ്വാസം നിങ്ങളിൽ ചുമത്തിയിട്ടുള്ളതാണ്. വിശുദ്ധ പൗലോസിന്റെ വാക്കുകൾ അനുസ്മരിച്ചാലും: "സകലരും ഉന്നതങ്ങളിൽ നിന്നുള്ള അധികാരങ്ങൾക്കു വിധേയരായിരിക്കട്ടെ, എന്തുകൊണ്ടെന്നാൽ ദൈവത്തിൽനിന്നല്ലാതെ യാതൊരധികാരവുമില്ല."

(R . 13—1.)

ഇനി നിങ്ങളെ അനുസ്മരിപ്പിക്കുന്നതു് ദൈവവും പ്രകൃതിയും നിങ്ങളിൽ ചുമത്തിയിട്ടുള്ളതും ഒഴിഞ്ഞുമാറുവാൻ നിങ്ങൾക്കു ധൈര്യം വരാത്തതുമായ ആ മഹത്തായ കർത്തവ്യമാണ്. കുടുംബജീവിതത്തേയും മക്കളുടെ വളർത്തലിനേയുമാണ് ഇവിടെ സൂചിപ്പിക്കുന്നതു്. ലോകത്തിൽ സ്ഥിതിചെയ്യുന്ന സമുദായങ്ങളിൽ ഏററവും പഴക്കമുള്ളതു് കുടുംബമാകുന്നു. അതിന്റെ അന്തസ്സിനും അതിന്റെ വിശുദ്ധിക്കും ഇടിവുവരുത്താവുന്ന ഏതിനോടും എല്ലാററിനോടും നിങ്ങൾ എതിർക്കേണ്ടതാണ്. മക്കളുടെ വിദ്യാഭ്യാസം മാതാപിതാക്കന്മാരുടെ അനപേക്ഷണീയമായ അവകാശമാകുന്നു. ഈ അവകാശത്തെ അവർ വളരെ നിഷ്കർഷയോടുകൂടി സംരക്ഷിക്കണം. നിങ്ങളുടെ മക്കൾ നിങ്ങൾക്കു ഇഷ്ടാനുസരണം കൈകാര്യംചെയ്യാവുന്ന വസ്തുക്കളോ കച്ചവടസാമാനങ്ങളോ അല്ല; പ്രത്യുത ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും, അവരുടെ പരമാന്ത്യമെന്ന നിലയിൽ ദൈവത്തിൽ ചെന്നെത്തുവാൻ നിശ്ചയിക്കപ്പെടുകയും ചെയ്തിരിക്കുന്ന പുരുഷാത്മകവ്യക്തികളാണ്. തന്മൂലം നിങ്ങൾ അവരെ ദൈവത്തോടുള്ള സ്നേഹത്തിലും ഭയത്തിലും വളർത്തിക്കൊണ്ടുവരികയും, അവരുടെ പരമാന്ത്യം അനുസ്മരിച്ചു നല്ലക്രിസ്ത്യാനികളും നല്ല പൗരന്മാരും ആയിത്തീരുവാൻ നിങ്ങളുടെ കഴിവുപോലെ അവരെ ഒരുക്കുകയും വേണം. അവരുടെ വിദ്യാഭ്യാസം ബാല്യകാലം മുതൽക്കാണ് ആരംഭിക്കുന്നതു്. അവരുടെ ആദ്യപാഠം മാതാപിതാക്കന്മാരിൽനിന്നുള്ള വാക്കുകളും ദൃഷ്ടാന്തങ്ങളുമാണ്. അമ്മയാണ് ആദ്യത്തെ ഗുരു. കാരണം കുഞ്ഞുങ്ങളുടെ ഹൃദയത്തിന്റേയും സ്നേഹത്തിന്റേയും താക്കോൽ അവളുടെ കൈവശമാണിരിക്കുന്നതു്. മക്കളുടെ മുൻപിൽ ഏററവും ഉൽകൃഷ്ടമായ ജീവിതാദർശങ്ങൾ നിങ്ങൾ ഉയർത്തിപ്പിടിക്കണം. വൈദികജീവിതവും സന്യാസജീവിതവും സ്വീകരിച്ച് തങ്ങളെ ദൈവത്തിനു പ്രതിഷ്ഠിക്കുവാൻ അവർ ആഗ്രഹം പ്രദർശിപ്പിച്ചാൽ ആ വാസനയെ തുടക്കംമുതൽ പോഷിപ്പിക്കേണ്ടതു് നിങ്ങളുടെ മഹത്തായ ക്രിസ്തീയ കർത്തവ്യമാകുന്നു. തനിക്കിഷ്ടമുള്ളിടത്തു നിശ്വസിക്കുന്ന പരിശുദ്ധാത്മാവു് അവരുടെ ചെവിയിൽ മന്ത്രിക്കുന്ന ആദ്യത്തെ സ്വരമാണ് ആ പ്രാരംഭവാസനയെന്നു വിചാരിക്കുവാൻ ന്യായമുണ്ടു് ഇൻഡ്യക്കു വൈദികരുടെ ആവശ്യം വർദ്ധമാനമായിക്കൊണ്ടിരിക്കയാണ്. മക്കളെ സ്കൂളിലയയ്ക്കേണ്ട കാലമാകുമ്പോൾ മാതാപിതാക്കന്മാർ ശ്രദ്ധിക്കേണ്ടകാര്യം, അവർ പഠിക്കുന്ന സ്കൂളിലെ അന്തരീക്ഷം കത്തോലിക്കമായിരിക്കണമെന്നുള്ളതാണ്. ഈ വിഷയത്തെപ്പററി 13-ാം ലെയോ മാർപ്പാപ്പായുടെ വാക്കുകൾ സുവ്യക്തങ്ങളത്രെ. "മക്കൾക്കു മതപരവും സന്മാർഗ്ഗികവും ശാരീരികവും പൗരപരവുമായ വിദ്യാഭ്യാസം തങ്ങളുടെ കഴിവനുസരിച്ചു നൽകുവാൻ .........സർവോപരി, അബദ്ധോപദേശങ്ങളാകുന്ന വിഷം അകത്തു കടന്നേക്കാമെന്നു ഭയപ്പെടേണ്ട യാതൊരു സ്കൂളിലും അവരെ അയക്കാതിരിക്കുവാൻ മാതാപിതാക്കന്മാർക്കു ഗുരുതരമായ കടമയുണ്ടു്." (Sapientiae Christianae, 1st January 1890). ഏററവും അപൂർവ്വങ്ങളായ സാഹചര്യങ്ങളിൽ മാത്രമേ, അതും പ്രസ്തുത കാര്യത്തിൽ വിധിപറയേണ്ടവരായ മെത്രാന്മാരുടെ അനുമതിയോടുകൂടിമാത്രമേ കുട്ടികളെ അകത്തോലിക്കാസ്കൂളിൽ അയക്കുവാൻ പാടുള്ളൂ. ഈ പ്രശ്നത്തിൽ തിരുസ്സഭയുടെ നിയമം ഖണ്ഡിതമാകുന്നു (cf. canon 1374). ഈ വിഷയത്തിൽ മാതാപിതാക്കന്മാർക്കുള്ള ഗൗരവമായ കടമകളെ അവരെ ഉൽബോധിപ്പിക്കുവാനുള്ള ചുമതല മെത്രാന്മാരിലാണ് അർപ്പിക്കപ്പെട്ടിരിക്കുന്നതു്. വിദ്യാലയജീവിതം കഴിഞ്ഞശേഷം നിങ്ങളുടെ മക്കൾ യാതൊരു രഹസ്യസംഘത്തിലും ചേരാതിരിക്കുവാനും, സർവോപരി, പല വലിയ വ്യവസായകേന്ദ്രങ്ങളിലും കാണപ്പെടുന്ന കമ്മ്യൂണിസ്റ്റ്കളരികളോട് അവരുടെ പേർ ഘടിപ്പിക്കാതിരിക്കുവാനും നിങ്ങൾ ശ്രദ്ധാലുക്കളായിരിക്കണം. ദൈവത്തോടും തിരുസ്സഭയോടും ഉള്ള യഥാർത്ഥമായ ശത്രുത്വത്തെ കപടവേഷത്തിൽ മറച്ചുവയ്ക്കാറുള്ളതും, ശരിയാണെന്നു പ്രത്യക്ഷത്തിൽ തോന്നിക്കുന്നതുമായ ന്യായവാദങ്ങളാൽ യുവജനങ്ങൾ വഴിതെററിപ്പോകുവാൻ എളുപ്പമുണ്ടു്. ഇന്നത്തെ കുട്ടികൾ നാളത്തെ ഭരണകർത്താക്കളായിരിക്കുമെന്നും, ഇന്നത്തെ തലമുറയിൽ നാം ഇപ്പോൾ വിതയ്ക്കുന്ന വിദ്യാഭ്യാസവിത്തു് ഇനിയത്തെ തലമുറയിൽ കൊയ്തെടുക്കുന്ന വിളവായിരിക്കുമെന്നും നാമെല്ലാവരും നല്ലവണ്ണം മനസ്സിലാക്കണം. "കാററു വിതയ്ക്കുന്നവൻ ചുഴലിക്കാററു കൊയ്തെടുക്കും" (Osce 8-1).

നിങ്ങളുടെ ജീവിതത്തിന്റെ മററു പല വശങ്ങളെക്കുറിച്ചും ഞങ്ങൾക്കു കൂടുതൽ പറയുവാനുണ്ടെങ്കിലും ഞങ്ങൾ ഇപ്പോൾ പറഞ്ഞതു് ആവശ്യത്തിനു മതിയായിരിക്കുന്നു. ഞങ്ങളുടെ സ്വന്തം രൂപതകളിൽ പ്രത്യേകം പ്രത്യേകമായി നിങ്ങൾക്കു ഉപദേശം നൽകുവാൻ മററവസരങ്ങൾ ഞങ്ങൾക്കുണ്ടായിരിക്കും.

അവസാനമായി, പ്രിയപ്പെട്ട ജനങ്ങളേ, ഞങ്ങൾ നിങ്ങളെ ഉൽബോധിപ്പിക്കുന്നതെന്തെന്നാൽ, നിങ്ങളുടെ വിശുദ്ധമതം അനുഷ്ഠിക്കുന്നതിൽ നിങ്ങൾ ധൈര്യമുള്ളവരായിരിക്കുവിൻ; ആ മതത്തിനു വേണ്ടിയാണല്ലോ ലക്ഷക്കണക്കിനു ആളുകൾ സഹിക്കുകയും, രക്തം ചിന്തുകയും, മരിക്കുകയും ചെയ്തിട്ടുള്ളതു്. നിങ്ങളുടെ വിശ്വാസത്തിൽ നിങ്ങൾ ലജ്ജിക്കരുതു്. "ഞാൻ സുവിശേഷത്തിൽ ലജ്ജിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ വിശ്വസിക്കുന്ന ഓരോരുത്തർക്കും അതു ദൈവത്തിന്റെ ശക്തിയാകുന്നു"(Rom. 1-16). "നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുൻപിൽ പ്രകാശിക്കുകയും അങ്ങനെ അവർ നിങ്ങളുടെ സൽപ്രവൃത്തി കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തുകയും ചെയ്യട്ടെ" Math. 5-16). സാമുദായികവും സാർവലൗകികവുമായ സമാധാനത്തിനുവേണ്ടിയും, ദരിദ്രരുടേയും ദുഃഖിതരുടേയും ദുസ്ഥിതിയുടെ ശമനത്തിനുവേണ്ടിയും, ഭൂമിയിൽ ക്രിസ്തുവിന്റെ രാജ്യത്തിനുവേണ്ടിയും, ദൈവമഹത്വത്തിനും നമ്മുടെ രാജ്യത്തിന്റെ യശസ്സിനുംവേണ്ടിയും പരസ്പരധാരണയോടുകൂടി പ്രവർത്തിക്കണമെന്നു് ഞങ്ങൾ നിങ്ങളോടഭ്യർത്ഥിക്കുന്നു.

നിങ്ങളെ കാത്തുസൂക്ഷിക്കുകയും നിങ്ങളുടെ വിശ്വാസത്തിൽ ബലപ്പെടുത്തുകയും ചെയ്യണമെന്നു് ദൈവത്തിന്റെ പരിശുദ്ധ മാതാവും വിശുദ്ധ മാത്തോമ്മാശ്ലീഹായും വിശുദ്ധ ഫ്രാൻസിസ് സേവ്യറും വഴിയായി ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ പൈതൃകവും മെത്രാന്മാർക്കടുത്തതുമായ ആശീർവ്വാദം ഞങ്ങൾ നിങ്ങൾക്കു നൽകുകയും ചെയ്യുന്നു.

എന്നു്

സമ്പൂർണ്ണസൂനഹദോസിലെ
പിതാക്കന്മാർ

ബാംഗളൂരിൽനിന്നു്,

1950 ജനുവരി 18-ാംനു-